മുഖ്യ വിഷയം

# കേരമേഖലയിൽ സ്ത്രീകളുടെ പങ്ക്

## ഉള്ളടക്കം

ചെയർമാന്റെ ലേഖനം ........................................................ 2

കേരളം രക്ഷപെടാനുള്ള ഏകമാർഗ്ഗം തെങ്ങുകൃഷി .. 4
*കയർ ബോർഡ് ചെയർമാനുമായി അഭിമുഖം*

വനിതകൾക്കാശ്രയം ഈ കേരവൃക്ഷത്തണൽ .............. 9
*രമണി ഗോപാലകൃഷ്ണൻ*

ഷക്കീലയും മുഹമ്മദും 'ഏദൻ' തോട്ടത്തിൽ ............. 12
*മിനി മാത്യു*

വനിത ശാക്തീകരണത്തിന് ഒരു
കാസർകോടൻ മാതൃക ................................................... 15
*എസ്. ലീന, ടി.എസ്. മനോജ്കുമാർ*

ചിപ്സിന്റെ പെരിയ ചിന്നമ്മ ........................................... 18
*കെ.എസ്. സെബാസ്റ്റ്യൻ*

നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങളിലൂടെ വനിത
ശാക്തീകരണം ................................................................... 22
*സി. തമ്പാൻ, എസ്. ജയശേഖർ, കെ.പി. ചന്ദ്രൻ, കെ. മുരളീധരൻ*

കേരകൃഷിക്ക് ഒരു കലണ്ടർ ............................................. 24

വനിത തൊഴിൽ സംരംഭം ഒരു വിജയഗാഥ ................. 26
*ടി.എസ്. വിശ്വൻ*

ഗ്രാമലക്ഷ്മി - ഗ്രാമീണ വനിതയ്ക്കൊരു
കൈത്താങ്ങ് ........................................................................ 28
*ബീന എസ്*

തെങ്ങുകൃഷിയുടെ പുനരുജ്ജീവനത്തിന്
സ്ത്രീകളുടെ പങ്ക് ............................................................ 30
*പി. അനിതകുമാരി*

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം -
വനിത ശാക്തീകരണത്തിന് ഉത്തമമാതൃക .................. 32

കല്പവൃക്ഷത്തിന്റെ കരുത്തിൽ ..................................... 36
*ആർ. ജ്ഞാനദേവൻ*

കേരകർഷകന് ഉയർത്തെഴുന്നേൽക്കാം ........................ 38
*ജോസഫ് ആലപ്പാട്ട്*

ഏപ്രിൽ : കേരകർഷകർ എന്തു ചെയ്യണം? ................. 39

കുരുത്തോലപ്പന്തൽ ........................................................... 41
*ചെമ്മനം ചാക്കോ, പായിപ്ര രാധാകൃഷ്ണൻ*

വാർത്തകൾ ........................................................................ 44

കമ്പോളാവലോകനം ......................................................... 47




## ഇന്ത്യൻ നാളികേര ജേണൽ വരും ലക്കങ്ങളിൽ

| | |
|---|---|
| **ഏപ്രിൽ** | *നൂതന നാളികേര സംരംഭകർ* |
| **മെയ്** | *തെങ്ങിന്റെ ചങ്ങാതിക്കൂട്ടം - ഒരു തിരിഞ്ഞുനോട്ടം* |
| **ജൂൺ** | *നാളികേരോത്പാദക സംഘം - ആശയങ്ങൾ പ്രവൃത്തിപഥത്തിലേക്ക്* |
| **ജൂലൈ** | *കൊക്കോ ടെക്* |
| **ആഗസ്റ്റ്** | *പുതിയ വിപണന തന്ത്രങ്ങൾ* |
| **സെപ്തംബർ** | *കയറ്റുമതിയിൽ പുതിയ ഉയരങ്ങൾ* |

# സ്ത്രീ ശാക്തീകരണവും സുസ്ഥിര കേരവികസനവും നമുക്ക് ലക്ഷ്യമിടാം

പ്രിയപ്പെട്ട കേര കർഷകരെ,

മാർച്ച് ലക്കം മാസികയുടെ മുഖ്യപ്രതിപാദ്യവിഷയം കേരമേഖലയിൽ സ്ത്രീകളുടെ പങ്ക് എന്നതാണ്. മറ്റ് പലവിളകളേയും അപേക്ഷിച്ച് കൃഷിയിലും സംസ്ക്കരണ മേഖലയിലും സ്ത്രീകൾക്ക് വർദ്ധിച്ച പങ്കാളിത്തം നൽകുന്ന കൃഷിയാണ് തെങ്ങുകൃഷി. പരമ്പരാഗതമായ കൃഷി രീതികളിലും വിളവെടുപ്പിലും, ഉൽപന്ന സംസ്ക്കരണ മേഖലയിലുമെല്ലാം, സ്ത്രീകളുടെ പങ്കാളിത്തം വളരെയുണ്ടായിരുന്നു. തൊണ്ട്, ചകിരി, കയർ മേഖലയിലെ ഭൂരിപക്ഷം ജോലികളും ചെയ്തിരുന്നതും സ്ത്രീകളായിരുന്നു. എന്നാൽ ഇന്ന് കൂടുതൽ യന്ത്രവത്ക്കരണം വന്നതോടെ ഇത്തരം തൊഴിലവസരങ്ങൾ കുറഞ്ഞിരിക്കുന്നു. ഈ രംഗത്ത് എങ്ങനെയാണ് കൂടുതൽ സ്ത്രീപങ്കാളിത്തം ഉറപ്പ് വരുത്താനാവുന്നത് എന്നാണ് ഈ ലക്കം മാസികയിൽ ഗൗരവമായി ചിന്തിക്കുന്നത്. പരമ്പരാഗത രീതികൾക്കപ്പുറത്ത്, നൂതനവും നവീനവുമായ കാർഷിക രീതികളും, കാർഷിക പ്രവർത്തനങ്ങളും മുന്നേറുമ്പോൾ സ്ത്രീകൾക്ക് തൊഴിലിനും വരുമാനവർദ്ധനവിനും മൈക്രോസംരംഭങ്ങൾക്കും നാളികേരത്തെ എപ്രകാരം ഉപയോഗപ്പെടുത്താം എന്ന് പരിശോധിക്കാം.

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടിയിൽ കേരളത്തിൽ ആകെ 5250 പേർ പരിശീലനം നേടിയവരിൽ 390 പേർ സ്ത്രീകളാണ്. ജില്ല തിരിച്ച്, കാസർഗോഡ് 200/25; കണ്ണൂർ 507/13; കോഴിക്കോട് 591/49; മലപ്പുറം 528/5; തൃശ്ശൂർ 486/48; എറണാകുളം 569/63; ആലപ്പുഴ 327/26; കോട്ടയം 197/12; ഇടുക്കി 164/23; കൊല്ലം 514/87; തിരുവനന്തപുരം 618/39 എന്നിങ്ങനെയാണ് കണക്ക്. കരിക്ക് വിൽപനയുടെ രംഗത്തും നിരവധി സ്ത്രീകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. നമുക്ക് എങ്ങനെ കുറേക്കൂടുതൽ സംരംഭ-തൊഴിൽ അവസരങ്ങൾ സ്ത്രീകൾക്ക് നൽകാൻ കഴിയും? നാളികേര സംസ്ക്കരണത്തിന്റെ മിക്കവാറും എല്ലാ മേഖലകളിലും സ്ത്രീ പുരുഷ ഭേദമെന്യേ പ്രവർത്തിക്കാൻ കഴിയും. മൈക്രോ സംരംഭങ്ങൾ എന്ന നിലയിൽ മോഡേൺ ഡ്രയറുകൾ ഉപയോഗിച്ചുള്ള കൊപ്രയുണ്ടാക്കലും വെളിച്ചെണ്ണ ഉത്പാദനവും, കോക്കനട്ട് ചിപ്സ്, വെർജിൻ കോക്കനട്ട് ഓയിൽ, കരിക്കിൻ വെള്ളത്തിൽ നിന്നുള്ള നിരവധി വിഭവങ്ങൾ എന്നീമേഖലകളിലും നമുക്ക് സ്ത്രീകൾക്കുള്ള സംരംഭക അവസരങ്ങളൊരുക്കാം. ഇതുകൂടാതെ നാളികേരാധിഷ്ഠിതമായ ചെറുകിട- ഇടത്തരം വ്യവസായങ്ങളിലും വനിത സംരംഭകർക്കായി നമുക്ക് കൂടുതൽ പ്രാധാന്യത്തോടെ അവസരങ്ങൾ കണ്ടെത്താം.

കുടുംബശ്രീ മിഷൻ വഴി 32 കേരശ്രീ വെളിച്ചെണ്ണയുത്പാദന യൂണിറ്റുകളും നിരവധി കേരാധിഷ്ഠിത സംരംഭങ്ങളും 2002-03 കാലഘട്ടത്തിൽ ആരംഭിച്ചിരുന്നു. വടക്കാഞ്ചേരി ബ്ലോക്കിൽ വിജയകരമായി നടത്തിവരുന്ന 'ഗ്രീൻ ആർമി' കാർഷികമേഖലയിലെ നൂതനമായ ഒരു സംരംഭക-തൊഴിൽ സംസ്ക്കാരത്തിന്റെ അനുകരണീയമായ മാതൃകയാണ്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ ഈ വർഷം നമുക്ക് കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതുണ്ട്.

വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക്, പ്രത്യേകിച്ച് വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക്, നാളികേരമേഖലയിൽ അപാരമായ സാധ്യതകളാണുള്ളത്. നാളികേര ബോർഡിന്റെ ആലുവയിലെ വാഴക്കുളത്തുള്ള പരിശീലനകേന്ദ്രത്തിൽ ഇത്തരത്തിലുള്ള വൈവിധ്യമാർന്ന പരിശീലനങ്ങൾ നടത്തിവരുന്നു. അവയെപ്പറ്റിയുള്ള ഒരു ലഘുവിവരണം പ്രത്യേകമായി ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. നമ്മുടെ ത്രിതല പഞ്ചായത്തുകൾ വഴി നടന്ന് വരുന്ന വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിലെ വനിതാഘടകപദ്ധതികളെ കൂടുതൽ ക്രിയാത്മകവും സർഗ്ഗാത്മകവും ആക്കുന്നതിന് കേരരംഗത്തെ അവസരങ്ങളേയും നമുക്ക് പ്രയോജനപ്പെടുത്താനാവുമോ? നമ്മുടെ നാളികേരോത്പാദക സംഘങ്ങളുടെ പ്രവർത്തനമേഖലയിൽ നിന്ന്, ഇപ്രകാരമുള്ള ഉത്പാദക സംരംഭങ്ങൾക്ക് അവസരം കണ്ടെത്തുന്നതിന് കൂടി പരിശ്രമിക്കണമെന്നഭ്യർത്ഥിക്കുന്നു.

2012-13 ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ നാളികേര വികസനത്തിനായി ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന പരിപാടികൾ താഴെപ്പറയുന്നു.

- ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചു.
- പാക്ക് ചെയ്ത ഇളനീരിന്റെ നികുതി 12.5 ശതമാനത്തിൽ നിന്ന് 5 ശതമാനം ആയി കുറച്ചു.
- തെക്കൻ കേരളത്തിലും, മധ്യകേരളത്തിലും വടക്കൻ കേരളത്തിലുമായി മൂന്ന് നാളികേര ബയോപാർക്കുകൾ സ്ഥാപിക്കും. ഇതിനായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- നൂതന നാളികേരോൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡിന്റെ സഹായത്തിന് പുറമേ മൂലധനച്ചെലവിന്റെ 25 ശതമാനം തുക (പരമാവധി 25 ലക്ഷം രൂപ) സബ്സിഡി നൽകും.
- തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ ഉൾപ്പെട്ട് തൊഴിൽ ചെയ്യുന്നവർക്ക് ഇരുചക്ര വാഹനങ്ങൾ വാങ്ങാൻ 25 ശതമാനം സബ്സിഡി (പരാവധി 12500 രൂപ).
- തെങ്ങിൻ തടി സംസ്ക്കരണത്തിനുള്ള കേരഫെഡ്-എഫ്ഐടി സംരംഭത്തിന് 5 കോടി.

പതിനൊന്നാം പഞ്ചവത്സരപദ്ധതി കാലത്തെ സുപ്രധാനമായ പരിപാടികൾ തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ പൈലറ്റ് പദ്ധതി, നാളികേര ടെക്നോളജി മിഷൻ, പാം ഇൻഷൂറൻസ്, പ്രദർശനത്തോട്ടം സ്ഥാപിക്കൽ, തെങ്ങ് കൃഷി വ്യാപനം തുടങ്ങിയവയായിരുന്നു. നാളികേര ഉത്പാദക സംഘങ്ങളും, തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും 11-ാം പഞ്ചവത്സര പദ്ധതിയിലില്ലായിരുന്നെങ്കിലും പദ്ധതിക്കാലത്ത് നാം ഏറ്റെടുത്ത് നടപ്പിലാക്കിയ രണ്ട് പ്രധാന പരിപാടികളായിരുന്നു. 11-ാം പദ്ധതിക്കാലത്തെ എല്ലാ പ്രധാന പദ്ധതികളും അടുത്ത പദ്ധതി കാലയളവിലും തുടരുന്നതാണ്. കൂടാതെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം വിപുലമാക്കൽ, നാളികേര ഉത്പാദകസംഘങ്ങളിൽ നിന്നും പ്രൊഡ്യൂസർ കമ്പനികളിലേക്കുള്ള മുന്നേറ്റം, കർഷക പങ്കാളിത്തത്തോടെയുള്ള സംസ്ക്കരണ - മൂല്യവർദ്ധന - കയറ്റുമതി രംഗത്തെ മുന്നേറ്റം, ഉത്പാദനശേഷി കൂടിയ, മൂന്നാം വർഷം കായ്ഫലം തരുന്ന, രോഗപ്രതിരോധശേഷിയുള്ള സങ്കരയിനം തൈകളുടെ വർദ്ധിച്ച ഉത്പാദനം, കാർഷികരംഗത്ത് കൊളാബറേറ്റീവ് റിസർച്ച്

തുടങ്ങിയവയ്ക്കും 12-ാം പദ്ധതിയിൽ ഊന്നൽ നൽകുന്നു.

എറണാകുളം, ആലപ്പുഴ ജില്ലകളിലെ സിപിഎസുകളുടെ പരിശീലനം ആരംഭിച്ചുകഴിഞ്ഞു. മാർച്ച് 31 ന് മുമ്പായി 5 ബാച്ചുകളുടെ പരിശീലനമാണ് പൂർത്തിയായത്. മറ്റ് ജില്ലകളിലും ഓരോ മാനേജ്മെന്റ് സ്ഥാപനങ്ങളുടെ സഹായം കണ്ടെത്തേണ്ടതുണ്ട്. സിപിഎസുകളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി അവരെ കർമ്മനിരതരാക്കാനും, അടുത്ത അഞ്ച് വർഷക്കാലം കൊണ്ട്, സിപിഎസുകളിൽ നിന്ന് ഫെഡറേഷനുകൾ വഴി 20-25 ഉത്പാദക കമ്പനികൾ എങ്കിലും കേരളത്തിലുണ്ടാക്കുന്നതിനും കഴിയണം. അവയെ അഞ്ച് വർഷക്കാലത്തേക്ക്, കൈപിടിച്ച് നടത്തി, സ്വന്തം കാലിൽ നടക്കാനുള്ള പ്രാപ്തി നൽകി, സ്വാശ്രയത്തിലൂന്നി, സ്വയം പര്യാപ്തതനേടിയ ഒരു സുസ്ഥിര സംവിധാനം രൂപപ്പെടുത്തണം. അതിനായി അടിസ്ഥാനതലം മുതലുള്ള പ്രവർത്തനം പങ്കാളിത്ത - പഠന - പരിശീലനത്തിലൂടെ നേടിയെടുക്കണം. അത്തരം പരിശീലനങ്ങളെ ഗൗരവമായി കാണുകയും, പങ്കെടുത്ത് അറിവും, കഴിവും കാര്യപ്രാപ്തിയും ആത്മവിശ്വാസവും നേടി വളരുകയും ചെയ്യുന്ന സിപിഎസു കളാണ് 12-ാം പദ്ധതിയിൽ നാം വിഭാവനം ചെയ്യുന്ന ആധാരശിലകൾ. അവ എങ്ങനെ ചിട്ടയായി പ്രവർത്തിക്കണ മെന്നതിന്റെ ഒരു രൂപരേഖ ഈ ലക്കം മാസികയിൽ ചേർത്തിരിക്കുന്നു.

നാം ലക്ഷ്യമിട്ടിരുന്ന 1000 സിപിഎസ് എന്ന ലക്ഷ്യം പൂർത്തിയായി കഴിഞ്ഞു. ഇനി അവയുടെ രജിസ്ട്രേഷൻ ബോർഡിലും വേഗം നടത്തി, ലക്ഷ്യം നേടേണ്ടതുണ്ട്. സിപിഎസുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ കൃത്യമായി തുടങ്ങിക്കഴിഞ്ഞ് നമുക്ക് അവയുടെ ഫെഡറേഷനുകൾ രൂപീകരിക്കേണ്ടതുണ്ട്. അടുത്തടുത്തുള്ള 20-25 സിപിഎസുകൾ ചേർന്നാണ് ഫെഡറേഷനുകൾ രൂപീകരിക്കുന്നത്. ഒരു സിപിഎസിൽ ശരാശരി 5000 തെങ്ങ് എന്ന രീതിയിൽ 20 സിപിഎസുകൾ കൂടിച്ചേരുന്ന ഫെഡറേഷനുകളുടെ പ്രവർത്തനപരിധിയിൽ 1 ലക്ഷം തെങ്ങുകളുണ്ടാവണം. ഇപ്രകാരമുള്ള 10 ഫെഡറേഷനുകൾ കൂടിച്ചേർന്ന് ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കാവുന്നതാണ്. അപ്രകാരം രൂപീകരിക്കുന്ന പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനമേഖലയിൽ 10 ലക്ഷം തെങ്ങുകളുണ്ടാവണം. ഇത്തരം ഓരോ കമ്പനികൾ വീതം കേരളത്തിലെ 10 നാളികേരോത്പാദക ജില്ലകളിലും ഉണ്ടാക്കുക എന്ന ലക്ഷ്യമാണ് പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം നാം മുന്നോട്ട് വെയ്ക്കുന്ന മഹത്തായ ലക്ഷ്യം. ഇപ്രകാരം രൂപീകരിക്കുന്ന പ്രൊഡ്യൂസർ കമ്പനികളിൽ കർഷകർ 51 ശതമാനം ഓഹരി വിഹിതം സ്വരൂപിക്കുമ്പോൾ 25 ശതമാനം ഓഹരി വിഹിതം സംസ്ഥാന ഗവൺമെന്റുകളും 24 ശതമാനം ഓഹരി കേന്ദ്രഗവൺമെന്റും നൽകണമെന്നതാണ് നാളികേര ബോർഡ് 12-ാം പദ്ധതിക്കാലത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിച്ചിട്ടുള്ളത്. കേരളത്തിൽ 10 ഉം, തമിഴ്നാട്ടിൽ 10ഉം, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ 5 വീതവും പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുകയെന്ന ലക്ഷ്യമാണ് 2012-13ൽ ബോർഡ് മുന്നോട്ട് വെയ്ക്കുന്നത്. നാളികേര സംസ്കരണ, മൂല്യവർദ്ധന, കയറ്റുമതി മേഖലകളിൽ കർഷകർക്കും കൂടി പങ്കാളിത്തവും അതിന്റെ സദ്ഫലങ്ങളും ഉണ്ടാകണമെങ്കിൽ, ഇത്തരത്തിലുള്ള ഉത്പാദക കമ്പനികൾ വേഗം തന്നെ രൂപീകരിച്ച് കേര കർഷകരെ അവയുടെ ഓഹരിയുടമകളാക്കിയെടുക്കേണ്ടതുണ്ട്. കേരകർഷകർക്ക് വേണ്ടിയുള്ള, കേരകർഷകരുടെ കൂട്ടായ്മയ്ക്ക് ഇത്തരത്തിലുള്ള ഒരു പ്രൊഫഷണൽ കോർപ്പറേറ്റ് സംവിധാനം പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനുള്ള വലിയൊരു ദൗത്യമാണ് നമുക്ക് മുന്നിലുള്ളത്. ഇതിനായി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായവും നാം നേടിയെടുക്കണം.

പന്ത്രണ്ടാം പദ്ധതിക്കാലത്തെ കേരകൃഷിയിൽ നാം സ്വീകരിക്കേണ്ട സമീപനം ചുരുക്കി വിവരിക്കട്ടെ. പദ്ധതിക്കാലത്തെ ഓരോവർഷവും, ഒരു തെങ്ങിൽ നിന്നുള്ള ഉത്പാദനം 10 നാളികേരം വീതം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഓരോ സിപിഎസും ആവിഷ്ക്കരിക്കണം. ഉത്പാദന വർദ്ധനവിനായി ചങ്ങാതിക്കൂട്ടത്തിന്റെ സേവനവും പ്രയോജനപ്പെടുത്തി യഥാസമയം വിളവെടുപ്പ് നടത്തുന്നതിന് ശ്രദ്ധിക്കണം. വളപ്രയോഗവും രോഗ കീട നിയന്ത്രണ ന ടപടികളും കാലവർഷത്തിന് മുമ്പ് ആരംഭിക്കണം. യഥാസമയം വിളവിന്റെ 25 ശതമാനമെങ്കിലും കരിക്കായി എടുക്കുന്നതിലും സിപിഎസുകൾ ശ്രദ്ധിക്കണം. കഴിഞ്ഞ പദ്ധതിക്കാലത്ത് പൈലറ്റ് ജില്ലകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന തെങ്ങ്കൃഷി പുനരുദ്ധാരണ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. സിപിഎസുകളും ഫെഡറേഷനുകളും ഒരുമിച്ച് വിളവെടുപ്പ് നടത്തുന്നതിനും ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും ആരംഭം കുറിക്കണം. സിപിഎസുകൾ വഴി ഭാവിയിൽ കൂടുതൽ ഉത്പാദനക്ഷമതയുള്ള, ഉയരം കുറഞ്ഞ, മൂന്നാംവർഷം ഫലം നൽകിത്തുടങ്ങുന്ന കരിക്കിനും തേങ്ങയ്ക്കും കൊപ്രയ്ക്കും ഉപയുക്തമായ സങ്കരയിനം തൈകൾ ഉത്പാദിപ്പിക്കേണ്ടതുണ്ട്. അതിനായി അംഗങ്ങളുടെ പക്കലുള്ള നല്ലയിനം മാതൃവൃക്ഷങ്ങളുടെ വിവരശേഖരണം നടത്തേണ്ടതുണ്ട്.

സംസ്ഥാന ഗവൺമെന്റുകളോട് അതാതു കൃഷി/ഹോർട്ടികൾച്ചർ വകുപ്പുകൾ വഴി തെങ്ങ് കർഷകർക്കും സംരംഭകർക്കും വേണ്ടി പല പുതിയ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തെങ്ങ്കൃഷി 25000 ഹെക്ടറോ അതിൽ കൂടുതലോ ഉള്ള ജില്ലകളിൽ (കേരളത്തിൽ 11 ജില്ലകളിലും തമിഴ്നാട്ടിൽ 4 ജില്ലകളിലും, കർണ്ണാടകത്തിൽ 4 ജില്ലകളിലും, ആന്ധ്രാപ്രദേശിൽ 1 ജില്ലയിലുമാണ് 25000 ഹെക്ടറിലധികം തെങ്ങ്കൃഷി നിലവിലുള്ളത്) കേരപാർക്കുകൾ ആരംഭിക്കുന്നതിന് പ്രസ്തുത സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുപോലെതന്നെ എല്ലാ നാളികേര ഉൽപന്നങ്ങളേയും വാറ്റ് നികുതിയിൽ നിന്ന് 5 വർഷത്തേക്കെങ്കിലും ഒഴിവാക്കണം. നാളികേര ബോർഡ് നൽകുന്ന 25 ശതമാനം സബ്സിഡിക്ക് പുറമെ, സംസ്ഥാനങ്ങളുടെ വിഹിതമായി 25 ശതമാനം സബ്സിഡി കൂടി നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്ക് നൽകുന്നത് നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി മുന്നോട്ട് വരുന്ന സംരംഭകർക്ക് പ്രോത്സാഹനമായിരിക്കും. നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്ന് നിലവിൽ ഡിഎസ്പി ഫാം ഇല്ലാത്തത് തമിഴ്നാട്ടിൽ മാത്രമാണ്. അവിടേയും സംസ്ഥാന ഗവൺമെന്റ് അനുയോജ്യമായ സ്ഥലം നൽകുകയാണെങ്കിൽ നാളികേര വികസന ബോർഡ് ഒരു ഡിഎസ്പി ഫാം സ്ഥാപിക്കുന്നതാണ്.

നാളികേരത്തിനും നാളികേര കർഷകർക്കും വരുന്ന 5 വർഷക്കാലം ഒരു സുവർണ്ണ കാലഘട്ടമാക്കി മാറ്റിയെടുക്കുവാനുള്ള തീവ്രപരിപാടികൾ 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം.

ആശംസകളോടെ,

ടി. കെ. ജോസ്
ചെയർമാൻ



# "കേരളം രക്ഷപെടാനുള്ള ഏകമാർഗ്ഗം തെങ്ങുകൃഷി"

## കയർ ബോർഡ് ചെയർമാനുമായി അഭിമുഖം

***ഒരു അദ്ധ്യാപകൻ കൂടിയായ അങ്ങ് കയർ ബോർഡിന്റെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടതിൽ ഞങ്ങളുടെ അഭിനന്ദനം അറിയിക്കുകയാണ്.***

നന്ദി..

***നാളികേര വികസന ബോർഡും കയർ ബോർഡും സഹോദരസ്ഥാപനങ്ങളാണല്ലോ. നമ്മൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വളരെക്കൂടുതലാണ്. അതുപോലെതന്നെ കാർഷിക മേഖലയിൽ ഏറ്റവുമധികം തൊഴിലവസരങ്ങൾ നൽകുന്ന മേഖലയാണ് കയർ വ്യവസായം. ആ നിലയിലും വളരെയധികം പ്രാധാന്യം ഉണ്ട് കയർ ബോർഡിന്. ഈ അവസരത്തിൽ പുതുതായി ചാർജ്ജെടുത്ത കയർ ബോർഡ് അദ്ധ്യക്ഷൻ എന്ന നിലയിൽ അങ്ങയുടെ ആശയങ്ങളും ഭാവിയിലേക്ക് കയർബോർഡ് വിഭാവനം ചെയ്യുന്ന പരിപാടികളും എന്തൊക്കെയാണെന്ന് ഒന്ന് വിശദീകരിക്കാമോ?***

വളരെയധികം വെല്ലുവിളികളും പ്രതിസന്ധികളും മേഖല നേരിട്ടുകൊണ്ടിരിക്കുന്ന കാലയളവാണിത്. ഇന്ത്യയൊട്ടാകെ പന്ത്രണ്ട് സംസ്ഥാനങ്ങളിലും, രണ്ട് കേന്ദ്രഭരണപ്രദേശങ്ങളിലും കയറിന് വളരെ പ്രസക്തി വർദ്ധിച്ചു വരുന്നു. കണക്കുകളനുസരിച്ച് ഏകദേശം ഏഴുലക്ഷത്തോളം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിലെടുക്കുന്ന ഒരു മേഖലയാണിത്. കേരളമാണ് കയർ മേഖലയുടെ ഈറ്റില്ലം. ഇതിൽ തന്നെ തൊണ്ണൂറ് ശതമാനം തൊഴിലാളികളും സ്ത്രീകളാണ്. അതും അവശ സമൂഹത്തിൽപെട്ടവർ. അതിനേക്കാളുപരി സാമ്പത്തികമായി ഏറ്റവുമധികം പിന്നോക്കം നിൽക്കുന്നവരുമാണ്. ഏറ്റവും കുറഞ്ഞ കൂലിയാണ് ഇവർക്ക് ലഭിക്കുന്നത്. ഈ മേഖല അഭിമുഖീകരിക്കുന്ന പുതിയ ഒരു പ്രതിസന്ധി തെങ്ങുകയറ്റ തൊഴിലാളികൾ കുറഞ്ഞുവരുന്നതുപോലെ, കയർപിരി തൊഴിലാളികളുടെ ലഭ്യതക്കുറവാണ്. തൊഴിലാളികളുടെ എണ്ണം കുറയുമ്പോൾ, സ്വാഭാവികമായും കയറുത്പാദനം കുറയും. ഇതിനൊരു പരിഹാരമായി പുതിയ കയർപിരിയന്ത്രങ്ങൾ ആവിഷ്ക്കരിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ ആദ്യമായി ഏർപ്പെട്ടിരിക്കുന്നത്. മാത്രമല്ല , കയർ നെയ്യാനുള്ള സംവിധാനങ്ങളും കാര്യക്ഷമമാക്കണം. ഈ രണ്ട് മേഖലകളിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

കേരളത്തിൽ ഇപ്പോൾ തൊണ്ടിനും ചകിരിയ്ക്കും ക്ഷാമം നേരിടുന്നുണ്ട്. ഇതിന്റെ രണ്ടിന്റേയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സംഭരണശേഷിയുടെ വർദ്ധനവിനും നാളികേര ബോർഡിന് ഒട്ടനവധി സഹായങ്ങൾ ചെയ്യാൻ സാധിക്കും. ഇനിമുതൽ നാളികേര ബോർഡും കയർ ബോർഡും കൈകോർത്തുകൊണ്ട് മുന്നോട്ട് പോകുന്നതിനുള്ള ഒരു തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നത്. നാളികേരം ഇടുന്ന സ്ഥലത്ത് തന്നെ തൊണ്ട് സംഭരിക്കാനുള്ള നടപടികൾ, അത് നാളികേരോത്പാദക സംഘങ്ങളിലായാലും, ക്ലസ്റ്റർ യൂണിറ്റുകളിലായാലും, കൃഷിഭവനുകളിലായാലും റസിഡൻഷ്യൽ അസോസിയേഷനുകളിലായാലും, ഉണ്ടായാൽ ഞങ്ങൾ തൊണ്ട് തല്ല് യന്ത്രങ്ങൾ ഓരോ സ്ഥലങ്ങളിലും കൊണ്ടുചെന്ന് അവിടെ വെച്ച് തൊണ്ടുതല്ലി ആ ചകിരിയെടുക്കുവാനും അതിന്റെ വില നൽകുവാനുമുള്ള സംരംഭം ഈ ഏപ്രിൽമുതൽ ആരംഭിക്കുകയാണ്. അത് ചെറിയൊരു കാര്യമല്ല. അടുത്തതായി ചകിരിനാര് ഏറ്റവും കൂടുതൽ പ്രകൃതിക്കിണങ്ങിയതും പ്രകൃതിദത്തവുമായതിനാൽ ഇതിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഞങ്ങളുടെ

മന്ത്രവും മുദ്രാവാക്യവും തന്നെ ഏറ്റവും കൂടുതൽ പുതിയ ഉൽപന്നങ്ങൾ, പുതിയ മാർക്കറ്റ് എന്നതാണ്. ഇവ സംഘടിപ്പിക്കാനും കണ്ടെത്താനുമുള്ള നടപടികൾ ഞങ്ങൾ അവലംബിക്കാൻ പോകുകയാണ്. വേറൊന്ന് ചകിരിയുടെ മൂല്യവർദ്ധനവാണ്. പ്ലൈവുഡ് പോലെ തേക്കിനെപ്പോലും വെല്ലുന്നതരത്തിൽ ഉറപ്പും ശക്തിയുമുള്ള കമ്പോസിറ്റ് ബോർഡുകൾ ഉത്പാദിപ്പിച്ച് തുടങ്ങിയിട്ടുണ്ട്, മറ്റൊന്ന് തെങ്ങിൽ നിന്നുള്ള പാഴ്‌വസ്തു എന്നുപറയുന്ന ചകിരിച്ചോറാണ്. ആ ചകിരിച്ചോറ് വിവിധകാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത് സംസ്ക്കരിച്ച് ചെരുപ്പ് വരെ ഉണ്ടാക്കാൻ സാധിക്കും. മറ്റൊന്ന് ചകിരിച്ചോറിൽ നിന്നും ജൈവവളം നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചകിരിച്ചോറിൽ നിന്ന് ജൈവവളം നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് നാല്പത് ശതമാനം വരെ സബ്സിഡി കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അത് വൈകാതെ നടപ്പിലാക്കുവാൻ പോകുകയാണ്. കൂൺ വളർത്തുന്നതിന് ഏറ്റവും അനുയോജ്യമായ മാധ്യമമാണ് ചകരിച്ചോർ. ഇന്ന് ലോകത്തേറ്റവും വിലയുള്ളതും സ്വാദിഷ്ടവും സസ്യഭുക്കുകൾക്ക് ഏറ്റവും അധികം മാംസ്യം നൽകുന്നതുമായ ഭക്ഷ്യവിഭവങ്ങളാണ് കൂണും പനീറും. പനീറിനേക്കാൾ കൂണിന് വിപണനസാധ്യതയുണ്ട്. അപ്രകാരം ഒരു തൊഴിലാളിക്ക് ചകിരിച്ചോറുകൊണ്ട് വളമുണ്ടാക്കാം, കൂൺ കൃഷിയും ചെയ്യാം. അങ്ങനെ വരുമാനമുണ്ടാക്കി മുന്നോട്ടുപോകുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കേരകർഷകർക്കും ചകിരിച്ചോർ ഉപയോഗിച്ച് വളമുണ്ടാക്കി, വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. കേരകർഷകരെ തൊണ്ട് സംഭരിച്ച് ചകിരിയാക്കാൻ പ്രേരിപ്പിച്ചാൽ ഞങ്ങൾക്കും സഹായകരമായി മാറും. അപ്പോൾ പരസ്പര സഹായസംഘമായി പ്രവർത്തിക്കാൻ നമുക്ക് സാധിക്കുമെന്നതാണ് ഇതിന്റെ മറ്റൊരു പ്രത്യേകത.

പിന്നൊന്ന് നാളികേര ബോർഡുമായി സഹകരിച്ച് പ്രദർശനശാലകൾ ഉണ്ടാക്കാനും, നടത്താനും, എക്സിബിഷനുകളിൽ പങ്കെടുക്കാനും കയർ ബോർഡ് സെമിനാറുകൾ പരസ്പരം സംവദിക്കാനുള്ള വേദിയാക്കാനും ഉദ്ദേശിക്കുന്നു. ഏപ്രിലിൽ ഗോഹട്ടിയിൽ ഒരു വൻ നോർത്ത് ഈസ്റ്റ് കയർ എക്സ്പോ സംഘടിപ്പിക്കുന്നുണ്ട്. ആ എക്സ്പോയിൽ നാളികേരബോർഡും പങ്കെടുക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഇത് നിസ്സാരമായൊരുകാര്യമല്ല. കയറിന്റെ ആഭ്യന്തരവിപണിയിൽ അത്ഭുതകരമായ വളർച്ചയെ ഉന്നംവെച്ച് കൊണ്ട് നടത്തുവാൻ പോകുന്ന ഈ എക്സ്പോയിൽ കേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചരണം നൽകാനും ഞങ്ങൾക്കാവും.

***ഈ മാസത്തെ നാളികേര ജേണലിന്റെ വിഷയം കേരമേഖലയിലെ സ്ത്രീ പ്രാതിനിധ്യം എന്നതാണ്. ഏറ്റവുമധികം സ്ത്രീസൗഹൃദ വിളയാണല്ലോ തെങ്ങ്. കയർമേഖലയിൽ തൊഴിലെടുക്കുന്നവരിൽ തൊണ്ണൂറ് ശതമാനത്തിലധികവും സ്ത്രീ തൊഴിലാളികളാണ്. അവരുടെ സാമ്പത്തിക ഉന്നമനത്തിനും സുസ്ഥിരതക്കും സാമൂഹിക ക്ഷേമത്തിനും കയർ ബോർഡിന് ചെയ്യാനാകുന്ന കാര്യങ്ങളെന്തൊക്കെയാണ്?***

ഒരു പ്രധാന വസ്തുത സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങളിൽ ഒരു പരിധിവരെ സാമ്പത്തിക - ഭക്ഷ്യ ഭദ്രത ഉണ്ടായിരിക്കുമെന്നതാണ്. ഈ വസ്തുത പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ തന്നെ പറഞ്ഞിട്ടുമുണ്ട്. അപ്പോൾ ഈ സ്ത്രീകൾ സാധാരണ ഒരു ഫാക്ടറിയിൽപോയി ജോലി ചെയ്യുന്നതുപോലെയോ, കടയിൽ പോയി ജോലി ചെയ്യുന്നതുപോലെയോ അല്ല കയർ മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. കയർ തൊഴിലാളികൾ കയർ പിരിക്കുന്നതൊടൊപ്പം കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നു, അടുക്കളയിൽ പാചകം ചെയ്യുന്നു, വീട്ടുകാര്യങ്ങൾ നോക്കുന്നു ഇതിനെല്ലാം ഇടവേളകളിൽ അവർ സമയം കണ്ടെത്തുന്നു പിന്നെ തൊഴിലും ചെയ്യുന്നു. ഈ തൊഴിലിൽ നിന്നും ലഭിക്കുന്ന വേതനം വളരെ തുച്ഛമാണെങ്കിലും കുടുംബത്തിന്റെ ഭദ്രതയ്ക്ക് ആവശ്യമായ കാര്യങ്ങൾക്ക് അത് പ്രയോജനം ചെയ്യുന്നു. മറ്റൊന്ന് കയർ പിരിച്ചുകഴിഞ്ഞാൽ ഈ കയർ കടയിൽകൊടുത്ത് അരിയും മറ്റ് പലവ്യഞ്ജനങ്ങളും വാങ്ങുവാൻ കഴിയുന്ന ഒരു ബാർട്ടർ സിസ്റ്റം പ്രാദേശികമായി ഗ്രാമങ്ങളിൽ നിലനിൽക്കുന്നുണ്ട്. അതിനാൽ, സ്ത്രീകൾക്ക്, അതായത് കടലോര കായലോര മേഖലയിലെ സ്ത്രീകൾക്ക് ഗൃഹഭരണത്തോടൊപ്പം തൊഴിലും ഒന്നിച്ച് കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്.

***കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലേക്കും ഈ വ്യവസായം വ്യാപിപ്പിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞല്ലോ. കേരളത്തിൽ ഈ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണ്? മറ്റ് ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ഈ വ്യവസായമിപ്പോൾ കരുപ്പിടിച്ചുനിൽക്കുന്നത്?***

ആലപ്പുഴ ജില്ലയാണ് കയറിന്റെ ഈറ്റില്ലം. അവിടെ വർഷങ്ങൾക്ക് മുമ്പ് വെള്ളക്കാർ വന്ന് തുടങ്ങിയ ഫാക്ടറികളെ കേന്ദ്രീകരിച്ചായിരുന്നു തൊഴിൽ മേഖല നടന്നിരുന്നത്, പക്ഷേ; ആ ഫാക്ടറികളിൽ പണിയെടുത്തിരുന്നത് പുരുഷന്മാരായിരുന്നുവെങ്കിലും ഫാക്ടറികളിലേക്ക് ആവശ്യമായ കയർ വന്നിരുന്നത് ഗ്രാമാന്തരങ്ങളിലേ സ്ത്രീ തൊഴിലാളികൾ പിരിച്ചെടുക്കുന്നതായിരുന്നു. ആ സ്ത്രീ തൊഴിലാളികൾ ചകിരി പിരിച്ച് കയറാക്കി കൊണ്ടുവരികയായിരുന്നു. ഈ കയറിന്റെ ഗുണമേന്മ പ്രസിദ്ധമായിരുന്നു. അഞ്ചുതെങ്ങ് കയർ, വൈക്കം കയർ, അഷ്ടമുടിക്കയർ എന്നിങ്ങനെ പല പേരുകളിലുള്ള കയർ ഉണ്ടായിരുന്നു. ആലപ്പുഴ ജില്ല, ചിറയൻകീഴ്, കൊല്ലം, വൈക്കം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് കേരളത്തിൽ കയറുത്പാദനം കേന്ദ്രീകരിച്ചിരുന്നതും സ്ത്രീ തൊഴിലാളികളും പുരുഷ തൊഴിലാളികളും ഏർപ്പെട്ടിരുന്നതും. ഈ രംഗത്തേക്ക് തമിഴ്നാട് കടന്നുവന്നത് വളരെ പെട്ടെന്നായിരുന്നു. അവിടെ തെങ്ങ് കൃഷിയ്ക്കും അനുബന്ധകാര്യങ്ങൾക്കും വളരെ പ്രോത്സാഹനം ലഭിച്ചു എന്നതു മാത്രമല്ല ഇതിനു കാരണം. തമിഴ്നാട്ടിലേതുപോലെ വളരെ കേന്ദ്രീകൃതമായ ഒരു വ്യവസായരീതി കേരളത്തിൽ ഇല്ല. അവിടെ തേങ്ങയുടേയും

തൊണ്ട്, ചിരട്ട തുടങ്ങിയ മറ്റ് ഉൽപന്നങ്ങളുടേയും സമഗ്രവും സംയോജിതവുമായ സംസ്ക്കരണമാണ് നടക്കുന്നത്; അതും യന്ത്രവത്കൃത രീതിയിൽ. ഇവിടെ ഒരു റാട്ട് യന്ത്രവത്ക്കരിച്ചപ്പോൾ അത് തല്ലിതകർക്കാനും സമരം ചെയ്യാനും ശ്രമിക്കുകയുണ്ടായി. പാവപ്പെട്ട തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു വെന്നുള്ളതു കൊണ്ടാണ് അങ്ങനെ ഉണ്ടായത് പക്ഷേ; അവിടെ അങ്ങിനെ സംഭവിക്കുന്നില്ല. ഇപ്പോൾ കർണ്ണാടകവും ഈ രംഗത്ത് മുന്നേറിക്കൊണ്ടിരിക്കുകയാണ്. 12 സംസ്ഥാനങ്ങളിലും തെങ്ങും തെങ്ങിൽ നിന്ന് തൊണ്ടും തൊണ്ടിൽ നിന്ന് ചകിരിയും ഉത്പാദിപ്പിക്കുകയാണ്. ഒഡീഷയിലും മറ്റും നല്ലരീതിയിൽ നടക്കുന്നുണ്ട്. എന്നാൽ രണ്ട് കേന്ദ്രഭരണപ്രദേശങ്ങളിൽ, ലക്ഷദ്വീപ്, ആൻഡമൻ എന്നിവിടങ്ങളിൽ കയർ വ്യവസായം ഫലവത്തായി നടക്കുന്നില്ല. ഇതിനാവശ്യമായ അവബോധം നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

***യന്ത്രവത്ക്കരണം വന്നതുകൊണ്ട് എത്ര ശതമാനം തൊഴിൽ കുറഞ്ഞുഎന്ന് നമുക്ക് പറയുവാൻ സാധിക്കും?***

അമ്പത് ശതമാനത്തിൽ കൂടുതൽ തൊഴിൽ കുറഞ്ഞു. യന്ത്രവത്ക്കരണം കൊണ്ട് മാത്രമല്ല, പലകാരണങ്ങൾകൊണ്ടും കുറവുണ്ടായി. ചകിരിയില്ലായ്മകൊണ്ടും തൊഴിൽ കുറഞ്ഞിട്ടുണ്ട്.

***യന്ത്രവത്ക്കരണത്തോടൊപ്പം ഈ മേഖലയിൽ ഉൽപന്ന വൈവിധ്യവത്ക്കരണം മൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അത് ഒരു പരിധിവരെ തൊഴിൽ നഷ്ടം പരിഹരിക്കുകയും ചെയ്തില്ലേ?***

ഉൽപന്നങ്ങളിൽ കയറിന്റെ തോത് കുറവാണ്, കയറിനോടൊപ്പം പിവിസിയും റബ്ബറും ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം എക്സ്പോർട്ട് കൂടുതലാണ് എന്ന് പറയുമ്പോൾ കയറിന്റെ തോത് അവിടെ കുറവാണ്. റബ്ബറും പിവിസിയുമാണ് കൂടുതൽ. പിന്നീട് വിലയും വർദ്ധിച്ചു അങ്ങനെയാണ് ഈ കൂടുതൽ കയറ്റുമതി നടന്നുവെന്ന് നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കയറ്റുമതി ആയിരം കോടി കവിഞ്ഞിട്ടുണ്ട്.

***ഇപ്പോൾ ലഭ്യമായ തൊണ്ടിന്റെ ഇരുപത്തിയഞ്ച് ശതമാനം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളു എന്ന് പറയുന്നുണ്ട്. അതൊടൊപ്പം തന്നെ തൊണ്ടിന്റെ ലഭ്യത കുറവാണ് എന്നും പറയുന്നു. ഇതിലൊരു വൈരുദ്ധ്യമില്ലേ ? അങ്ങയുടെ അഭിപ്രായമെന്താണ്?***

തൊണ്ട് യഥാവിധം സംഭരിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. പണ്ട് തേങ്ങ സംഭരിച്ചുകൊണ്ട് വന്ന് അത് മൊത്തമായി വെട്ടുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. ഇന്ന് അത്തരത്തിലുള്ള തേങ്ങാവെട്ട് സമ്പ്രദായം ക്ഷയിച്ചു വരികയാണ്. മാത്രമല്ല ആലപ്പുഴ, തിരുവനന്തപുരം മേഖലകളിൽ മുമ്പ് തൊണ്ട് ചീയിക്കുമായിരുന്നു. കടൽമേഖലയിലും കായൽ മേഖലയിലും ഇത്തരത്തിൽ ചീയിക്കുന്ന തൊണ്ട്, അത് ഉണങ്ങിയതാണെങ്കിലും തല്ലാൻ കുറച്ച് എളുപ്പമുണ്ടായിരുന്നു. ഇവിടെ പച്ചതൊണ്ട് ഉണങ്ങിപ്പോയിക്കഴിഞ്ഞാൽ അത് തല്ലാൻ പറ്റില്ല. പച്ചതൊണ്ട് വന്നാലേ അത് തല്ലാൻ പറ്റുകയുള്ളൂ. അപ്പോൾ അതിന്റെ ലഭ്യതകുറയുകയും അത് ഉണങ്ങി തല്ലാൻ പറ്റാതെ വരികയും ചെയ്യുന്നതുകൊണ്ടാണ് കുഴപ്പമുണ്ടായത്. അതിന് പരിഹാരമായി ഇപ്പോൾ കയർ ബോർഡ് തൊണ്ട് ശേഖരിച്ചിട്ടുള്ള സ്ഥലത്ത് പോയി തല്ലിക്കൊടുക്കാൻ സാധിക്കുന്ന മൊബൈൽ ഡി ഫൈബറിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പൈലറ്റ് പ്രോജക്ട് ഇപ്പോൾ ആലപ്പുഴയിൽ ആരംഭിച്ചിട്ടുണ്ട്.

***കയറ്റുമതി ആയിരംകോടി കവിഞ്ഞു എന്ന് പറയുമ്പോൾ, ഏതൊക്കെയാണ് പ്രധാന ഇറക്കുമതി രാജ്യങ്ങൾ?***

അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടെ യൊക്കെയാണ് കയറ്റുമതി ചെയ്യുന്നത്. മറ്റൊരു പ്രതിസന്ധി ചൈന ഇപ്പോൾ ചകിരിനാർ ഇറക്കുമതി ചെയ്ത് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വൻതോതിൽ വിദേശ വിപണികളിലെത്തിക്കുന്നു എന്നതാണ്. ഇത് നമുക്ക് വലിയ വെല്ലുവിളിയാണ്. ഉത്പാദനച്ചെലവ് കുറവായതിനാൽ നമ്മളേക്കാൾ വിലകുറച്ച് ഉൽപന്നങ്ങൾ ലഭ്യമാക്കുവാൻ അവർക്ക് സാധിക്കുന്നു.

***ശ്രീലങ്കയിൽ നിന്നും ഭീഷണിയുണ്ടോ?***

ഇന്തോനേഷ്യ, ശ്രീലങ്ക, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങൾ ഉത്പാദിപ്പിക്കുന്ന തേങ്ങയുടെ തൊണ്ട് ഉപയോഗിച്ച് ചകിരി നിർമ്മിക്കുന്നുണ്ട്. മുമ്പ് തമിഴ്നാട്ടിൽ നിന്നും വ്യാപകമായി ചൈനയിലേക്ക് ചകിരി കയറ്റി അയച്ചിരുന്നുവെങ്കിലും ഇപ്പോൾ അത് കുറഞ്ഞിട്ടുണ്ട്. ഞാൻ കരുതുന്നത് ഇത് ശ്രീലങ്കയിൽ നിന്നുള്ള ചകിരി കയറ്റുമതി വർദ്ധിച്ചതിനാലാണ് എന്നാണ്. തൊഴിലാളികളുടെ ജോലി ലഭ്യത ഉറപ്പ് വരുത്താൻ ചകിരി ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പോലും ഞങ്ങൾ ആലോചിക്കുന്നുണ്ട്.

***സഹകരണസംഘങ്ങൾ കയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടല്ലോ? ഇത് എത്രയെണ്ണം വരും, പ്രത്യേകിച്ച് കേരളത്തിൽ?***

ഏകദേശം 5000 എണ്ണം വരും. എന്നാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നവ വളരെക്കുറവാണ്. അത് പലകാരണങ്ങൾ കൊണ്ടാണ്. അവരുടെ ഭരണ നിർവ്വഹണത്തിലുള്ള പരിചയക്കുറവുകൊണ്ടാണത്. വിലയുടെ ഏറ്റക്കുറച്ചിലുകൾ, ഉൽപന്നങ്ങൾ വാങ്ങാനാളില്ലാത്ത അവസ്ഥ, സ്റ്റോക്ക് ചെയ്യാനുള്ള ബുദ്ധിമുട്ട് ഈ വക കാര്യങ്ങൾകൊണ്ട് സഹകരണസംഘങ്ങളുടെ ഉത്പാദനം കുറഞ്ഞു. തന്നെയുമല്ല അവിടെ ബോണസ് പോലുള്ള ആനുകൂല്യങ്ങൾ കൊടുക്കേണ്ടി വരുന്നു. പിന്നെ അവിടെ ഒരു സെക്രട്ടറി മാത്രമാണുള്ളത്, കൊടുക്കുന്ന വേതനം പോലും വളരെക്കുറവാണ്. നന്നായി നിയന്ത്രിച്ച് കൊണ്ടുപോകുവാൻ കഴിയുന്നില്ല. ഈ സൊസൈറ്റികളെ ഉദ്ധരിക്കുന്നതിനായി ഭൂമിയുള്ള സംഘങ്ങൾക്ക് തെങ്ങ് കൃഷി ചെയ്യുന്നതിനും, യന്ത്രവത്കൃത യൂണിറ്റുകൾ സ്ഥാപിച്ച് ഉൽപന്നങ്ങളുടെ മൂല്യവർദ്ധന വരുത്തുന്നതിനും അവർക്ക് സഹായങ്ങൾ ചെയ്യുന്നതിനുള്ള പദ്ധതികൾ ബോർഡ് ആവിഷ്ക്കരിച്ച് വരുകയാണ്. സംസ്ഥാന സർക്കാരും ഒട്ടനവധി സഹായങ്ങൾ ചെയ്യുന്നുണ്ട്. സംസ്ഥാന

സർക്കാരിന്റെ കീഴിലാണ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരെ മോണിറ്റർ ചെയ്യുന്നതിന് ഉദ്യോഗസ്ഥരുണ്ട്. നാളികേര ബോർഡുമായി കയർ ബോർഡ് സഹകരിക്കുന്നതുപോലെ, സംസ്ഥാന സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കാൻ പദ്ധതിയുണ്ട്.

***വനിതകളുടെ തൊഴിൽരംഗത്ത് പലകാര്യങ്ങളിലും അതായത് വേതനത്തിന്റെ കാര്യത്തിൽ, ആരോഗ്യപരമായ ചുറ്റുപാടിൽ ജോലി ചെയ്യുന്നതിനുള്ള അവസരത്തിന്റെ കാര്യത്തിൽ, തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ, എല്ലാം വിവേചനം നിലനിൽക്കുന്നതായി പറയപ്പെടുന്നു. ഇങ്ങനെയെന്തെങ്കിലും കയർ ബോർഡിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?***

ഉണ്ട്. ഒന്നാമതായി വേതനം വളരെ കുറവാണ്. ചകിരി പിരിക്കുന്നവർക്ക് മാത്രമല്ല, തൊണ്ടുതല്ലുന്നവർക്കും. പ്രാകൃതരീതിയിൽ തൊണ്ട് തല്ലുന്ന സമ്പ്രദായം ഇപ്പോഴും ചിലയിടങ്ങളിലുണ്ട്. മാത്രമല്ല അഴുക്ക് തൊണ്ട് തല്ലുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ അവരുടെ ശരീരത്തിലും വസ്ത്രങ്ങളിലും പതിക്കുമെന്നതിനാൽ പുതിയ തലമുറയിലെ ആരും ഈ തൊഴിൽരംഗത്തേക്ക് കടന്നുവരുന്നില്ല. പിന്നെ കയർജന്യരോഗങ്ങൾ വളരെ അധികമുണ്ട്. ഇപ്പോൾ പരമ്പരാഗതമായുള്ള സ്ത്രീ തൊഴിലാളികൾ കുറച്ച് വിദ്യാഭ്യാസം കുറഞ്ഞവരായതിനാൽ അവർക്ക് അവബോധം കുറവായിരിക്കും. ഹൃദ്രോഗമാകട്ടെ, കാൻസറാകട്ടെ, ഗർഭാശയ സംബന്ധമായ രോഗങ്ങളാകട്ടെ ഇത് കണ്ടുപിടിക്കുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡും ഇവരുടെ ക്ഷേമം ഉറപ്പ് വരുത്തുവാൻ ധാരാളം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവരുമായി സഹകരിച്ചുകൊണ്ട് വിവിധ യോഗങ്ങൾ ഇപ്പോൾ ആലപ്പുഴയിൽ സംഘടിപ്പിച്ച് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കയർ ബോർഡ്, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, നാളികേര വികസന ബോർഡ്, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്, സംസ്ഥാന കയർ ഡയറക്ടറേറ്റ്, സംസ്ഥാന കയർ വകുപ്പ് എന്നിവയുമായി ചേർന്ന് കേരളത്തിൽ ഒരു പുതിയ ഉൽപന്ന കുതിച്ചുചാട്ടത്തിന് വേണ്ട കാര്യങ്ങൾ ചെയ്യാമെന്ന് ഉദ്ദേശിക്കുന്നു.

***ബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിപാടിക്ക് പ്രത്യേക യൂണിഫോം തയ്യാറാക്കിയതുപോലെ, കയർമേഖലയിൽ അഴുക്ക് വസ്ത്രങ്ങളണിഞ്ഞ് ജോലിയെടുക്കേണ്ടിവരുന്ന സ്ത്രീ തൊഴിലാളികൾക്കായി അങ്ങ് പുതുതായി നിയമിതനായ ചെയർമാൻ എന്ന നിലയിൽ താരതമ്യേന ചിലവ് കുറഞ്ഞതും എന്നാൽ വൃത്തിയുള്ളതുമായ യൂണിഫോം പോലുള്ള എന്തെങ്കിലും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?***

തീർച്ചയായും ഇപ്പോൾ കയർ പിരി രംഗത്തേക്ക് വനിതകൾ പുതുതായി വരുന്നില്ല. നിലവിലുള്ള സ്ത്രീകളെന്ന് പറഞ്ഞാൽ അറുപത് വയസ്സ് അധികരിച്ചവരുമാണ്. അവർക്ക് ഒരു യൂണിഫോം നൽകിയാൽ, ഡ്രസ്സ് കോഡ് അവർക്കിഷ്ടമായി എന്ന് വരില്ല. അപ്പോൾ ഇനി പുതിയ ആൾക്കാർക്കാണ് വേണ്ടത്. ഇവിടെ തെങ്ങ് കയറ്റത്തിന് സ്ത്രീകൾക്ക് പരിശീലനം കൊടുക്കുന്നത്പോലെ നെയ്ത്ത് മേഖലയിൽ സ്ത്രീകൾക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. നെയ്ത്ത് മേഖലയിലെ അദ്ധ്വാനഭാരം ഏറെയായിരുന്നു, ഇത് ലഘൂകരിക്കുന്നതിന് 20,000 യൂണിറ്റുകൾ യന്ത്രവത്ക്കരിച്ചു കൊണ്ട് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അപ്പോൾ ഇവിടെ പുരുഷ തൊഴിലാളികളെ വേണ്ടത്ര കിട്ടാത്ത അവസ്ഥയിൽ സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുന്നതാണ്.

***മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഈ മേഖലയെ ബാധിച്ചിട്ടുണ്ടോ?***

തീർച്ചയായും, കുറച്ചൊക്കെ ബാധിച്ചിട്ടുണ്ട്. ആളുകൾ രണ്ട് തരത്തിലാണ് ഇതിനെ കാണുന്നത്, ഒന്ന് മാന്യമായ വേഷത്തോട്കൂടി ജോലി ചെയ്യാൻ സാധിക്കുമോ. രണ്ട് കൂലി കൂടുതൽ കിട്ടുമോ. ഈ മേഖലയിൽ ഇതിനൊരു മാതൃകയാണ് അരുവിപ്പുറത്ത് ശ്രീനാരായണ ഗുരുദേവൻ പ്രതിഷ്ഠ നടത്തിയ ശിവക്ഷേത്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കയർ സൊസൈറ്റി. അവിടെ ആ ഗ്രാമപ്രദേശത്ത് തൊഴിലെടുക്കാൻ എത്തുന്ന സ്ത്രീകൾ കുറച്ച് ഉയർന്ന സാഹചര്യത്തിൽ നിന്നുള്ളവരാണ്. അവിടെ റാട്ടിലാണ് പ്രവർത്തിക്കുന്നത്. ആ ഒരു മാതൃക നാട്ടിലെല്ലായിടത്തും പകർത്താൻ വേണ്ടിയുള്ള ശ്രമത്തിലാണ്.

***കയർബോർഡ് തൊഴിലാളികൾക്കായി ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ?***

ഇപ്പോൾ ബോർഡ് കൊടുക്കുന്ന ഇൻഷുറൻസ് പരിരക്ഷ അംഗവൈകല്യം വന്നാലോ അപകടം സംഭവിച്ചാലോ മാത്രമാണ്. ഞങ്ങളൊരു വെൽഫെയർ സ്കീം ആലോചിക്കുന്നുണ്ട്. മാരകരോഗങ്ങൾ ഉള്ളവരെ സഹായിക്കാനാണിത്. അവർക്ക് വീട് വെയ്ക്കാൻ സഹായിക്കുവാൻ കഴിയുമോ എന്ന് ആലോചിക്കുന്നുണ്ട്. പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന അവരുടെ മക്കൾക്ക് സഹായം ചെയ്യാൻ കഴിയുമോ എന്നും ആലോചിക്കുന്നുണ്ട്. മെഡിക്കൽ/ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുവാനോ, ആവശ്യമെങ്കിൽ അവരെ ദത്തെടുക്കുവാനോ ഉള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഞാൻ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരുന്ന സമയത്ത് കയർതൊഴിലാളികൾക്കായി ലോകത്താദ്യമായിട്ടോ, ഏഷ്യയിലാദ്യമായിട്ടോ ഒരു വൃദ്ധസദനം, രാജീവ്ഗാന്ധി മെമ്മോറിയൽ ഓൾഡ് ഏജ് ഹോം, ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുണ്ട്. അതിപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

***ഒരു പ്രകൃതിദത്ത നാരെന്ന നിലയിൽ കയറിന് വലിയ പ്രചാരണ പരിപാടികളൊന്നും ആവശ്യമായി വരുന്നില്ല. എങ്കിൽ തന്നെയും കയർ ബോർഡിന്റെ വളരെ മനോഹരമായ പബ്ലിസിറ്റി കാമ്പയിനുകൾ കണ്ടിട്ടുണ്ട്. അതുതന്നെ തുടരുമോ അല്ലെങ്കിൽ കാമ്പയിനുകളൊക്കെ കുറച്ചുകൂടി വിപുലപ്പെടുത്താൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ?***

തീർച്ചയായും. ഇപ്പോൾ ചകിരിനാര് കട്ടികൂടിയതാണ് ഇത് മൃദുവാക്കിയാൽ വാനിറ്റി ബാഗും, സ്കൂൾ ബാഗും

നിർമ്മിക്കുവാൻ സാധിക്കും. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ടെക്സ്റ്റയിൽ ഗവേഷണം നടത്തി മാതൃകയൊന്ന് മാറ്റാൻ ശ്രമിക്കുന്നുണ്ട്. ക്യാരിബാഗ് ഉണ്ടാക്കാൻ കഴിയുമോ എന്ന് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. തടി പോലെ കാഠിന്യമുള്ള കയർ പ്ലൈ, സ്വർണത്തെ വെല്ലുന്ന മാലകൾ, കരകൗശല വസ്തുക്കൾ എന്നിവ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഉത്തരേന്ത്യയിലും വടക്കു കിഴക്കൻ മേഖലകളിലും നമ്മുടെ ആഭ്യന്തര വിപണി വിപുലീകരിക്കാനുള്ള മേളകൾ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ്. കലവൂരും ബാംഗ്ലൂരുമുള്ള സിസിആർഐ യിൽ ആവശ്യമായ ഗവേഷണങ്ങൾ സംഘടിപ്പിക്കുകയാണ്. ചകിരിച്ചോർ ജൈവവളമായി ഉടൻ വിപണിയിലെത്തിക്കും.

***നാളികേര വികസന ബോർഡും ഉത്പാദനക്ഷമത വർദ്ധനവിന് വളരെ ഊന്നൽ നൽകുന്നുണ്ട്. തെങ്ങൊന്നിന് 42 നാളികേരമെന്ന നിലവിലെ ഉത്പാദനക്ഷമത 150 ആയി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കയർ മേഖലയിലും ഈ വർദ്ധനവ് പ്രതിഫലിക്കും. അസംസ്കൃത വസ്തുവിന്റെ ലഭ്യത വർദ്ധിക്കും. തൊണ്ട് വിൽപനയിലൂടെ കൃഷിക്കാർക്ക് മറ്റൊരു വരുമാനമാർഗ്ഗം കൂടി ലഭ്യമാകും. ഇത് കൃഷിക്കാർക്ക് വളരെ സഹായകരമാകും. അങ്ങയുടെ അഭിപ്രായമെന്താണ്?***

ഇന്നിപ്പോൾ കേരളം രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗം തെങ്ങ് കൃഷിയാണ്. തെങ്ങിന്റെ എല്ലാ ഉൽപന്നങ്ങളും ജീവഗന്ധിയാണ്, ജീവിതത്തിൽ ഉപയോഗിക്കാൻ കഴിയുന്നതാണ്, ഓരോന്നിനും മൂല്യമുള്ളതാണ്. ബോർഡ് ഇളനീരിന്റെ വിൽപനയ്ക്ക് ഏർപ്പാട് ചെയ്തിട്ടുണ്ടല്ലോ. നീരയുടെ വിൽപന കൂടി കാര്യക്ഷമമാക്കിയാൽ ഓരോ വീട്ടിലും തെങ്ങ് വെയ്ക്കുവാനുള്ള ആവേശം വർദ്ധിക്കും. ഇപ്പോൾ തെങ്ങിനോട് താൽപര്യം കുറയുന്നത് തെങ്ങ് കയറാനാളില്ല, രോഗ-കീട ബാധയേറിയിരിക്കുന്നു എന്നീ കാരണങ്ങൾ കൊണ്ടാണ്. ഈ രണ്ട് കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ നാളികേര വികസന ബോർഡ് നടത്തുന്ന ശ്രമങ്ങൾ ആശ്വാസ്യകരമാണ്. അഭിനന്ദനാർഹമാണ്.

***അങ്ങ് നൽകുന്ന ഈ സന്ദേശം തന്നെ തെങ്ങ് ഉപേക്ഷിച്ച് മറ്റ് വിളകൾ തേടിപ്പോകുന്ന കർഷകർക്ക് ഇതിൽ പിടിച്ചു നിൽക്കാൻ പ്രോത്സാഹനജനകമാണ്. കൂടുതൽ പേരെ ആകർഷിക്കാനും സഹായകരമാകും. അങ്ങയുടെ നേതൃത്വത്തിൽ കയർ ബോർഡ് കൂടുതൽ വിജയകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടട്ടേ എന്ന് ആശംസിക്കുന്നു.***

നന്ദി... വളരെയധികം സന്തോഷമുണ്ട് ഇവിടെ വരാനും നിങ്ങളുടെ പ്രവർത്തനങ്ങൾ നോക്കി മനസ്സിലാക്കാനും സാധിച്ചതിൽ..... എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു.

*നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ,*
*ഡോ. രമണി ഗോപാലകൃഷ്ണൻ നടത്തിയ അഭിമുഖം*


## Statement of ownership and other particulars about the INDIAN NALIKERA JOURNAL

## FORM IV

## (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kochi - 11 |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | M Thomas Mathew |
| | Nationality | : | Indian |
| | Address | : | Chief Coconut Development Officer<br>Coconut Development Board,<br>Kochi - 11, Kerala. |
| 4. | Publisher's Name | : | M Thomas Mathew |
| | Nationality | : | Indian |
| | Address | : | Chief Coconut Development Officer<br>Coconut Development Board, Kochi - 11, Kerala |
| 5. | Editor's Name | : | Dr. Remany Gopalakrishnan |
| | Nationality | : | Indian |
| | Address | : | Deputy Director<br>Coconut Development Board, Kochi - 11, Kerala |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital | : | The periodical is owned by the Coconut Development Board which is a body corporate set up by the Government of India under the Coconut Development Board Act, 1979. |

I, M Thomas Mathew, hereby declare that the particulars given above are true to the best of my knowledge and belief.

Sd/
(M Thomas Mathew)
Publisher

Date : 01-03-2012

# വനിതകൾക്കാശ്രയം ഈ കേരവൃക്ഷത്തണൽ

**രമണി ഗോപാലകൃഷ്ണൻ**

ദേവവൃക്ഷത്തിൽ പിറന്ന തേങ്ങയെ ദൈവം ഒരിക്കൽ ഭൂമിയിലേയ്ക്കയച്ചിട്ടു പറഞ്ഞു. "നീ ഭൂമിയിൽ ചെല്ലുക, ഒരു **നാരിമണി** നിന്നെ പൂഴിയിലിരുത്തും. വെയിലും മഴയും നിന്നെ വളർത്തും. വളർന്ന് വളർന്ന് മാനം മുട്ടും". തേങ്ങ പാകിയ അന്നത്തെ നാരിയാണ് പോലും നമ്മുടെ ഐശ്വര്യങ്ങൾക്കെല്ലാം നിദാനം.

അതെ. കല്പവൃക്ഷമായ തെങ്ങ് അബലകളെന്ന് വിശേഷിപ്പിക്കുന്ന നാരികളുടെ അടുത്ത സുഹൃത്താണ് – ആശ്രയവും. അടുക്കളയിൽ രുചിഭേദങ്ങൾ സൃഷ്ടിക്കുന്നതു മുതൽ സാമൂഹ്യവും സാമ്പത്തികവുമായ മുന്നേറ്റത്തിനും സ്ത്രീകൾക്ക് കല്പവൃക്ഷം വഴിയൊരുക്കുന്നു.

ഇന്ത്യയിൽ ഏകദേശം 46 ലക്ഷം കുടുംബങ്ങൾ തെങ്ങു കൃഷിയെ ആശ്രയിച്ചു കഴിയുന്നു. ഇതിൽ 40 ലക്ഷവും കേരളത്തിലാണ്. ഇത്രയും കുടുംബങ്ങൾ ജീവനോപാധിക്കു വേണ്ടി ആശ്രയിക്കുന്ന ഒരു വിളയെന്ന നിലയ്ക്ക് തെങ്ങുകൃഷി രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും മറ്റേതു വിളകളേയും പിന്നിലാക്കുന്നു വെന്നതാണ് സത്യം.

പുരുഷന്മാരോടൊപ്പമോ, ഒരു പക്ഷേ അതിലധികമോ തൊഴിലവസരങ്ങൾ തെങ്ങ് സ്ത്രീകൾക്കു പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണല്ലോ, ഏഷ്യൻ പസിഫിക് കോക്കനട്ട് കമ്മ്യൂണിറ്റി പോലുള്ള അന്താരാഷ്ട്ര സ്ഥാപനം കേരമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുവാൻ ഒരു സമിതിയെ വച്ചതും.

മൊത്തം തൊഴിലാളികളിൽ 90 ശതമാനത്തിലധികവും സ്ത്രീകൾ കൈയടക്കിയിരിക്കുന്ന ഒരു വ്യവസായവും തെങ്ങുമായിട്ടുതന്നെ ബന്ധപ്പെട്ടുകിടക്കുന്നു – കയർ വ്യവസായം. തെങ്ങുകൃഷിയുടെ വിവിധഘട്ടങ്ങൾ മുതൽ കേരസംസ്ക്കരണം, വിപണനം എന്നീ മേഖലകളിലെല്ലാം സ്ത്രീ സാന്നിദ്ധ്യം പ്രകടമാണ്.



*വനിതകൾ കൊപ്ര സംസ്ക്കരണത്തിൽ*

പരമ്പരാഗതമായി തേങ്ങ പെറുക്കി കൂട്ടലും, പാകലും, നഴ്സറിയിലെ നനയും കളപറിക്കലും, ഓലമെടയലും, ചൂലു നിർമ്മാണവും, തേങ്ങ ഉടയ്ക്കലും, ഉണക്കലും, കൊപ്ര ഇളക്കലും, അരിയലും സ്ത്രീകളുടെ മാത്രം കുത്തകയാണ്. ക്രമേണ കേരസംസ്ക്കരണവും,വ്യവസായങ്ങളും സ്ത്രീകൾക്ക് കൂടുതൽ തൊഴിവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള വേദിയായി..

സർക്കാരേതര സംഘടനകളും, സ്വയം തൊഴിൽ സംരഭങ്ങളും, സഹകരണ സ്ഥാപനങ്ങളുമെല്ലാം സ്ത്രീ കൂട്ടായ്മയ്ക്ക് ആക്കം കൂട്ടി. തൊഴിലാളികളുടെ ഇടയിലെ വേതന വൈരുദ്ധ്യം, അസമത്വം എന്നിങ്ങനെയുള്ള അനാചാരങ്ങളെ തുടച്ചു നീക്കാൻ ഇത്തരം സംഘടിത പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്നുമായി.

സ്ത്രീ ശാക്തീകരണത്തിന് കേരമേഖല താങ്ങും തണലുമായ രംഗത്തിന് നാം സാക്ഷിയായി. കുടുംബശ്രീയിലൂടെയും സുഭിക്ഷയിലൂടെയും ഗ്രീൻ ആർമിയിലൂടെയമെല്ലാം. മാത്രമല്ല, ഉല്പന്ന വൈവിധ്യ രംഗത്ത് ആക്കം കൂടുന്നതിനും കുടുംബശ്രീ, സുഭിക്ഷ ബ്രാൻഡ് ഉൽപന്നങ്ങൾ രാജ്യത്തങ്ങോളമിങ്ങോളം പ്രത്യക്ഷപ്പെടു ന്നതിനും നാം സാക്ഷിയായി.

1998ൽ പ്രാരംഭം കുറിച്ച കുടുംബശ്രീ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമാണ്. ഏകദേശം രണ്ടുലക്ഷത്തിലധികം വരുന്ന അയൽക്കൂട്ടങ്ങള ടങ്ങുന്ന 37.50 ലക്ഷം പാവപ്പെട്ട കുടുംബങ്ങളെ കമ്മ്യൂണിറ്റി വികസന സ്ഥാപനങ്ങളുടെ കീഴിൽ കൊണ്ടുവരികയാണ് കുടുംബശ്രീ ചെയ്തത്. 1688 കോടി രൂപ സമാഹരിക്കാനും 4195 കോടി രൂപ അംഗങ്ങൾക്ക് ലോൺ നൽകാനും സാധിക്കത്തക്കവിധത്തിൽ വളർന്ന ഒരു സ്ഥാപനമാണ് കുടുംബശ്രീ. 1140 കോടി രൂപ കുടുംബശ്രീ മൂലധനമായി സമാഹരിച്ചു. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിയതിനാൽ സ്ത്രീകളുടെ വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പു സംരംഭങ്ങളും നഗരപ്രദേശങ്ങളിലും ആവിർഭവിച്ചു. ഇങ്ങനെ നഗരത്തിൽ 25050 വ്യക്തിഗത സംരംഭങ്ങളും 1,757 ഗ്രൂപ്പു സംരംഭങ്ങളും ഗ്രാമ പ്രദേശങ്ങളിൽ 3,516 വ്യക്തിഗത സംരംഭങ്ങളും 10,620 ഗ്രൂപ്പുസംരംഭങ്ങളും ഉണ്ടായി. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനും സമത്വത്തിനും വേണ്ടി കേരള ഗവൺമെന്റ് വിഭാവനം ചെയ്ത ഒരു പദ്ധതി എന്ന നിലയ്ക്ക് കുടുംബശ്രീ സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ ബന്ധിത പ്രശ്നങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നമ്മുടെ തൊഴിൽ മേഖലയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്നു കഴിഞ്ഞു. ഇതിൽ ഭാഗഭാക്കാകുന്ന 80 ശതമാനം പേരും വനിതകളാണ്– അതിൽ ഭൂരിപക്ഷം പേരും കുടുംബശ്രീയുടെ അണികളിൽ നിന്നെത്തുന്നവരും.



*വനിതാ ശാക്തീകരണം സുഭിക്ഷയിലൂടെ*

നാളികേരാധിഷ്ഠിത സൂക്ഷ്മതല സംരഭങ്ങളിലൂടെ സ്ത്രീ ശാക്തീകരണവും ദാരിദ്ര്യ ലഘൂകരണവും പ്രാവർത്തികമാക്കിയ മാതൃകയാണ് കോഴിക്കോട് പ്രവർത്തിക്കുന്ന സുഭിക്ഷയുടേത്. 7000ത്തിലധികം സ്ത്രീകൾക്കാണ് സുഭിക്ഷ വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടത്. സുഭിക്ഷ ബ്രാൻഡിൽ നാൽപതോളം ഉൽപന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്.

കേരമേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ളത് കയർ വ്യവസായത്തിലാണ്. കേരളത്തിൽ മാത്രം 5.5 ലക്ഷത്തിലധികം സ്ത്രീകൾ കയർ മേഖലയിൽ ജോലിചെയ്യുന്നു. ഇത് മൊത്തം തൊഴിലാളികളുടെ 90 ശതമാനത്തിലധികം വരും. കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവുമധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയാണിതെന്ന് പറയാം. ഒരു പ്രകൃതിദത്ത നാരെന്നനിലയ്ക്ക് കയറിനുള്ള സ്വീകാര്യതയും കയറ്റുമതി സാധ്യതയും കൂടുതൽ യൂണിറ്റുകൾ തുടങ്ങാനും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകാനും വഴിതെളിയ്ക്കും. കേരളത്തിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന കയർ വ്യവസായം ഇപ്പോൾ തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, ഒറീസ്സ, ആസ്സാം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലും വ്യാപിച്ചു തുടങ്ങി. യന്ത്രവത്ക്കരണം ഈ മേഖലയിലെ തൊഴിലവസരങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും വൈവിധ്യവത്കരണം ഉൾപ്പെടെ മറ്റു പല നൂതന മാർഗ്ഗങ്ങളിൽ കൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കയർ ബോർഡ് ലക്ഷ്യമിടുന്നു.ലോകത്താകമാനം ലഭ്യമാക്കുന്ന തൊണ്ടിന്റെ 10 ശതമാനത്തിലധികവും, ഇന്ത്യയിൽ 25 ശതമാനത്തിലധികവും വ്യാവസായികമായുപയോഗപ്പെടുത്തുന്നില്ലെന്നാണ് റിപ്പോർട്ട്. എന്നിരുന്നാലും, മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയാണ് മുൻപന്തിയിൽ. ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി 1000 കോടി കവിഞ്ഞു. കയർ മേഖലയിൽ യന്ത്രവത്ക്കരണം ത്വരിതപ്പെടുകയും കയറ്റുമതി സാധ്യത ഉയർന്നു കൊണ്ടുമിരിക്കുന്ന സാഹചര്യത്തിൽ കയർ മേഖലയിൽ തൊഴിൽ സാധ്യത 10 ലക്ഷമാകാനാണ് സാധ്യത. ഇതിൽ 8-9 ലക്ഷം സ്ത്രീകളായിരിക്കും.

കൊപ്ര സംസ്ക്കരണം കൂടാതെ, ഭക്ഷ്യോല്പന്ന മേഖലയിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ കയ്യാളുന്ന ഒരു വ്യവസായമാണ് ഡെസിക്കേറ്റഡ് കോക്കനട്ട് അഥവാ തൂൾ തേങ്ങ വ്യവസായം. ചിരട്ടയിൽ നിന്നും നാളികേരം വേർപെടുത്തുന്നതും, തേങ്ങയുടെ പുറംതൊലി ചെത്തുന്നതും, ഉൽപന്നം പായ്ക്ക് ചെയ്യുന്നതും സ്ത്രീ തൊഴിലാളികളാണ്. 5000 തേങ്ങ ദിനംപ്രതി സംസ്ക്കരണ ശേഷിയുള്ള യൂണിറ്റ് 50 പേർക്കു തൊഴിൽ നൽകും. ഏകദേശം 80 ഡെസിക്കേറ്റഡ് പൗഡർ ഉത്പാദക യൂണിറ്റുകളാണ് രാജ്യത്തുടനീളമുള്ളത്. 10,000 ലധികം തൊഴിലാളികളും. ഏതാണ്ട് 60-70 ശതമാനം വരെ തൊഴിലാളികൾ സ്ത്രീകളാണ്.

പരമ്പരാഗത കേരവ്യവസായങ്ങളെ കൂടാതെ പുതിയ കേരവ്യവസായങ്ങളും നിരവധി വന്നുകൊണ്ടിരിക്കുന്നു. ഈ മുന്നേറ്റത്തിന് നാന്ദി കുറിച്ചത് ഉൽപന്ന വൈവിധ്യവത്കരണ രംഗത്ത് ബോർഡ് വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകളാണ്. നാളികേര ക്രീം, പാൽ, പാൽപ്പൊടി, വിനാഗിരി, പായ്ക്ക് ചെയ്ത ഇളനീർ, നാറ്റാഡി കൊക്കൊ എന്നിങ്ങനെ പല ഉൽപന്നങ്ങളും വ്യവസായിക മൂല്യമുള്ളതായുണ്ട്. ഇപ്പോൾ 10,000 നുമേൽ കൊപ്ര നിർമ്മാതാക്കളും 2000നുമേൽ വെളിച്ചെണ്ണ മില്ലുകളും 7 കരിക്കു പായ്ക്കിംഗ് യൂണിറ്റുകളും 2 മിൽക്കു പൗഡർ യൂണിറ്റുകളും 15 വെർജിൻ വെളിച്ചെണ്ണ യൂണിറ്റുകളും 16 ഉത്തേജിത കരി (ആക്ടിവേറ്റഡ് കാർബൺ) യൂണിറ്റുകളും 80 ഓളം ഡെസിക്കേറ്റഡ് പൗഡർ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകൾ സ്ത്രീകൾക്ക് പ്രദാനം ചെയ്യുന്ന തൊഴിലവസരങ്ങൾ നോക്കാം.

1. ദിവസേന 10000 കരിക്കുസംസ്ക്കരണ ശേഷിയുള്ള പായ്ക്കേജിംഗ് യൂണിറ്റിൽ 30 പേർക്ക് തൊഴിലവസരങ്ങളുണ്ട്. ഇതിൽ 25 ശതമാനം സ്ത്രീകളാകാം.

2. ദിവസേന 500 ലി. ഉത്പാദന ശേഷിയുള്ള ഒരു വിനാഗിരി യുണിറ്റിന് 10 ജോലിക്കാരാകാം. ഇതിൽ 25 ശതമാനം പേർ സ്ത്രീകളും.

3. ദിവസേന ഒരു ടൺ ഉത്പാദന ശേഷിയുള്ള ഒരു ചിരട്ടകരി യൂണിറ്റിൽ 10 പേർക്ക് തൊഴിലവസരങ്ങളാണുള്ളത്.

4. 20000 നാളികേരം സംസ്ക്കരണശേഷിയുള്ള ഒരു തേങ്ങാപ്പാൽ യൂണിറ്റിൽ 65 പേർക്ക് ജോലി ലഭിക്കും. ഇതിൽ സ്ത്രീകൾക്കുള്ള തൊഴിലവസരം 70 ശതമാനത്തിലുമധികമാണ്.

5. മേൽ പറഞ്ഞ എല്ലാ സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് ഉയർന്ന നിക്ഷേപസാധ്യതയുള്ള സമഗ്ര കേരവ്യവസായ യൂണിറ്റുകൾ തുടങ്ങാം. 10000 നാളികേരം സംസ്ക്കരണ ശേഷിയുള്ള ഒരു സമഗ്ര യൂണിറ്റിൽ 50-55 പേർക്ക് തൊഴിലവസരങ്ങളുണ്ട്. ഇതിൽ 70-80 ശതമാനംവരെ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കും.

കരിക്കുവിപണനം നടത്തുന്ന വഴിയോര കച്ചവടക്കാരിലും പാർലറുകളിലും വനിതകൾക്കാണ് മേൽക്കോയ്മ. ഇത് കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ്, പശ്ചിമബംഗാൾ എന്നിങ്ങനെ ഏത് സംസ്ഥാനമെടുത്താലും ഈ മേഖലയുടെ കുത്തക സ്ത്രീകളിൽ തന്നെ നിക്ഷിപ്തമാണ്.

ചെറുകിട സംസ്ക്കരണ യൂണിറ്റുകളിൽ ഏറിയ പങ്കും സ്ത്രീ സംരംഭകരുടെയാണ്. തേങ്ങ ചിപ്സ്, ചമ്മന്തിപ്പൊടി,

നാളികേര ബർഫി എന്നിവ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളാണ്. ഇത്തരം യൂണിറ്റുകൾ കൈകാര്യം ചെയ്യാൻ ഏറ്റവും സമർത്ഥർ വനിതകൾ തന്നെയാണ്. **തൃശൂർ ജില്ലയിലെ ചിന്നൂസിന്റെയും, കൂത്താട്ടുകുളത്തെ ഗ്രാമലക്ഷ്മിയുടെയുമെല്ലാം വിജയകഥകൾ ഈ ലക്കത്തിൽ വായനക്കാരുമായി പങ്കുവയ്ക്കുന്നുണ്ട്.**

കരകൗശല രംഗത്തും സ്ത്രീ സാന്നിധ്യം വളരെ പ്രകടമാണ്. ചിരട്ടയും, തൊണ്ടും, ഈർക്കിലും, കോഞ്ഞാട്ടയും തടിയുമെല്ലാം കരകൗശല മേഖലയിൽ വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. മിനുക്കൽ, പോളിഷിംഗ് എന്നിവയിൽ പ്രത്യേക വൈഭവമാണ് സ്തീകൾ കാട്ടുന്നത്. ഏകദേശം 50,000 ലധികം കരകൗശല വിദഗ്ദ്ധരുണ്ടെന്നാണ് കണക്ക്. അതുപോലെതന്നെ സ്ത്രീ തൊഴിലാളികളുടെ മാത്രം കുത്തക



*കയർ പിരി - ഏറ്റവും വലിയ വനിതാ തൊഴിൽ മേഖല*

മേഖലയെന്ന് ചൂൽ വ്യവസായത്തെ പറയാം.

എന്നാൽ സ്ത്രീകൾ പയറ്റാത്ത ഒരു മേഖലയായി തെങ്ങു കയറ്റം ഇതുവരെ കണക്കാക്കിയിരുന്നെങ്കിലും ആ കടമ്പയും ഭേദിക്കാൻ വനിതകൾക്ക് അടുത്തിടെ കഴിഞ്ഞു. തെങ്ങ് കയറാൻ ബോർഡ് നടപ്പിലാക്കിയ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ വൻവിജയം കാണിക്കുന്നത് ഇതാണ്. 5250 ചങ്ങാതികൾക്ക് ഇതിനകം പരിശീലനം ലഭിച്ചപ്പോൾ അതിൽ 390 പേർ സ്ത്രീകളായിരുന്നു.

പരാശ്രയമില്ലാതെ മാന്യമായ രീതിയിൽ വരുമാനം ഉണ്ടാക്കാനുള്ള ഈ പദ്ധതി നാളിതുവരെ വന്ന എല്ലാ പദ്ധതികളിൽ നിന്നും വേറിട്ടുനിൽക്കുന്നുവെന്നറിയണം. തൊഴിൽരഹിതരായ യുവതീ യുവാക്കളെ തെങ്ങുകയറ്റം പരിശീലിപ്പിച്ച്, സാങ്കേതികമായ കഴിവുകൾ, സംരഭകശേഷി, നേതൃത്വ ഗുണങ്ങൾ, ആശയവിനിമയ പാടവം തുടങ്ങിയവ വളർത്തിയെടുത്ത് കേരകർഷകരുടെ തെങ്ങുകയറ്റ തൊഴിലാളി ദൗർലഭ്യം പരിഹരിക്കാനുതകും വിധം പരിശീലനം നൽകുകയായിരുന്നു ചങ്ങാതിക്കൂട്ടത്തിൽ. 18-40 വയസ്സു പ്രായമുള്ള പൂർണ്ണ ആരോഗ്യമുള്ള യുവതീ യുവാക്കളിൽ നിന്നായിരുന്നു അപേക്ഷ ക്ഷണിച്ചിരുന്നത്. ദിവസവും 30 തെങ്ങെങ്കിലും കയറുന്ന തിരുവനന്തപുരം കോലിയക്കോട്ട് വീട്ടിലെ രജനിയെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. ഇവർക്ക് കുറഞ്ഞ ദിവസ വരുമാനം 600 രൂപയിലധികമാണ്.

തെങ്ങ് കൃഷിയിൽ ഒറ്റ വിളകൃഷി സമ്പ്രദായത്തിൽ തൊഴിവസരങ്ങൾ വിരളമാണെങ്കിലും മിശ്രവിള, സമ്മിശ്രകൃഷി സമ്പ്രദായത്തിൽ തൊഴിലവസരങ്ങൾ പലമടങ്ങാണ്. ഈ അവസരം കൂടുതലും ലഭ്യമാകുന്നത് സ്ത്രീകൾക്കാണ്. മൃഗ സംരക്ഷണം അടിസ്ഥാനമാക്കിയുള്ള സമ്മിശ്ര കൃഷി തൊഴിലവസരങ്ങൾ നൽകുന്ന ഏറ്റവും ബൃഹത്തായ മേഖലയാണ്. ഇടവിളകളെ കൂടാതെ പശു വളർത്തൽ, പന്നി വളർത്തൽ, പട്ടുനൂൽ വ്യവസായം, തേനീച്ച വളർത്തൽ ഇവയെല്ലാം സ്ത്രീ സൗഹൃദ സംരംഭങ്ങൾ തന്നെ. ഒരു സമ്മിശ്ര കൃഷിയിടത്തിലെ തൊഴിൽ സാധ്യത രണ്ടര മടങ്ങു വർധിക്കുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. തെങ്ങ് ഏകവിളയായി നടുമ്പോൾ 160 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ മിശ്രവിള സമ്പ്രദായത്തിൽ ഇത് 225 - 400 വരെയും സമ്മിശ്ര കൃഷിയിടത്തിൽ 450 -500 വരെയുമാണ്.

ലോകത്തിലെ 93 രാജ്യങ്ങളിൽ തെങ്ങ് വളരുന്നുണ്ട്. ഈ രാജ്യങ്ങളിലെല്ലാം വനിതകൾക്ക് കൃഷിയുമായും വ്യവസായവുമായും പുരുഷന്മാരെക്കാൾ താദാത്മ്യവുമുണ്ട്. ഈ രാജ്യങ്ങളിലെല്ലാം സ്ത്രീ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സമാനമാണ്. 2005ൽ ഏഷ്യൻ പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി (എപിസിസി) കേരമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ഇന്ത്യ, ശ്രീലങ്ക, ഇൻഡോനേഷ്യ, ഫിലിപ്പൈൻസ്, തായ്‌ലന്റ്, ഫിജി എന്നീ രാജ്യങ്ങളിലെ അംഗങ്ങൾക്കൊപ്പം ഇന്ത്യയിലെ പ്രതിനിധിയായി ലേഖികയ്ക്കും പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു. കേരവ്യവസായ രംഗത്തെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ അപഗ്രഥിക്കലും പോംവഴി നിർദ്ദേശിക്കലുമായിരുന്നു ഗ്രൂപ്പിന്റെ ഉദ്ദേശം.പ്രശ്നങ്ങൾ അപഗ്രഥിച്ചതിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശം സ്ത്രീ തൊഴിലാളികൾ കേരമേഖലയിൽ വ്യത്യസ്ഥ വേതനമുൾപ്പെടെ നിരവധി അസമത്വങ്ങൾ അനുഭവിക്കുന്നുവെന്നാണ്.

കയർമേഖലയിൽ തൊഴിൽ ചെയ്യുന്ന ലക്ഷോപലക്ഷം സ്ത്രീകൾ നിരവധി സാമ്പത്തിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും നേരിടുന്നുവെന്ന് യോഗം വിലയിരുത്തി. തൃപ്തികരമായ ഇൻഷുറൻസ് പരിരക്ഷയോ തൊഴിലുറപ്പോ ഈ തൊഴിലാളികൾക്ക് ഇല്ല. സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിന് ഗവൺമെന്റുകൾ കൈക്കൊള്ളേണ്ട നടപടികളും ഈ ഗ്രൂപ്പ് നിർദ്ദേശിച്ചിരുന്നു.

കണക്കെഴുതി തിട്ടപ്പെടുത്താൻ നൂറുപേർ മത്സരിക്കുമ്പോൾ അറിയപ്പെടാതെയും എണ്ണപ്പെടാതെയും എന്തെങ്കിലും ഉണ്ടെങ്കിൽ അത് സ്ത്രീയുടെ അദ്ധ്വാനമാണ്. അതുകൊണ്ടുതന്നെ നമ്മുടെ കേര വ്യവസായത്തിന്റെ വളർച്ചയിൽ വനിതകൾ വഹിച്ച പങ്ക് തിട്ടപ്പെടുത്താനാവില്ല. പക്ഷെ സാമൂഹിക സാമ്പത്തീക രംഗങ്ങളിൽ അവരുടെ വളർച്ച കേര വ്യവസായത്തെ മാത്രമല്ല, കേരളക്കരയെയാകെ ഔന്നത്യത്തിലെത്തിക്കുമെന്നതിൽ സംശയമില്ല.

*ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി-11*

# വെട്ടത്തുനാട്ടിലെ 'ഏദൻ തോട്ടം'

**മിനി മാത്യു**

മലപ്പുറം ജില്ലയിലെ തിരൂരിൽ ചുണ്ടൻവീട്ടിൽ മുഹമ്മദും ഭാര്യ ഷക്കീലയും പരമ്പരാഗതമായി ലഭിച്ച പത്തേക്കർ തെങ്ങിൻ പുരയിടം അവരുടെ ഏദൻതോട്ടമാക്കി മാറ്റിയിരിക്കുന്നു. ഷക്കീലയെ സംബന്ധിച്ചിടത്തോളം കൃഷിപാഠങ്ങൾ പഠിച്ചിട്ടോ പരിശീലനം നേടിയിട്ടോ അല്ല ഈ രംഗത്തേക്ക് കാൽവെക്കുന്നത്. കാർഷികരംഗത്ത് ഭർത്താവിന് നൽകാവുന്ന സഹായങ്ങൾ ചെയ്ത് കൃഷിയിൽ ആനന്ദം കണ്ടെത്തിയ ഏദൻ തോട്ടത്തിന്റെ ചുമതലക്കാരിയാണിവർ. കാർഷിക വൃത്തിയിൽ വേറിട്ടൊരു മാതൃകയാണ് ഈ ദമ്പതികളുടെ കൃഷിയിടം. ബൈബിളിൽ പറഞ്ഞിരിക്കുന്നതു പോലെ 'കാഴ്ചയ്ക്ക് കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവിടെയുണ്ട്'. 2008 ലെ കർഷകശ്രീ അവാർഡ്, 2009 ലെ കർഷകോത്തമ അവാർഡ് എന്നിവയെല്ലാം ഇവരെ തേടിയെത്തിയത് ഈ ദമ്പതികൾ അവലംബിച്ചുവരുന്ന മാതൃകാകൃഷിരീതികൾ ഒന്നു കൊണ്ടുമാത്രം. കാലാനുസൃതമായ എല്ലാ നൂതന സാങ്കേതിക മാർഗ്ഗങ്ങളും ഷക്കീലയും മുഹമ്മദും തങ്ങളുടെ കൃഷിയിടത്തിൽ അവലംബിച്ചിട്ടുണ്ട്.



ഷക്കീലയും മുഹമ്മദും കർഷകത്തൊഴിലാളികൾക്കൊപ്പം

തെങ്ങ് മുഖ്യവിളയായി കൃഷിചെയ്തുവരുന്ന സമ്മിശ്രകൃഷിരീതിയാണിവിടെ. തെക്ക് കന്യാകുമാരി മുതൽ വടക്ക് കാസർഗോഡ് വരെ ജലസേചന സൗകര്യാർത്ഥം ബ്രിട്ടീഷുകാർ ചാലുകീറി വെട്ടിയുണ്ടാക്കിയ കനോലി കനാലിന്റേയും തിരൂർ പൊന്നാനിപ്പുഴയുടേയും ഇടയിലാണ് ഫലഭൂയിഷ്ടമായ ഈ കൃഷിയിടം. 45-50 വർഷത്തോളം പ്രായമായ 600 നാടൻ നെടിയ ഇനം തെങ്ങുകളാണ് കൃഷി ചെയ്തിരിക്കുന്നത്. തെങ്ങൊന്നിന് 140 തേങ്ങ വിളവു ലഭിക്കുന്നു കരിക്കിനു പറ്റിയ കുറിയ ഇനങ്ങൾ നടാൻ ഉദ്ദേശമുണ്ട്. ഇടവിളയായി ജാതി, വാഴ, കുരുമുളക്, പച്ചക്കറിയിനങ്ങളായ ചേന, ചേമ്പ്, കുമ്പളം, വെള്ളരി, പാവൽ, കോവൽ എന്നിവയെല്ലാം കൃഷി ചെയ്തിട്ടുണ്ട്. മുപ്പതോളം കായ്ക്കുന്ന ജാതി മരങ്ങളാണുള്ളത്. തെങ്ങിൽ നിന്ന് പ്രതിവർഷം ശരാശരി 3.5 ലക്ഷത്തോളം രൂപ വരുമാനം ലഭിക്കുന്നു. തോട്ടത്തിലെ പാഴ്വസ്തുക്കളെല്ലാം കമ്പോസ്റ്റാക്കി മാറ്റുന്നതിനാൽ രോഗകീടങ്ങളുടെ ആക്രമണം നന്നേ കുറവാണ്. സമ്മിശ്രകൃഷിരീതിയിൽ പശു വളർത്തൽ, താറാവ് വളർത്തൽ, കോഴി വളർത്തൽ, മീൻ വളർത്തൽ എന്നിവയെല്ലാം ആധുനിക സാങ്കേതികമാർഗ്ഗങ്ങളുടെ സഹായത്താൽ ചെയ്തു വരുന്നു. പുഴയോരക്കാറ്റിന്റെ ശീതളിമയിൽ തലയെടുപ്പോടെ കരുത്താർജ്ജിച്ചു നിൽക്കുന്ന കേര വൃക്ഷങ്ങളാണിവിടെയുള്ളത്. കൃഷിയിടത്തിൽ പൂർണ്ണമായും ജൈവവള പ്രയോഗമാണ് അവലംബിച്ചിട്ടുള്ളത്. ഹൈടെക് രീതിയിലാണ് വളപ്രയോഗവും ജലസേചനവും. 15 സെന്റിൽ നിർമ്മിച്ച കുളത്തിൽ നിന്ന് 5 കുതിരശക്തിയുള്ള മോട്ടോർ പ്രവർത്തിപ്പിച്ച് കൃഷിയിടത്തിലെല്ലാം റിമോട്ട് കൺട്രോൾ സിസ്റ്റം ഉപയോഗിച്ച് നനയ്ക്കാവുന്ന തരത്തിലാണ് ജലസേചനസംവിധാനം. ലോകത്തിന്റെ ഏത് കോണിലിരുന്നും ഈ റിമോട്ട് കൺട്രോൾ പ്രവർത്തിപ്പിക്കാവുന്നതാണ്. ഈ കുളത്തിൽ വൈറ്റ് ഷാർക്ക്, പിരാന എന്നീ മത്സ്യങ്ങളെ വളർത്തുകയും ചെയ്യുന്നു.

ജൈവരീതിയിലൂന്നിയ കാർഷിക രീതികൾ ആരംഭിക്കാൻ മുഹമ്മദിന് പ്രേരണയായത് തമിഴ്നാട്ടിൽ ജൈവകൃഷിയുടെ പിതാവ് എന്ന് അറിയപ്പെടുന്ന കോയമ്പത്തൂരിലെ സത്യമംഗലത്തെ സുന്ദരരാമയ്യരുടെ ശിക്ഷണത്താലാണ്. 8 വർഷമായി ഈ രീതി മാത്രമാണ് പിന്തുടർന്നുവരുന്നത്. ഇ.എം ജൈവ വളലായനിയാണ് ഇതിൽ പ്രധാനം. കൃഷിയിടങ്ങൾ




പ്രമുഖ കൃഷി ശാസ്ത്രജ്ഞൻ ശ്രീ. എം.എസ് സ്വാമിനാഥനിൽ നിന്ന് കർഷകശ്രീ 2008 അവാർഡ് സ്വീകരിക്കുന്നു

ഫലഭൂയിഷ്ടമാക്കാൻ അത്യുത്തമമാണ് ഇഎം-2 ലായനി. മണ്ണിൽ ഫലവത്തായി പ്രവർത്തിക്കുന്ന നൂറോളം സൂക്ഷ്മജീവികളാണ് ഇതിലൂടെ പെരുകി വർദ്ധിക്കുന്നത്. സൂക്ഷ്മാണുപ്രവർത്തനത്തിലൂടെ വിളവ് ഇരട്ടിയിലേറെയുമാകുന്നു.

സസ്യങ്ങളിലെ കുമിൾ ബാധയ്ക്കെതിരെ ഇ.എം.-5 ലായനി ഉപയോഗിക്കുന്നു. ഇഎം-2 ലായനി 100 മില്ലി, ജൈവവിനാഗിരി 100 മില്ലി, 100 ഗ്രാം ശർക്കര , 100 മില്ലി വൈറ്റ് റം, 600 മില്ലി വെള്ളം എന്നിവ ഉപയോഗിച്ചാണ് ഇഎം 5 ലായനി ഉണ്ടാക്കുന്നത്. മുട്ടസത്ത് (എഗ് എക്സ്ട്രാക്ട്) ടോണിക് ആയി ചെടിയുടെ ഇലകളിൽ ഉപയോഗിക്കുന്നു. മീൻസത്ത് (ഫിഷ് എക്സ്ട്രാക്ട്) ജൈവലായിനി ഉണ്ടാക്കുന്നതിന് ഒരു ടൺ മീൻ അവശിഷ്ടമാണ് ഒരു വർഷത്തേക്ക് ടാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത്. മികച്ച ജൈവകീടനാശിനിയാണിത് 3 ദിവസത്തിലൊരിക്കൽ 2 മില്ലിലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിൽ തളിച്ച് കൊടുക്കുമ്പോൾ ചെടി വളരെ





*ഇടവിളകൃഷികൾ - കുരുമുളക്, വാഴ, ജാതി, കോവൽ, അസോള*

കരുത്താർജ്ജിച്ച് പുഷ്ടിയോടെ വളരുന്നു. പഞ്ചഗവ്യം, മണ്ണിരകമ്പോസ്റ്റ് എന്നിവയാണ് മറ്റ് ജൈവവളങ്ങൾ. ഏറ്റവും ചെലവ് കുറഞ്ഞ ജൈവവളമാണ് ആർ കെ. ബാക്ടീരിയൽ ലായനി. ചാണകം, ഇരട്ടിമധുരം, കടുക്കാവെള്ളം എന്നിവകൊണ്ട് ഉണ്ടാക്കുന്ന ആർ. കെ. ബാക്ടീരിയൽ ലായനി തയ്യാറാക്കി ജാറിൽ കാറ്റ് കടക്കാത്ത രീതിയിൽ സൂക്ഷിക്കുമ്പോൾ ഓക്സിജനിൽ ജീവിക്കാത്ത ബാക്ടീരിയകൾ (anaerobic bacteria) വളരെ വേഗം പെരുകുന്നു. ഇത് മണ്ണിൽ ചേർക്കുമ്പോൾ പെരുകുന്നത് പതിനായിരക്കണക്കിന് (aerobic) സൂക്ഷ്മജീവികളാണ്. വിവിധയിനം ജൈവ വളങ്ങളുടെ സാമ്പിളുകൾ കുപ്പിയിലാക്കി കൃഷിയിടത്തിൽ സന്ദർശകർക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്. ചാർട്ടിലൂടെ ഇവയുണ്ടാക്കുന്ന രീതിയും വിശദീകരിച്ചിട്ടുണ്ട്.

ഒരു തുണ്ട് ഭൂമിപോലും പാഴാക്കാതെ കൃഷിചെയ്യുന്ന കൃഷിയിടത്തിൽതന്നെ നാളികേര സംസ്കരണവും ഉൽപന്ന വൈവിധ്യവത്ക്കരണവും നടത്തിവരുന്നു. 'ജൈവശ്രീ' എന്ന് ബ്രാൻഡിൽ പുറത്തിറക്കിയിരിക്കുന്ന 'വെളിച്ചെണ്ണ'യും 'വെന്തവെളിച്ചെണ്ണ'യും ഇപ്രകാരം ഉത്പാദിപ്പിക്കുന്നു. നാളികേര വികസന ബോർഡിന്റെ നാളികേര ടെക്നോളജി മിഷൻ പദ്ധതിപ്രകാരം 8 ലക്ഷം രൂപ ധനസഹായം ഈ യൂണിറ്റിന് ലഭിച്ചിട്ടുണ്ട്. ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ മറ്റുള്ളവർക്ക് കൂടി ഉപയോഗിക്കുവാനുള്ള അവസരമുണ്ടാക്കി, വീട്ടാവശ്യത്തിനു ശേഷമുള്ളതിന് വിപണി കണ്ടെത്തുന്നു. പ്രതിമാസം 30 ടൺ വെളിച്ചെണ്ണ ഈ യൂണിറ്റിൽ ഉണ്ടാക്കുന്നുണ്ട്. വെന്ത വെളിച്ചെണ്ണ ആവശ്യത്തിന് മാത്രം ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നു.

മുഹമ്മദിന്റെ പിതാവ് കയർ വ്യവസായിയായ ബാവാഹാജിക്ക് 30 കെട്ടുവള്ളങ്ങളാണ് അക്കാലത്തുണ്ടായിരുന്നത്. തെങ്ങിൻ പുരയിടത്തിലെ തൊണ്ട് പിരിച്ച് കയറാക്കാനും വാണിജ്യസ്ഥലങ്ങളിലെത്തിക്കാനുമായി 400ഓളം തൊഴിലാളികൾ സഹായത്തിനും. 'കനോലിക്കനാലിലൂടെയാണ് ആലപ്പുഴയിലേയും, പൊന്നാനിയിലേയും, കോഴിക്കോട്ടേയും വാണിജ്യകേന്ദ്രങ്ങളിലേക്ക് കയർ എത്തിച്ചിരുന്നത്' മുഹമ്മദ് പറയുന്നു. ആധാരത്തിൽ ഭൂസ്വത്തിനൊപ്പം കെട്ടുവള്ളങ്ങളും തങ്ങൾക്ക് ഭാഗിച്ച് നൽകിയിട്ടുണ്ടെന്ന് സംഭാഷണമധ്യേ അദ്ദേഹം പറഞ്ഞു. കൃഷിയ്ക്കൊപ്പം വ്യവസായവും ഒത്തൊരുമിച്ച് കൊണ്ടുപോകുവാൻ മുഹമ്മദിന് പ്രചോദനമാകുന്നത് പിതാവിന്റെ പാതയാണ്.

20ലേറെ എച്ച് എഫ് (ഹോൾസ്റ്റീൻ ഫ്രീഷ്യൻ) ഇനത്തിലുള്ള പശുക്കളാണ് ഷക്കീലയുടേയും മുഹമ്മദിന്റെയും തൊഴുത്തിലുള്ളത്. 20 ലിറ്റർ പാൽ ഒരു പശുവിൽ നിന്നും ലഭിക്കുന്നു. ദിനംപ്രതി 400 ലിറ്റർ പാലാണ് വിൽക്കുന്നത്. ലിറ്ററൊന്നിന് 30 രൂപയാണ് വില. ഡയറിഫാമിലെ ചാണകവും, തൊഴുത്ത് വൃത്തിയാക്കുന്ന ജലവും മറ്റ് മാലിന്യങ്ങളും അടുക്കളയിൽ നിന്നുള്ള പാഴ്വസ്തുക്കളും ജലവും യഥാസമയം കമ്പോസ്റ്റ് ടാങ്കിലേക്ക് മാറ്റി സംസ്ക്കരിച്ച് ചാണക കമ്പോസ്റ്റ് ലായനി പൈപ്പ് (drip) വഴി അതാത് വൃക്ഷങ്ങളുടെ ചുവട്ടിലെത്തിക്കുന്നു. തൊഴുത്തിൽ തണുപ്പ് ക്രമീകരിക്കാനായി ഫാനുകൾ ഫിറ്റ് ചെയ്തിട്ടുണ്ട്. മെഷീൻ ഉപയോഗിച്ചാണ് പശുക്കളെ കറക്കുന്നത്. തീറ്റപ്പുല്ല് കൃഷിയിടത്തിൽതന്നെ വളർത്തുന്നു. പുല്ലരിയൽ യന്ത്രമുപയോഗിച്ച് കിടാരികൾക്കുള്ള തീറ്റ നൽകുന്നു. വെച്ചൂർ ഇനത്തിൽപ്പെട്ട ഒരു പശുവിനെയും



*സംസ്ക്കരണ യൂണിറ്റിൽ ജൈവശ്രീ ബ്രാൻഡ് വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നു*



*ജൈവ വള നിർമ്മാണ യൂണിറ്റ്*





*സമ്മിശ്രകൃഷിരീതിയനുസരിച്ച് വളർത്തുന്ന പശു, മത്സ്യം, താറാവ്, കോഴി, ഒട്ടകപ്പക്ഷി, എമു എന്നിവ*

ജൈവവളത്തിനായി വളർത്തുന്നുണ്ട്. ഡയറിഫാമിന് സബ്സിഡി യിനത്തിൽ നബാർഡിൽ നിന്നും ഒന്നേകാൽ ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

പൗൾട്രിഫാമിൽ 1000ലേറെ കോഴികളാണുള്ളത്. കോഴിക്കാഷ്ഠം ഫാമിലേക്കുതന്നെ ഉപയോഗിക്കുന്നു. നൂറോളം താറാവുകളുമുണ്ട്. അലങ്കാരമത്സ്യങ്ങളും കാർപ്പിനങ്ങളും വെവ്വേറേ ടാങ്കുകളിൽ വളർത്തുന്നു. കോഴിക്കോട് എം.ഇ.എസ് കോളേജിൽ മെഡിക്കൽ വിദ്യാർത്ഥിയായ മുത്തമകനാണ് മത്സ്യം വളർത്തലിന്റെ ചുമതല. മൂന്ന് മാസം പ്രായമായ കാർപ്പിനങ്ങൾ 5 രൂപ നിരക്കിൽ വാങ്ങി വളർത്തി ആറ് മാസം പ്രായമാകുമ്പോൾ 10 രൂപ നിരക്കിൽ വിൽപന നടത്തുന്നു. പുല്ലുകളോ കളകളോ വളരാത്ത വിധത്തിൽ യന്ത്ര സഹായത്തോടെ തോട്ടം വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. "യന്ത്രസഹായത്താൽ ജലസേചനവും വളംചെയ്യലും മറ്റു കൃഷിപ്പണികളും നടത്തുന്നതിനാൽ തൊഴിൽചെലവ് ഏറെ കുറയ്ക്കാനാകുന്നു". മുഹമ്മദ് പറഞ്ഞു.

ഉയർന്ന സാങ്കേതിക വിദ്യ അനുവർത്തിച്ച് ചെയ്യുന്ന 'പ്രിസിഷൻ ഫാമിംഗും' താമസ സ്ഥലത്തു നിന്നും 1 കി.മീ. അകലെയുള്ള ഒരേക്കർ തോട്ടത്തിൽ ഈയിടെ ആരംഭിക്കുകയുണ്ടായി. 12 ലക്ഷം രൂപ മുതൽമുടക്കി സ്ഥാപിച്ച പോളിഹൗസിൽ വെള്ളരിയാണ് കൃഷി ചെയ്തിരിക്കുന്നത്. 10 കി.ഗ്രാം വെള്ളരി വിളവെടുത്ത് കഴിഞ്ഞു. "സീസൺ നോക്കാതെ എപ്പോൾ വേണമെങ്കിലും കൃഷി ചെയ്യാവുന്ന പ്രിസിഷൻ ഫാമിംഗിലൂടെ ലഭിക്കുന്ന ആദായം 20 ഇരട്ടിയാണ്. പുറമേ നിന്നുള്ള രോഗ-കീടാക്രമണങ്ങളൊന്നും കൃഷിയെ ബാധിക്കുന്നുമില്ല



*പ്രിസിഷൻ ഫാമിംഗിലൂടെ കൃഷി ചെയ്തിരിക്കുന്ന വെണ്ടയും വെള്ളരിയും*

കേരകൃഷി രംഗത്ത് ഏറെ പുരോഗമനങ്ങൾ നാളികേര വികസന ബോർഡ് കൊണ്ടുവന്നിട്ടുണ്ടെങ്കിലും കർഷകർക്ക് ഉപകാര പ്രദമായ വിധത്തിൽ നാളികേരത്തിന് ഇനിയും കൂടുതൽ വില ലഭിച്ചിട്ടില്ല. ആട്ടുകൊപ്രയ്ക്ക് 5100 രൂപ താങ്ങുവില പ്രഖ്യാപിച്ചെങ്കിലും സംഭരണം ത്വരിത പ്പെടുത്തേണ്ടതുണ്ട്. വെട്ടം പഞ്ചായത്തിൽ മുഹമ്മദിന്റേയും ഷക്കീലയുടേയും ആഭിമുഖ്യത്തിൽ 35ലേറെ നാളികേരോത്പാദക സംഘങ്ങൾ (സിപിഎസ്) രൂപീകരിച്ച് കഴിഞ്ഞു. ഉത്പാദക സംഘങ്ങളെ സംഭരണ ഏജൻസിയായി നിയോഗിച്ചിട്ടുള്ളതിനാൽ വരും കാലങ്ങളിൽ താങ്ങുവിലയുടെ ആനുകൂല്യം ഉറപ്പാണെന്ന പ്രതീക്ഷയിലാണ് ഈ ദമ്പതികൾ. കരിക്ക് വിപണനം ലോകമെങ്ങും പ്രോത്സാഹിപ്പിക്കണ മെന്നതാണ് മുഹമ്മദിന്റെ അഭിപ്രായം. "വെട്ടം പഞ്ചായത്തിലെ കേരകർഷകർക്കു നാളികേര ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ്ന്റെ പ്രവർത്തനങ്ങൾ നാളികേര മേഖലയിൽ ഏറെ മുന്നേറ്റമുണ്ടാക്കുമെന്ന പ്രതീക്ഷയാണ്." മുഹമ്മദ് പറഞ്ഞു. വെട്ടത്ത്നാട്ടിലെ കേരകർഷകരുടെ ഉന്നമനത്തിനായി വെട്ടത്തുനാട് ഫാർമേഴ്സ് ക്ലബ്ബ് രൂപീകരിച്ചിരിക്കുന്നു. ഫാർമേഴ്സ് ക്ലബ്ബിലൂടെയും സർക്കാരിന്റെ നേതൃത്വത്തിലുള്ള സന്നദ്ധസംഘടനായ 'ആത്മ'യുടെ പ്രവർത്തനങ്ങളിലൂടെയും കർഷകരെ സംഘടിത ശക്തിയായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ കേര മേഖലയുടെ വക്താവായി മുന്നണിയിൽ തന്നെയുണ്ട് മുഹമ്മദ്. ഇതോടൊപ്പം വി.ആർ.സി. എന്ന മാനസികാരോഗ്യ ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടർ ചമുതലയും വഹിച്ചുകൊണ്ട് ആതുര ശുശ്രൂഷാ രംഗത്തും പ്രവർത്തിച്ചുവരുന്നു.

*പബ്ലിസിറ്റി ഓഫീസര്, നാളികേര വികസന ബോർഡ്, കൊച്ചി-11*



# വനിത ശാക്തീകരണത്തിന് ഒരു കാസർകോടൻ മാതൃക

[1] എസ്. ലീന, [2] ടി.എസ്. മനോജ്കുമാർ

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയ കാസർഗോഡിന്റെ ഈ ധീരവനിതകൾ നാളികേര വികസനബോർഡ് സൗജന്യമായി നൽകിയ തെങ്ങ് കയറ്റ യന്ത്രങ്ങളുമായി തെങ്ങിൻ തോപ്പുകളിലേക്ക് ഇറങ്ങിക്കഴിഞ്ഞു. ബോർഡ് വിഭാവനം ചെയ്ത പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണശൃംഖലയുടെ പ്രധാനകണ്ണികളും ഭാവിയിലെ വക്താക്കളുമാകുമിവർ എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

കേരകൃഷി മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സമയത്ത് വിളവെടുക്കാൻ ആളെ കിട്ടാത്തതായിരുന്നു. ആ പ്രതിസന്ധിക്ക് ഒരു പരിഹാരമെന്ന നിലയിൽ നാളികേര വികസന ബോർഡ് മുന്നോട്ട് വെച്ച ആശയമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, ബൃഹത് പദ്ധതി എന്ന് തന്നെ പറയാവുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പരിശീലന പരിപാടി. നാളികേര വികസന ബോർഡിനോടൊപ്പം കേരള കാർഷിക സർവ്വകലാശാലയും കൃഷി വിജ്ഞാന കേന്ദ്രങ്ങളും മറ്റ് ചില സന്നദ്ധ സംഘടനകളും പങ്കാളികളായത് ഈ പദ്ധതിയിൽ കൂടുതൽ പേർ പരിശീലനം നേടാൻ അവസരമൊരുക്കി.

കാസർകോട് ജില്ലയിൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രമാണ് ഈ ദൗത്യം ഏറ്റെടുത്ത് നടത്തുന്നത്. കേരളത്തിലെ മറ്റ് ജില്ലകളിലെന്നപോലെ കാസർകോടും കർഷക ദിനമായ ചിങ്ങം ഒന്നിനാണ് ഈ പദ്ധതി സമാരംഭം കുറിച്ചത്. യന്ത്രം ഉപയോഗിച്ചുള്ള തെങ്ങ് കയറ്റത്തിന് പുറമേ, തെങ്ങിന്റെ എല്ലാവിധ കൃഷി പരിപാലന - സംരക്ഷണ മുറകളും മനസ്സിലാക്കുന്നതിനും അവ തെങ്ങിൻ തോപ്പുകളിൽ പ്രാവർത്തികമാക്കുന്നതിനും ആവശ്യമായ പ്രായോഗിക പരിശീലനം നൽകി ചങ്ങാതി ക്കൂട്ടത്തിനെ സുസജ്ജരാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവരെ പത്ത് ബാച്ചുകളിലായി 200 പേർക്ക് പരീശീലനം നൽകി കഴിഞ്ഞു. ഇതിൽ 25 പേർ വനിതകളായിരുന്നു. ഒക്ടോബർ 24-ാം തിയതി മുതൽ 29-ാം തിയതി വരെ നടന്ന അഞ്ചാമത്തെ ബാച്ചിൽ വനിതകൾ മാത്രമായിരുന്നു പങ്കെടുത്തത്. ആറ് ദിവസം ദൈർഘ്യമുള്ള ഈ പരിശീലന പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും താമസ സൗകര്യവും ഏർപ്പെടുത്തിയിരുന്നു. ഓരോ ദിവസവും പരിശീലനം തുടങ്ങുന്നത് പരിശീലനാർത്ഥികളുടെ കായികക്ഷമതയും മനോബലവും വർദ്ധിപ്പിക്കാനുതകുന്ന ശാരീരിക വ്യായാമവും ശ്വസനക്രമീകരണ രീതികളും പരിശീലിച്ചുകൊണ്ടാണ്.

പാഠ്യപദ്ധതിയിൽ യന്ത്രവത്കൃത തെങ്ങ്കയറ്റം പരിശീലിപ്പിക്കുന്നതിനാണ് നല്ല പ്രാധാന്യം നൽകുന്നത്. തെങ്ങ് കൃഷിയുടെ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള വിജ്ഞാനപ്രദമായ ക്ലാസ്സുകളും ഓരോ ദിവസവും സംഘടിപ്പിച്ചിരുന്നു. തെങ്ങിന്റെ പ്രധാന ഇനങ്ങൾ, സങ്കരയിനങ്ങൾ, കൃത്രിമ പരാഗണവും സങ്കരയിനം തൈകളുടെ ഉത്പാദനം, മാതൃവൃക്ഷം, ഗുണമേന്മയുള്ള തൈകളുടെ തെരഞ്ഞെടുക്കൽ, നഴ്സറി പരിപാലനം, നടീൽ, വളപ്രയോഗം, മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കൽ, ജലസേചനം, മണ്ണ് ജല സംരക്ഷണം, ഇടവിള - ബഹുവിള കൃഷികൾ, കേരാധിഷ്ഠിത സംയോജിത കൃഷി സമ്പ്രാദയം, രോഗങ്ങൾ, കീടങ്ങൾ, നാളികേരോൽപന്ന വൈവിധ്യവത്ക്കരണം തുടങ്ങി എല്ലാവിഷയങ്ങളും ക്ലാസ്സുകളിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൂടാതെ, ആശയവിനിമയ ശേഷി, നേതൃത്വപാടവം, തീരുമാനം എടുക്കുന്നതിനുള്ള കഴിവ്, മിതവ്യയം, സമ്പാദ്യശീലം, പരിശീലനാനന്തരം ചെയ്യാനുദ്ദേശിക്കുന്ന കർമ്മപദ്ധതിയുടെ രൂപരേഖ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങൾക്കും അർഹമായ സ്ഥാനം നൽകിയിരുന്നു. മണ്ട വൃത്തിയാക്കൽ, കരിക്ക്, തേങ്ങ എന്നിവയുടെ മൂപ്പ് നോക്കിയുള്ള വിളവെടുപ്പ്, കൃത്രിമ പരാഗണം, രോഗകീടങ്ങൾക്കെതിരെയുള്ള മരുന്ന് തയ്യാറാക്കലും തളിയും, സ്നോബോൾ ഇളനീർ, നാളികേര ചിപ്സ് എന്നിവ തയ്യാറാക്കുന്ന രീതികൾ എന്നിവയിലൊക്കെ ആവശ്യമായ പ്രായോഗിക പരിശീലനവും നൽകുകയുണ്ടായി.

പരിശീലനത്തിൽ പങ്കെടുത്ത പുരുഷന്മാരിൽ 75 ശതമാനം പേരും ഇതൊരു വരുമാനമാർഗ്ഗമായി സ്വീകരിച്ചു കഴിഞ്ഞു. ദിവസം 300 രൂപ മുതൽ 900 രൂപ വരെ അവർ വരുമാനം



*സ്നോബോൾ ഇളനീർ തയ്യാറാക്കുന്നതിൽ പരിശീലനം*



*ശാരീരിക വ്യായാമ ക്ലാസ്സ്*

ഉണ്ടാക്കുന്നുമുണ്ട്. പരിശീലനം കഴിഞ്ഞ് തെങ്ങിന്റെ ചങ്ങാതിമാരായി മാറുമ്പോൾ പരമ്പരാഗതമായുള്ള തെങ്ങ്കയറ്റ തൊഴിലാളി എന്ന സങ്കൽപ്പത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായി കൂടുതൽ മാന്യതയുള്ള, നല്ല നൈപുണ്യം വേണ്ട, മികച്ച പ്രാവീണ്യം ആവശ്യപ്പെടുന്ന ഒരു കർമ്മമേഖലയായി ഇത് മാറുന്നു. ചങ്ങാതിക്കൂട്ടത്തിലെ അംഗങ്ങളുടെ അനുഭവത്തിൽ ഇപ്പോൾ കൂടുതൽ വരുമാനം മാത്രമല്ല, അത്യാവശ്യം സമ്പാദ്യശീലവും സമൂഹത്തിൽ ഉയർന്ന സ്വീകാര്യതയും നേടാൻ അവർക്ക് കഴിയുന്നുണ്ട്. കാലക്രമേണ മറ്റ് സംരംഭങ്ങളിലേക്ക് തിരിയാനും ഇവരുടെ കൂട്ടായ്മ പരിപാടികൾ ആസൂത്രണം ചെയ്ത് വരുന്നു. സങ്കരയിനം തെങ്ങിൻ തൈകളുടെ ഉത്പാദനം, ഇളനീർപന്തൽ, സ്നോബോൾ ഇളനീർ യൂണിറ്റ്, വിളവെടുപ്പ് മുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി വിപണനം വരെയുള്ള ഒരു ശൃംഖല എന്നീ മേഖലകളിൽ സംരംഭകരാകാൻ ഇവരിൽ ചിലർ തയ്യാറെടുക്കുന്നു. പ്രാദേശിക തലത്തിൽ കൂട്ടായ്മകൾ രൂപീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്താനും ഇവരിൽ ചിലർ ആഗ്രഹിക്കുന്നു. ഇവരിലൂടെ ഈ പരിപാടി ആവേശകരമായ പ്രതികരണ മാണ് ജില്ലയുടെ കാർഷിക മേഖലയിൽ സൃഷ്ടിച്ചിരിക്കുന്നത് എന്നതിനുള്ള തെളിവാണ് ആദ്യപരിശീലനം കഴിഞ്ഞതുമുതൽ ഇതിൽ പങ്കെടുക്കാ നുള്ള രജിസ്ട്രേഷനിലുണ്ടായ വർദ്ധനവ്.

ഇവിടെ വെച്ച് നടത്തിയ അഞ്ചാമത്തെ ബാച്ചിന്റെ പരിശീലനം വളരെ ശ്രദ്ധേയമായി. വനിതകൾ മാത്രമായിരുന്നു പഠിതാക്കളായി എത്തിയത് എന്നുള്ളതായിരുന്നു അതിന്റെ സവിശേഷത. പുരുഷന്മാർ ആധിപത്യം പുലർത്തിയിരുന്ന ഒരു മേഖലയിലേക്ക് കൂടിയുള്ള സ്ത്രീകളുടെ കടന്ന് വരവ് എല്ലാ പ്രമുഖ പത്രമാധ്യമങ്ങൾക്കും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും പുതുമയേറിയ ഒരു വാർത്തയായി. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിലെ സംസ്ഥാനതലത്തിലെ തന്നെ വനിതകൾക്ക് മാത്രമുള്ള ആദ്യത്തെ പരിശീലന പരിപാടി യായിരുന്നു ഇത്.

ഇതിൽ പങ്കെടുക്കാൻ എത്തുമ്പോൾ തെങ്ങിൽ ഒരു പത്തടി ഉയരം വരെ കയറാൻ മാത്രമായിരിക്കും പഠിപ്പിക്കുക എന്നായിരുന്നു കരുതിയത് എന്നാണ് ചങ്ങാതിക്കൂട്ടത്തിലെ കാരണവത്തിയായ ശ്രീമതി വത്സമ്മ അപ്പച്ചൻ പറഞ്ഞത്. പരിശീലനം പൂർത്തിയാക്കുമ്പോൾ ശ്രീമതി വത്സമ്മ 16 മീറ്റർ ഉയരമുള്ള തെങ്ങിന്റെ മണ്ട വൃത്തിയാക്കുകയും തേങ്ങയിടുകയും ചെയ്തു. യന്ത്രം ഉണ്ടെങ്കിൽ അനായാസം തെങ്ങ് കയറാമെന്നാണ് പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടത്. വീട്ടമ്മമാർ, പഞ്ചായത്തംഗം, തൊഴിൽ രഹിതരായ യുവതികൾ, സന്നദ്ധ സംഘടന പ്രതിനിധികൾ, വിദ്യാർത്ഥി നികൾ തുടങ്ങി സ്ത്രീ സമൂഹത്തിന്റെ ഒരു പരിച്ഛേദം തന്നെയായിരുന്നു പഠിതാക്കളായി എത്തിയത്. യന്ത്ര വത്കൃത തെങ്ങ് കയറ്റവും തെങ്ങിന്റെ ശാസ്ത്രീയ പരിചരണ സംരക്ഷണ മുറകളും നാളികേരോൽപന്നങ്ങളുടെ സംസ്ക്കരണ രീതികളും പഠിക്കുക മാത്രമല്ല, സ്ത്രീ സമൂഹത്തിന് ശക്തിയും ധൈര്യവും ആത്മവിശ്വാസവും ഈ പരിശീലന പരിപാടി പകർന്ന് നൽകുകയും ചെയ്തതായി അവർ ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു. ആശയവിനിമയം, നേതൃത്വപാടവം തുടങ്ങിയ ക്ലാസ്സുകൾ അവരുടെ വ്യക്തിത്വവികാസത്തിന് കൂടുതൽ സഹായകരമായി എന്നും അവർ കൂട്ടിച്ചേർത്തു. തന്നേയുമല്ല ഇതു പോലെയുള്ള ഏതൊരു പ്രവൃത്തി ചെയ്യുന്നതിന് മുൻപും കൃത്യമായ ആസൂത്രണത്തോടെ, പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി അതനുസരിച്ച് പ്രവർത്തിക്കാനുള്ള പ്രാപ്തി നേടിയെന്നും, വരുമാനത്തിന്റെ ഒരു ഭാഗം നിശ്ചയമായും സമ്പാദിക്കുമെന്നും അവർ ഉറപ്പ് നൽകുന്നു.

ആദ്യത്തെ നാല് ബാച്ചുകളിലും തെങ്ങിന്റെ മണ്ടയിൽ കയറിയുള്ള കൃത്രിമ പരാഗണം, മരുന്ന് തളിക്കൽ തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിജ്ഞാനം പകർന്ന് നൽകിയത് ഈ മേഖലയിൽ കഴിവ് തെളിയിച്ചവർ തന്നെയായിരുന്നു. പക്ഷേ, വനിതകളുടെ ചങ്ങാതിക്കൂട്ടത്തിൽ ഇത് ചെയ്തത് പഠിതാക്കളിൽ ഒരാളായ ശ്രീമതി. റീനയായിരുന്നു. ഒരുപക്ഷേ, തെങ്ങിന്റെ മണ്ടയിൽ കയറി കൃത്രിമപരാഗണം നടത്തിയ ആദ്യവനിതയാകണം ഈ മിടുക്കി. നീലേശ്വരത്ത് ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്ന ഒരു ഇളനീർപന്തലിന് ഉടമയാണ് റീന. ഇളനീർ വെട്ടുന്നതിന് റീനയ്ക്ക് ഇനിമുതൽ ആരേയും ആശ്രയിക്കേണ്ട. കൃത്രിമപരാഗണം നടത്തി സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്ന സർക്കാർ പദ്ധതിയുണ്ടെങ്കിൽ അതിൽ പങ്കാളിയാകാനും ഇവർ തയ്യാർ. യന്ത്രം ഉപയോഗിച്ചും തളപ്പ് ഉപയോഗിച്ചും തെങ്ങിൽകയറി പരിചയമുള്ള രണ്ട് വനിതകൾ ഈ ബാച്ചിൽ ഉണ്ടായിരുന്നു. ശ്രീമതി ഉഷയും, ശ്രീമതി ലതയും. മറ്റുള്ളവർക്ക് എപ്പോഴും പ്രചോദനമായും



*തെങ്ങിൻ തലപ്പിൽ റീന*

ചിലപ്പോൾ പരിശീലകരുടെ റോളിലും ഇവർ നിലകൊണ്ടു. സ്നോബോൾ ഇളനീർ തയ്യാറാക്കുന്ന രീതി കണ്ടപ്പോൾ അത് സ്വയം ചെയ്ത് നോക്കാനുള്ള ഉഷയുടെ ആഗ്രഹം "കണ്ടുപഠിക്കുക, ചെയത് പഠിക്കുക" എന്ന പാഠ്യരീതിയോട് നീതി പുലർത്തുന്നതായി. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും തെങ്ങിന്റെ മണ്ടയിൽ കയറി സസ്യസംരക്ഷണമുറകൾ അനുവർത്തിക്കുന്നതിലും എല്ലാവരും ഒരുപോലെ ഉത്സാഹം കാട്ടി.

ചങ്ങാതിക്കൂട്ടത്തിലെ വിദ്യാർത്ഥിനികൾ പറയുന്നത് തങ്ങളുടെ പാഠ്യാവശ്യങ്ങൾക്കുള്ള വരുമാനം കണ്ടെത്തുവാൻ ഇതിലൂടെ കഴിയുമെന്നാണ്. തെങ്ങ് കയറ്റത്തെ ഭയപ്പാടോടെ കണ്ടിരുന്ന ലീല തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് പരിശീലനം പൂർത്തിയാക്കി നാട്ടിലേക്ക് തിരിച്ചത്. വെസ്റ്റ് എളേരി, ബളാൽ, കുറ്റിക്കോൽ, നിലേശ്വരം, കുംബ്ല, പൈവളിഗെ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നാണ് 17 പേരടങ്ങുന്ന ഈ വനിതാസംഘം പരിശീലനത്തിനെത്തിയത്. പരിശീലനാന ന്തരം നടത്തിയ കോക്കനട്ട് ഒളിംപിക്സിൽ പ്രസീത ചന്ദ്രൻ ഒന്നാം സ്ഥാനവും ബബിത ബാബു, സൗമ്യശ്രീ എന്നിവർ രണ്ടാംസ്ഥാനവും റീന മൂന്നാംസ്ഥാനവും കരസ്ഥമാക്കി. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഇവർക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനാർഹർക്കുള്ള ക്യാഷ് പ്രൈസും സിപിസിആർഐ ഡയറക്ടർ ഡോ. ജോർജ്ജ് പി. തോമസ് വിതരണം ചെയ്തു. ഈ പരിപാടിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുമായി അദ്ദേഹം എപ്പോഴും മുന്നിലുണ്ട്.

കൃഷി വിജ്ഞാനകേന്ദ്രം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ടി.എസ്. മനോജ് കുമാറിനോടൊപ്പം, ഡോ. തമ്പാൻ, ഡോ. കെ. ഷംസുദ്ദീൻ, ഡോ. എസ്. ലീന, ഡോ. ആർ. സനൽകുമാർ, ശ്രീമതി എം.പി. ജയശ്രീ, ശ്രീ. കെ. ശ്യാമപ്രസാദ്, ശ്രീ. കെ. മണികണ്ഠൻ, ശ്രീ. എ.ഒ. വർഗ്ഗീസ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും നിർവ്വഹിക്കുന്നു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ ശ്രീ. സി. ബാലകൃഷ്ണൻ മിതവ്യയവും സമ്പാദ്യശീലവും വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ പരിശീലനാർത്ഥികളിൽ തികഞ്ഞ അവബോധം സൃഷ്ടിക്കുന്നു. നാളികേര വികസന ബോർഡ് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ശ്രീ. വി. ജി. ചന്ദ്രശേഖരനാണ് കാസർകോട് ജില്ലയുടെ ചുമതല വഹിക്കുന്നത്. ഒരുകൂട്ടം തെങ്ങ്കയറ്റക്കാരെ സൃഷ്ടിക്കുന്നതിലുപരി, തെങ്ങുകൃഷിയുടെ ശാസ്ത്രീയ രീതികൾ തികഞ്ഞ വിശ്വാസത്തോടെ, നൈപുണ്യത്തോടെ ഏറ്റെടുക്കുവാൻ പ്രാപ്തിയുള്ള ഈ ചങ്ങാതിക്കൂട്ടം കേരകൃഷിമേഖലയ്ക്ക് ഒരു നവോന്മേഷം പകരുമെന്ന പ്രതീക്ഷ അദ്ദേഹം പങ്ക് വെയ്ക്കുന്നു. യന്ത്രവത്കൃത തെങ്ങ്കയറ്റത്തിൽ പരിശീലനം നൽകാൻ കോഴിക്കോട് നിന്നെത്തിയ ശ്രീ. ജോൺസണും, ശ്രീ ജെൻസണും ഈ സഹോദരിമാരുടെ ഉത്സാഹശീലത്തേയും അർപ്പണബോധത്തേയും പ്രകീർത്തിക്കുക മാത്രമല്ല, നേരത്തെ പരിശീലനം പൂർത്തിയാക്കിയ പുരുഷന്മാരേക്കാൾ ഒട്ടും പുറകിലല്ല ഇവരെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

സ്വന്തം വീട്ടുവളപ്പിലായാലും മറ്റ് വിസ്തൃതിയേറിയ കൃഷിയിടങ്ങളിലായാലും കൃഷിപ്പണികൾ നിർവ്വഹിക്കുന്നതിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്. അവരുടെ സജീവസാന്നിദ്ധ്യമുണ്ടെങ്കിലും, കാർഷിക മേഖലയിൽ പക്ഷേ; അത് അത്രയ്ക്കൊന്നും അറിയപ്പെടാറില്ല. പൊതുവേ, ഞാറ് നടീൽ, കള പറിയ്ക്കൽ, കൊയ്ത്ത്-മെതി തുടങ്ങിയവയാണ് സ്ത്രീകൾക്കായി മാറ്റിവെച്ചിരിക്കുന്ന കൃഷിപ്പണികൾ.



*ജില്ല സഹകരണ ബാങ്ക് ജനറൽ മാനേജർ ശ്രീ. സി. ബാലകൃഷ്ണൻ ക്ലാസ്സെടുക്കുന്നു*

ഇന്നിപ്പോൾ കാലം മാറി, പുരുഷന്മാർക്കൊപ്പം യന്ത്രവത്കൃത കാർഷികമേഖലയിലും സജീവ സാന്നിദ്ധ്യമായി സ്ത്രീകൾ മാറുകയാണ്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയ കാസർഗോഡിന്റെ ഈ ധീരവനിതകൾ നാളികേര വികസനബോർഡ് സൗജന്യമായി നൽകിയ തെങ്ങ് കയറ്റ യന്ത്രങ്ങളുമായി തെങ്ങിൻ തോപ്പുകളിലേക്ക് ഇറങ്ങിക്കഴിഞ്ഞു. ബോർഡ് വിഭാവനം ചെയ്ത പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണശൃംഖലയുടെ പ്രധാനകണ്ണികളും ഭാവിയിലെ വക്താക്കളുമാകുമിവർ എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇവരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് കൂടുതൽ വനിതകൾ ഈ മേഖലയിലേക്ക് എത്തിച്ചേരുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. വനിതാശാക്തീകരണത്തിന്റ കാസർകോടൻ മാതൃകയായി ഇത് തുടരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

---

*[1] സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് [2] പ്രോഗ്രാം കോ-ഓർഡിനേറ്റർ, കൃഷി വിജ്ഞാനകേന്ദ്രം, കാസർഗോഡ്*

# ചിപ്സിന്റെ പെരിയ ചിന്നമ്മ

**കെ.എസ്. സെബാസ്റ്റ്യൻ**



കോട്ടയം ജില്ലയിലെ മോനിപ്പിള്ളിയിൽ നിന്ന് 1980ൽ കോതമംഗലത്തിനടുത്ത് കുട്ടമ്പുഴയിൽ വന്ന് താമസിക്കുകയും പിന്നീട് 1996ൽ റബ്ബർ കൃഷിക്കായി തൃശൂർ ജില്ലയിൽ ആമ്പല്ലൂരി നടുത്ത് മുട്ടിത്തടിയിൽ സ്ഥിരതാമസമാക്കിയതുമാണ് ചിന്നമ്മ. 4 ഏക്കറോളം വരുന്ന തെങ്ങിലെ തേങ്ങ വിൽക്കുവാൻ ഉണ്ടായ ബുദ്ധിമുട്ടാണ് ചിന്നമ്മയെന്ന തനി വീട്ടമ്മയെ തേങ്ങയുടെ മൂല്യ വർദ്ധനവിനെക്കുറിച്ച് ചിന്തിപ്പിച്ചത്. ആദ്യമായി പരീക്ഷിച്ച ഉൽപന്നം തേങ്ങാപ്പാലിൽ നിന്ന് ഹണി (തേൻ) ആണ്. സ്ക്വാഷായും ജാമായും ഉപയോഗിക്കാവുന്ന രീതിയിലായിരുന്നു ഉൽപന്നം തയ്യാറാക്കിയിരുന്നത്. അതോടൊപ്പം തന്നെ തേങ്ങാവെള്ളത്തിൽ നിന്നും വിനാഗിരിയും ഉണ്ടാക്കി വിപണിയിലിറക്കി. ഈ രണ്ട് ഉൽപന്നങ്ങളും അയൽവാസികൾക്കും അവരിലൂടെ അറിഞ്ഞുവരുന്നവർക്കുമാണ് പ്രധാനമായും കൊടുത്തിരുന്നത്. എന്നാൽ 2001ൽ ഈ ഉൽപന്നങ്ങളുമായി തൃശൂർ പൂരം പ്രദർശനത്തിനുചെന്നപ്പോൾ അവിടെ കണ്ടുമുട്ടിയ കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരാണ് താരതമ്യേന പുതിയ നാളികേര ഉൽപന്നമായ ചിപ്സിനെ ചിന്നമ്മയ്ക്ക് പരിചയപ്പെടുത്തിയത്. ചിന്നമ്മയിലെ വ്യവസായ സംരംഭകയെ ഈ ഉൽപന്നത്തിന്റെ സാദ്ധ്യതകൾ പ്രലോഭിപ്പിച്ചുവെന്ന് പറയാം. പൂരം പ്രദർശനം പൂർത്തിയാക്കി ഏതാനും ദിവസങ്ങൾക്കകം ചിന്നമ്മയും ഭർത്താവ് ജോയിയും കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനത്തിന്റെ പ്രാദേശിക ഗവേഷണ കേന്ദ്രമായ കായംകുളത്ത് ചിപ്സ് നിർമ്മാണ പരിശീലനത്തിന് ചേർന്നു. ആ ബാച്ചിൽ 90 പേർ പരിശീലനം നേടിയെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ഈ ഉൽപന്നം നിർമ്മിക്കാനും വിപണനം നടത്താനും തുനിഞ്ഞത് ചിന്നമ്മ മാത്രമാണ്. ചിന്നൂസ് കോക്കനട്ട് പ്രൊഡക്ട്സിന്റെ ചരിത്രം ചിന്നമ്മയോടുതന്നെ ചോദിക്കാം.

***ചിന്നൂസ് കോക്കനട്ട് പ്രൊഡക്ട്സ് എപ്പോഴാണ് പ്രവർത്തനം ആരംഭിച്ചത്?***

2002ൽ ചിന്നൂസ് കോക്കനട്ട് പ്രൊഡക്ട്സ് എന്ന സ്ഥാപനം ഭർത്താവ് ജോയിയുമായി ചേർന്ന്, 8 ലക്ഷത്തോളം രൂപ മുടക്കി സ്ഥാപിച്ചു. കോക്കനട്ട് ചിപ്സ്, ബർഫി, കോക്കനട്ട് ബാൾസ്, വിനാഗിരി മുതലായവയായിരുന്നു പ്രധാന ഉൽപന്നങ്ങൾ. തനി അടുക്കളക്കാരിയായ എന്റെ വ്യവസായ സംരംഭത്തെ ആദ്യമൊന്നും അംഗീകരിക്കുവാൻ പല വാണിജ്യബാങ്കുകളും തയ്യാറായില്ലെങ്കിലും, സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ആമ്പല്ലൂർ ശാഖ നാല് ലക്ഷം രൂപ പദ്ധതിക്ക് ലോൺ നൽകി സഹായിച്ചു. നാളികേര വികസന ബോർഡ് നാളികേര ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി 1.85 ലക്ഷം രൂപ സബ്സിഡി നൽകിയിരുന്നു.

***ഉൽപന്ന നിർമ്മാണത്തിൽ നിങ്ങളുടെ പ്രത്യേകതയെന്താണ്?***


ഉൽപന്നങ്ങളെല്ലാം എന്റെ പരിപൂർണ്ണ മേൽനോട്ടത്തിൽ മാത്രമേ ഉണ്ടാക്കുകയുള്ളൂ. ചിപ്സിന് വാനില എസ്സൻസ് ചേർക്കുന്നതും, പഞ്ചസാര ലായനി തയ്യാറാക്കുന്നതും, ഓവൻ പ്രവർത്തിപ്പിക്കുന്നതും, ഉല്പന്നം പായ്ക്ക് ചെയ്യുന്നതും എല്ലാം എന്റെ മേൽനോട്ടത്തിലാണ്. ഇത് ഉൽപന്നത്തിന്റെ ഗുണനിലവാരത്തിലും രുചിയിലും സ്ഥിരത നിലനിർത്തുവാൻ സഹായിക്കുന്നു. 8 മാസം പ്രായമായ നാളികേരം മാത്രമേ ഞാൻ ചിപ്സ് ഉണ്ടാക്കുവാൻ ഉപയോഗിക്കാറുള്ളൂ. അതിൽ കൂടുതൽ മൂപ്പുള്ള നാളികേരം ഉപയോഗിച്ചാൽ ചിപ്സിന്റെ ഗുണം കുറയും.

***8 മാസം പ്രായമായ നാളികേരം എങ്ങനെ സംഭരിക്കുന്നു?***

പ്രധാനമായും സമീപപ്രദേശങ്ങളിൽ നിന്നുമാണ് നാളികേരം സംഭരിക്കുന്നത്. പ്രദേശവാസികൾക്ക് ഞങ്ങളുടെ ആവശ്യം അറിയാവുന്നതിനാൽ ഞങ്ങൾക്ക് ഉപയോഗിക്കുവാൻ പറ്റിയ നാളികേരം ബുദ്ധിമുട്ടില്ലാതെ ലഭിക്കുന്നുണ്ട്. കൂടാതെ നാളികേര കച്ചവടക്കാരും, കൊപ്ര കച്ചവടക്കാരും അവർ സംഭരിക്കുന്നതിൽ നിന്ന് വിളവ് കുറഞ്ഞ നാളികേരം നൽകാറുണ്ട്.

***കരിക്കിനേക്കാൾ മൂപ്പ് കൂടിയതും എന്നാൽ വിളഞ്ഞ നാളികേരത്തേക്കാൾ മൂപ്പ് കുറഞ്ഞതുമായ നാളികേരത്തിന് എന്ത് വിലയാണ് നൽകി വരുന്നത്?***

തൃശൂർ മാർക്കറ്റിലെ കൊപ്രവിലയുടെ മൂന്നിൽ ഒന്നാണ് ഒരു കിലോ പൊതിച്ച ഉരുളൻ നാളികേരത്തിന്റെ വിലയായി കണക്കാക്കുന്നത്. 10 കിലോ നാളികേരം വാങ്ങുമ്പോൾ 9 കിലോയുടെ വില കൊടുക്കുന്നു. ഒരു കിലോ വെള്ളത്തിന്റെ തൂക്കമായി കണക്കാക്കുന്നു. വടക്കൻ കേരളത്തിൽ പൊതുവേ കൊപ്രവിലയുടെ മുപ്പത് ശതമാനം പൊതിച്ച ഉരുളൻ നാളികേരത്തിന്റെ വിലയായി കണക്കാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ വിളഞ്ഞ നാളികേരത്തിന്റെ വിലയും ചിപ്സിന് ഉപയോഗിക്കുന്ന വിളവു കുറഞ്ഞ നാളികേരത്തിന്റെ വിലയും തുല്യമാണ്. എന്നാൽ വിളവ് കുറഞ്ഞ നാളികേരത്തിന് ഭാരം അധികമായതിനാൽ കർഷകർക്ക് വിളഞ്ഞ നാളികേരം വിൽക്കുന്നതിനേക്കാൾ ലാഭകരം വിളയാത്ത നാളികേരം ചിപ്സിനായി നൽകുന്നതാണ്.






*ചിന്നമ്മയുടെ ചിപ്സ്*

### *യൂണിറ്റിന്റെ സ്ഥാപിതശേഷി എത്രയാണ്? ഇത് മുഴുവൻ ഉപയോഗപ്പെടുത്തുന്നുണ്ടോ?*

നാല് ബാച്ചായി പ്രവർത്തിപ്പിച്ചാൽ ഒരു ദിവസം 100 കി.ഗ്രാം ചിപ്സ് ഉത്പാദിപ്പിക്കുവാനുള്ള സ്ഥാപിതശേഷി ഞങ്ങളുടെ യൂണിറ്റിന് ഉണ്ട്. 10 തേങ്ങയിൽ നിന്ന് 1 കി.ഗ്രാം ചിപ്സ് കിട്ടും. എന്നാൽ ഇപ്പോൾ ഒരു ദിവസം 25 കി.ഗ്രാം ചിപ്സ് മാത്രമേ നിർമ്മിക്കുന്നുള്ളൂ. ഉൽപന്നത്തിന്റെ 70 ശതമാനം 1.5 കിലോഗ്രാം പാക്കറ്റിലാക്കി ഹോട്ടലുകൾക്കും മറ്റും ഇടനിലക്കാർ വഴി വിൽക്കുകയും 30 ശതമാനം ചെറിയ പാക്കറ്റിലാക്കി (20 ഗ്രാം) സ്വന്തം വ്യാപാരനാമത്തിൽ വിൽക്കുകയും ചെയ്യുന്നു.

### *സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്?*

മാർക്കറ്റിലെ നിലവിലുള്ള ഡിമാന്റ് പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന ഒരു വിപണന സംവിധാനം ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്രശ്നം. തൊഴിലുറപ്പ് പദ്ധതിയെത്തുടർന്ന് സ്ത്രീ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞത് എന്റെ യൂണിറ്റിന്റെ ശേഷി ഉപയോഗത്തെ കാര്യമായി ബാധിക്കുന്നു. വിപണിക്ക് അധികം പരിചയമില്ലാത്ത ഉൽപന്നമായതിനാൽ പല വ്യാപര സ്ഥാപനങ്ങളും വലിയ ലാഭശതമാനം ആവശ്യപ്പെടുകയും ഉൽപന്നത്തിന്റെ വില രൊക്കം നൽകുവാൻ വിമുഖത കാണിക്കുകയും ചെയ്യുന്നു. കടമായി വലിയ അളവിൽ ഉൽപന്നം നൽകുവാൻ സാധിക്കാത്തത് വിപണി വിപുലപ്പെടുത്തുന്നതിനെ കാര്യമായി ബാധിക്കുന്നുണ്ട്.




*പത്രത്താളുകളിൽ നിറഞ്ഞ്*

### *എങ്ങനെയാണ് ഉൽപന്നം തയ്യാറാക്കുന്നത്?*

തേങ്ങ ആദ്യം രണ്ടായി പൊട്ടിച്ചെടുക്കുന്നു. അതിനുശേഷം രണ്ടുമുറികളുടേയും ചിരട്ട ചീളുകളായി പൊട്ടിച്ചെടുത്ത് കാമ്പ് വേർപെടുത്തുന്നു. കാമ്പിന്റെ പുറംതൊലി കത്തി ഉപയോഗിച്ച് കനം കുറച്ച് ചെത്തികളഞ്ഞതിനുശേഷം വെള്ളത്തിൽ ഇട്ടു നന്നായി കഴുകുന്നു. വെള്ളത്തിൽ നിന്നെടുത്ത് കനം കുറഞ്ഞ ചെറിയ കഷണങ്ങളായി അരിഞ്ഞ് വീണ്ടും വെള്ളം നിറഞ്ഞ മറ്റൊരു പാത്രത്തിലേക്കിടുന്നു. വെള്ളത്തിൽ നിന്നും വീണ്ടും കഴുകി വാരിയെടുത്ത് തിളപ്പിച്ച വെള്ളത്തിലിട്ട് അണുവിമുക്തമാക്കിയതിനുശേഷം പഞ്ചസാര ലായനിയിൽ ഒരുമണിക്കൂർ സൂക്ഷിക്കുന്നു. 10 ലിറ്റർ വെള്ളത്തിൽ 5 കി.ഗ്രാം പഞ്ചസാര ചേർത്താണ് ലായനി തയ്യാറാക്കുന്നത്. ലായനിയിൽ വാനില എസ്സൻസും അൽപം ഉപ്പും ചേർക്കുന്നു. ലായനിയിൽ നിന്നും അരിഞ്ഞ കഷണങ്ങൾ പുറത്തെടുത്ത് ജലാംശം പൂർണ്ണമായി വാർന്നുപോകാൻ അനുവദിച്ചതിനുശേഷം ഓവനിൽ വെച്ച് 5 മണിക്കൂർ ചൂടാക്കുന്നു. അതിനുശേഷം ഓവനിൽ നിന്നും ചിപ്സ് പുറത്തെടുത്ത് ചെറിയ ചൂടിൽതന്നെ പായ്ക്ക് ചെയ്യുന്നു. അലുമിനിയം ഫോയിൽ പാക്കിംഗ് ആണ് അനുഭവത്തിൽ ഏറ്റവും അനുയോജ്യമായി കണ്ടത്. അലുമിനിയം ഫോയിൽ പാക്കിംഗ് ഉപയോഗിക്കുകയാണെങ്കിൽ ചിപ്സ് 6 മാസം വരെ കേട് കൂടാതെയിരിക്കും. ഹോട്ടലുകൾക്കായി നൽകുന്ന വലിയ പാക്കിംഗിന് അലുമിനിയം ഫോയിൽ ഉപയോഗിക്കുന്നില്ല.

### *ഉൽപന്നത്തിന് എങ്ങനെയാണ് വിപണി കണ്ടെത്തുന്നത്?*

ആദ്യകാലത്ത് പ്രധാനമായും വിപണനമേളകളിലും, പ്രദർശനങ്ങളിലും പങ്കെടുത്തുകൊണ്ടായിരുന്നു ഉൽപന്നം വിപണനം ചെയ്തിരുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമായി ധാരാളം മേളകളിൽ പങ്കെടുത്തിരുന്നു. നാളികേര വികസന ബോർഡ് പങ്കെടുത്ത എല്ലാ പ്രധാനപ്പെട്ട മേളകളിലും ബോർഡിന്റെ സ്റ്റാളിൽ ഞങ്ങളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലും ഞങ്ങൾ വിപണനമേളകളിൽ പങ്കെടുത്തിട്ടുണ്ട്. പങ്കെടുത്ത എല്ലാ മേളകളിലും ഞങ്ങളുടെ ചിപ്സ് ചൂടപ്പം പോലെ വിറ്റഴിയാറുണ്ട്. ഞങ്ങളുടെ ഏറ്റവും വലിയ ആത്മവിശ്വാസവും അതുതന്നെയാണ്. ഒരു പാക്കറ്റ് വാങ്ങിക്കുവാൻ വരുന്നവർ ഒന്നിലധികം പാക്കറ്റുകൾ വാങ്ങി പോകുന്ന അനുഭവം ഞങ്ങൾക്ക് എല്ലായ്പ്പോഴും ഉണ്ടാകാറുണ്ട്. എന്നാൽ ഇങ്ങനെ നേടിയ ഉപഭോക്തൃ സ്വീകാര്യത നിലനിർത്തി കൊണ്ട് പോകുവാൻ ഞങ്ങൾക്ക് പലപ്പോഴും കഴിഞ്ഞിട്ടില്ല എന്നുള്ളത് പരമാർത്ഥമാണ്. അങ്ങനെ കഴിഞ്ഞിരുന്നു വെങ്കിൽ നാളികേര ചിപ്സിന്റെ വിപണി വിഹിതം ഇന്നത്തേതിന്റെ പതിന്മടങ്ങായി വികസിക്കുമായിരുന്നുവെന്ന് നിസ്സംശയം പറയാം.

### *ഇത്രയും സാധ്യതയുള്ള ഉൽപന്നമായിട്ടുമെന്തേ, കൂടുതൽ സംരംഭകർ ചിപ്സ് നിർമ്മാണത്തിലേക്ക് കടക്കാത്തത്?*

ധാരാളം പേർ ചിപ്സ് നിർമ്മാണത്തിലേക്ക് വരുന്നുണ്ട്. എന്നാൽ വരുന്നവർ പലരും പെട്ടെന്ന് തന്നെ പിൻവലിയുന്നതായാണ് കാണുന്നത്. സ്ഥിരമായ ഗുണനിലവാരം ഉൽപന്നത്തിന് നൽകാൻ കഴിയാത്തതിനാൽ പലർക്കും ഈ രംഗത്ത് പിടിച്ചുനിൽക്കുവാൻ കഴിയുന്നില്ല. തേങ്ങയുടെ തെരഞ്ഞെടുപ്പ് മുതൽ ഉൽപന്നം പായ്ക്ക് ചെയ്യുന്നതുവരെ നല്ല ശ്രദ്ധയുണ്ടെങ്കിൽ മാത്രമേ നമ്മൾ പ്രതീക്ഷിക്കുന്ന ഗുണനിലവാരം ഉൽപന്നത്തിന് കിട്ടുകയുള്ളൂ. എന്റെ യൂണിറ്റിൽ



ഉത്പാദനത്തിന്റെ എല്ലാ ഘട്ടത്തിലും എന്റെ മേൽനോട്ടം ഞാൻ ഉറപ്പാക്കാറുണ്ട്. ഗുണനിലവാരമില്ലാത്ത ഉൽപന്നങ്ങൾ കമ്പോളത്തിലിറക്കി അതിവേഗം വിപണിയിൽ നിന്നും പിൻമാറുന്ന പലരും ഈ ഉൽപന്നത്തിന്റെ വിപണനസാദ്ധ്യത നശിപ്പിക്കുകയാണ് ചെയ്യുന്നത്.

***വൻകിട കമ്പനിക്കാർ എന്താണ് ഈ മേഖലയിലേക്ക് കടന്ന് വരാത്തത്?***

അസംസ്കൃത വസ്തുവിന് ഇതിലും വിലക്കുറവിൽ ലഭിക്കുന്നതും, സുലഭമായ ലഭ്യതയുള്ളതും, ലാഭത്തോത് ഇതിലും ഉയർന്നതുമായ പല ഉൽപന്നങ്ങളും വിപണിയിലിറക്കി ലാഭം കൊയ്യാനുള്ള അവസരങ്ങൾ ഉള്ളതുകൊണ്ടാകാം വൻകിടക്കാർ ഈ രംഗത്തേക്ക് ഇതുവരെ കടന്ന് വരാത്തത്. എന്നാൽ അധികം വൈകാതെ ഇടത്തരം – വൻകിട കമ്പനികൾ നാളികേര ചിപ്സ് നിർമ്മാണത്തിലേക്ക് കടന്ന് വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ചെറുപ്പക്കാരുടെ ഇടയിൽ ഈ ഉൽപന്നത്തിന് വലിയ സാദ്ധ്യതകൾ ഞാൻ കാണുന്നുണ്ട്. ബാംഗ്ലൂർ പോലുള്ള പട്ടണങ്ങളിൽ ഞങ്ങൾ വിപണനമേളകളിൽ പങ്കെടുക്കുമ്പോൾ ചെറുപ്പക്കാർ, പ്രത്യേകിച്ച് ഐടി മേഖലയിൽ പ്രവർത്തിക്കുന്ന യുവതികൾ ധാരാളമായി ചിപ്സ് വാങ്ങിക്കുക പതിവാണ്. ഇവരിൽ പലരും ഒന്നിലധികം ചിപ്സ് പായ്ക്കറ്റുകൾ വാങ്ങിക്കുകയും തങ്ങളുടെ പട്ടണങ്ങളിൽ ചിപ്സ് സ്ഥിരമായി ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്യാറുണ്ട്. 2010 ജനുവരിയിൽ നാളികേര വികസനബോർഡ് ബാംഗ്ളൂരിൽ നടത്തിയ വിപണനമേളയിൽ പങ്കെടുത്ത ഞങ്ങളുടെ സ്റ്റാളിൽ മൂന്ന് ദിവസത്തേക്ക് വിപണനത്തിനായി കൊണ്ടുവന്ന ചിപ്സ് ആദ്യദിവസം ഏതാനും മണിക്കൂറുകൾക്കകം തന്നെ വിറ്റുപോയ അനുഭവം ഉണ്ടായി.

***ഈ മേഖലയിൽ മത്സരം ഭയപ്പെടുന്നുണ്ടോ?***

തീർച്ചയായും ഇല്ല. സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും എന്നാണ് എന്റെ ചിന്താഗതി. കൂടുതൽപേർ ഈ മേഖലയിലേക്ക് കടന്നുവന്നാൽ ഉൽപന്നത്തെക്കുറിച്ച് അധികം ആളുകൾ അറിയുവാനും, വിപണി വികസിക്കുവാനും സാദ്ധ്യതയേറെയാണ്. അങ്ങനെ വരുമ്പോൾ വിപണി പരിചയപ്പെടുത്തലിന്റെ ചെലവില്ലാതെ തന്നെ ഞങ്ങൾക്ക് ഉൽപന്നം യഥേഷ്ടം വിറ്റഴിക്കാമല്ലോ. ഇപ്പോൾ സാമ്പത്തിക പരിമിതിമൂലം ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടേയോ അച്ചടി മാദ്ധ്യമങ്ങളിലൂടേയോ ഉള്ള വിപണി വികസനശ്രമങ്ങൾ ഞങ്ങൾ നടത്തുന്നതേയില്ല. ഞങ്ങളുടെ ചിപ്സ് ഒരിക്കലെങ്കിലും കഴിച്ചിട്ടുള്ളവർ നൽകുന്ന പ്രചരണമാണ് ഞങ്ങളുടെ നിലനിൽപ്പിന്റെ ആധാരം.

***സംസ്ഥാനത്ത് രൂപീകൃതമായിരിക്കുന്ന പല നാളികേര ഉത്പാദകസംഘങ്ങളും നാളികേര ചിപ്സ് നിർമ്മാണത്തിൽ ഏർപ്പെടുവാൻ താൽപര്യം കാണിക്കുന്നുണ്ട്. അവർക്ക് നൽകുവാൻ എന്താണ് ഉപദേശം?***

മിതമായ മുതൽമുടക്കിൽ ചെയ്യാവുന്നതും, ന്യായമായ ലാഭം പ്രതീക്ഷിക്കാവുന്നതുമായ ഒരു വ്യവസായ സംരംഭമാണ് നാളികേര ചിപ്സ് നിർമ്മാണം. എന്നാൽ നിർമ്മാണപ്രക്രിയയിൽ നല്ല ശ്രദ്ധ ചെലുത്തിയാൽ മാത്രമേ ഉൽപന്നത്തിന് നല്ല ഗുണനിലവാരം പുലർത്തുവാൻ കഴിയുകയുള്ളൂ. നാളികേര ചിപ്സിന് രാജ്യത്തിനുള്ളിൽ വിപുലമായ ഒരു വിപണി വികസിപ്പിച്ചെടുക്കുവാൻ താരതമ്യേന എളുപ്പമാണെന്നാണ് എനിക്ക് തോന്നുന്നത്. ധാരാളം നാളികേരോത്പാദക സംഘങ്ങൾ ഈ രംഗത്തേക്ക് കടന്ന് വന്നാൽ അവയുടെ ഒരു കൺസോർഷ്യം ഉണ്ടാക്കി ഒരു പൊതുവായ വ്യാപാര നാമത്തിൽ ഉൽപന്നം വിപണനം ചെയ്യുവാനുള്ള ശ്രമങ്ങൾ നടത്തുകയും രാജ്യവ്യാപകമായി ഉൽപന്നത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്താൽ ആകാശം മുട്ടെ വളരുവാൻ ഈ മേഖലയക്ക് കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഉത്പാദക സംഘങ്ങളോ അവയുടെ ഫെഡറേഷനുകളോ നാളികേര സംസ്കരണ പ്രക്രിയയിൽ ഏർപ്പെടുമ്പോൾ മൂപ്പ് കുറഞ്ഞ നാളികേരം സംഭരിക്കേണ്ട അവസരങ്ങൾ ഉണ്ടാകുമെന്നുള്ളത് ഉറപ്പാണ്. ഇത്തരം യൂണിറ്റുകളോടനുബന്ധിച്ചോ, ഒന്നിലധികം യൂണിറ്റുകളോടനുബന്ധിച്ചോ ചിപ്സ് നിർമ്മാണം ആരംഭിച്ചാൽ ചിപ്സ് നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായ മൂപ്പ് കുറഞ്ഞ നാളികേരത്തിന്റെ ലഭ്യത ഉറപ്പാക്കാനും മറ്റ് നാളികേര ഉൽപന്നങ്ങളുടെ ഉത്പാദന പ്രക്രിയയിൽ വിളവ് കുറഞ്ഞ നാളികേരം ഉപയോഗിക്കുന്നതുമൂലമുണ്ടായേക്കാവുന്ന നഷ്ടസാദ്ധ്യതകൾ ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുവാനും കഴിയും.

***തുടക്കത്തിൽ ഉപോൽപന്നമായ നാളികേരവെള്ളത്തിൽ നിന്ന് വിനാഗിരി നിർമ്മിച്ച് വിപണനം ചെയ്യുന്നുണ്ടായിരുന്നുവല്ലോ. എന്നാലിപ്പോൾ എന്തുകൊണ്ടാണ് വിനാഗിരി നിർമ്മാണം തുടരാത്തത്?***

നാളികേരചിപ്സ് നിർമ്മാണ സ്ഥാപനങ്ങളുടെ ലാഭക്ഷമത ഉയർത്തുവാൻ വിനാഗിരി നിർമ്മാണം വളരെയധികം ഉപകരിക്കുമെന്നുള്ളത് ഉറപ്പാണ്. എന്നാൽ വിനാഗിരിയുടെ നിയമാനുസൃത വിപണനത്തിന് എഫ്പിഒ സർട്ടിഫിക്കേഷൻ അത്യന്താപേക്ഷിതമാണ്. ഈ സർട്ടിഫിക്കറ്റ് ലഭിക്കാൻ സംസ്ഥാന എക്സൈസ് വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. എന്നാൽ എന്നേപ്പോലെയുള്ള ചെറുകിട സംരംഭകർക്ക് എക്സൈസ് വകുപ്പിൽ നിന്നും നോ

ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയെന്നത് ബാലികേറാമലയായി തോന്നിയതിനാൽ ഞാൻ ആ വഴിക്ക് വലിയ ശ്രമങ്ങൾ നടത്തിയില്ലെന്നതാണ് സത്യം. പക്ഷേ കേരളത്തിൽ നാളികേരവെള്ളത്തിൽ നിന്നും വിനാഗിരി ഉണ്ടാക്കുന്ന രണ്ടോ-മൂന്നോ യൂണിറ്റുകൾക്ക് എക്സൈസ് വകുപ്പിന്റെ നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അറിവ്. നാളികേര വികസന ബോർഡ് നാളികേര ഉത്പാദക സംഘങ്ങളെ ഇത്തരം സർട്ടിഫിക്കറ്റുകൾ നേടിയെടുക്കുവാൻ സഹായിച്ചാൽ കാര്യങ്ങൾ കുറേക്കൂടി എളുപ്പമാകുമെന്നാണ് ഞാൻ കരുതുന്നത്.

***കാർഷിക മേഖലയിൽ മൂല്യവർദ്ധനവിനായി പ്രവർത്തിക്കുന്ന ചെറുകിട സംരംഭകർക്ക് സർക്കാർ ഏജൻസികളുടെ നിലവിലുള്ള സഹായ പദ്ധതികൾ പര്യാപ്തമാണെന്ന് തോന്നുന്നുണ്ടോ?***

നാളികേര സംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന നാളികേര ടെക്നോളജി മിഷൻ പദ്ധതി ഒരു പരിധിവരെ സഹായകരമാണ്. എന്നാൽ ഈ പദ്ധതിയിലൂടെ ഇപ്പോൾ നൽകുന്ന പദ്ധതി ചെലവിന്റെ 25 ശതമാനമെന്ന സഹായം 50 ശതമാനമായി ഉയർത്തിയാൽ ഈ മേഖലയിൽ ധാരാളം ചെറുകിട വ്യവസായ സംരംഭകർ കടന്ന് വരാൻ സാദ്ധ്യതയുണ്ട്. കൂടാതെ ഈ മേഖലയ്ക്ക് വായ്പ നൽകുവാൻ മടികാണിക്കുന്ന ബാങ്കുകളുടെ മന:സ്ഥിതി മാറ്റുവാൻ സർക്കാർ ഏജൻസികൾ ശ്രമിക്കണം. വിപണി വികസനത്തിന് സർക്കാർ ഏജൻസികൾക്ക് പദ്ധതിയുണ്ടെങ്കിലും ചെറുകിടക്കാർക്കും, തുടക്കകാർക്കും ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുവാൻ വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. തുടക്കകാർക്കും, പുതിയ ഉൽപന്നങ്ങൾ വിപണിയിലിറക്കുന്നവർക്കും വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ മാത്രം വിപണി വികസന സഹായം നൽകുന്ന രീതി തുടർന്നാൽ അർഹരായ പലർക്കും പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ കഴിയാതെ വരും.

***പുതുതായി നാളികേര സംസ്ക്കരണ മേഖലയിലേക്ക് കടന്ന് വരുന്ന ചെറുകിട വ്യവസായ സംരംഭകർക്ക് എന്ത് ഉപദേശമാണ് നൽകാനുള്ളത്?***

ചിപ്സ്, വിനാഗിരി, കൊപ്ര, നാളികേരം എന്നിവ ഉപയോഗിച്ചുള്ള പലഹാരങ്ങൾ ഒഴിച്ചുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് താരതമ്യേന ഉയർന്ന മുതൽമുടക്ക് ആവശ്യമാണ്. അതിനാൽ നല്ല ഗൃഹപാഠം ചെയ്തതിനുശേഷമേ ചെറുകിട സംരംഭകർ അത്തരം സംരംഭങ്ങളിലേക്കിറങ്ങാവൂ. ചിപ്സ്, വിനാഗിരി, നാളികേരം ഉപയോഗിച്ചുള്ള വിവിധയിനം പലഹാര നിർമ്മാണം എന്നിവ സ്ത്രീ സംരംഭകർക്ക് തികച്ചും അനുയോജ്യമായ വ്യവസായ സംരംഭങ്ങളാണ്. എന്നാൽ ഇത്തരം സംരംഭങ്ങൾ തങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് കൺസോർഷ്യം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ പ്രതീക്ഷിക്കുന്ന വിജയം കൈവരിക്കുവാൻ കഴിഞ്ഞില്ലെന്ന് വരാം, മറിച്ച് വിപണനത്തിനായി രൂപീകരിക്കുന്ന കൺസോർഷ്യം അംഗസംരംഭകരുടെ ഉൽപന്നങ്ങൾ ഒരു പൊതു വ്യാപാര നാമത്തിൽ വിപണനം ചെയ്യുകയും വിപണി വികസനത്തിനുള്ള എല്ലാ അവസരങ്ങളും, മാദ്ധ്യമങ്ങളും യഥോചിതം ഉപയോഗിക്കുകയും ചെയ്താൽ ഈ രംഗത്ത് വിജയം ഉറപ്പായിരിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല.

***മേൽവിലാസം:*** *വേങ്ങച്ചുവട്ടിൽ, മുട്ടിത്തടി പി.ഒ., ആലങ്ങോട്, തൃശൂർ ജില്ല, 0480 – 2658585.*

*അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി-11.*



# നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങളിലൂടെ വനിത ശാക്തീകരണം

സി. തമ്പാൻ, എസ്. ജയശേഖർ, കെ.പി. ചന്ദ്രൻ, കെ. മുരളീധരൻ

കാർഷിക മേഖലയിലും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തു ന്നതിലും വിപണന, സംസ്കരണ രംഗത്തും ഭക്ഷ്യ സംസ്കരണ ത്തിലും കർഷക തൊഴിലാളി മേഖലയിലും വനിതകളുടെ പങ്കിന് അംഗീകാരം നൽകേണ്ടതിന്റെ ആവശ്യകത ഇന്ത്യയുടെ ദേശീയ കാർഷിക നയത്തിൽ എടുത്ത് പറഞ്ഞിട്ടുണ്ട്. ഗ്രാമീണ വനിതയുടെ വരുമാനമാർഗ്ഗത്തിൽ സുസ്ഥിരമായ അഭിവൃദ്ധി ഉണ്ടാക്കുന്നതിനായി വായ്പാ സൗകര്യം, തൊഴിലവസരങ്ങൾ, സംരംഭ വികസനം, വരുമാന വർദ്ധനവിനുള്ള അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കേണ്ട താണ്. കാർഷിക മേഖലയിലെ വനിതകൾ കാർഷിക സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിലും മികച്ച നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. ഗ്രാമീണ വനിതകൾക്ക് സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് കാർഷികാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും വിവിധ കാർഷിക പരിപാടികൾ സൗകര്യമൊരുക്കി.

ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം ഉണ്ടാക്കുന്നതിനും തെങ്ങിന് അദ്വിതീയ സ്ഥാനമാണു ള്ളത്. നമ്മുടെ രാജ്യത്ത് ഒരു കോടിയോളം ജനങ്ങളാണ് ഉപജീവന ത്തിനായി തെങ്ങിനെ ആശ്രയിക്കുന്നത്. കൊപ്ര നിർമ്മാണം, വെളിച്ചെണ്ണ നിർമ്മാണം, കയർ നിർമ്മാണം എന്നിവയിലും ഒരു പരിധിവരെ തൂൾതേങ്ങ വ്യവസായത്തിലുമാണ് ഗ്രാമീണ മേഖല യിലെ ആയിരക്കണക്കിന് പാവപ്പെട്ട ജനങ്ങൾ തൊഴിലിനും വരുമാനത്തിനുമായി ആശ്രയം കണ്ടെത്തുന്നത്.

തേങ്ങ കാമ്പ്, തൊണ്ട്, ചിരട്ട, തടി, തേങ്ങാവെള്ളം, ഓല തുടങ്ങി തെങ്ങിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുംതന്നെ മൂല്യവർദ്ധിത ഉൽപന്നങ്ങളുണ്ടാക്കി ഗ്രാമീണവനിതകൾക്ക് വരുമാനം ഉണ്ടാക്കാനും തൊഴിൽ കണ്ടെത്താനും സാധിക്കും. കയർ മേഖലയിലാകട്ടെ 6.4 ലക്ഷത്തിലധികം പേർ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷവും ഗ്രാമീണ മേഖലയിൽ നിന്നുള്ള സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണ്. തൊണ്ടിൽ നിന്ന് ചകിരി വേർപെടുത്തുന്നതിലും കയർ ഉണ്ടാക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണ്. കേരളത്തിലെ കയർ വ്യവസായ രംഗത്ത് മാത്രം 4 ലക്ഷത്തിലേറെപേർ ജോലി ചെയ്യുന്നതിൽ 3.25 ലക്ഷവും സ്ത്രീകളാണ്.

'ദരിദ്രഗ്രാമീണ സമൂഹത്തിൽ സുസ്ഥിര നാളികേരാധിഷ്ഠിത വരുമാനം ഉണ്ടാക്കുവാൻ അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുക' എന്ന കോജെന്റ് പദ്ധതിയിൽ പറയുന്നത് പദ്ധതിയ്ക്ക് കീഴിലെ സംഘടനകളിൽ പ്രവർത്തിച്ചിരുന്ന വനിതാ അംഗങ്ങൾ കൊപ്രയിൽ നിന്ന് ലഭിച്ചിരുന്ന അവരുടെ മുൻകാല വരുമാനത്തെ അപേക്ഷിച്ച് ഉയർന്ന മൂല്യവർദ്ധിത നാളികേരോൽപന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിലൂടെ അവരുടെ വരുമാനത്തിൽ അഞ്ചിരട്ടി വർദ്ധനവ് ഉണ്ടാക്കിയെന്നാണ്. തൊഴിൽ രഹിതരായിരുന്ന ഗ്രാമീണ വനിതകൾക്ക് പദ്ധതി നടത്തിപ്പ് വഴി ലഭ്യമായ തൊഴിലവസരങ്ങളിലൂടെ ആത്മാഭിമാനം വർദ്ധിക്കുകയും സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണം ഉണ്ടാകുകയും ചെയ്തു.

പൊതുവേ കൊപ്ര, വെളിച്ചെണ്ണ, ചിരട്ടക്കരി, ടോയ്‌ലറ്റ് സോപ്പ്, നാളികേരാധിഷ്ഠിത ഭക്ഷ്യോൽപന്നങ്ങൾ, കയർ, വെർജിൻ വെളിച്ചെണ്ണ എന്നിവ നിർമ്മിക്കുന്ന സൂക്ഷ്മ സംരംഭങ്ങളാണ് പ്രധാനപ്പെട്ട സംരംഭങ്ങൾ എന്ന് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന പ്രൊജക്ടായ കുടുംബശ്രീ മിഷന്റെ കീഴിലുള്ള യൂണിറ്റുകളെ വിശകലനം ചെയ്താൽ മനസ്സിലാക്കാം. വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന വനിതാ സ്വാശ്രയ സംഘങ്ങളുടെ കേരശ്രീ യൂണിറ്റുകൾ കേരാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങളുടെ എണ്ണത്തിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നു. നാളികേര ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടി തൊഴിൽ രഹിതരായ ഗ്രാമീണ യുവതികൾക്ക് മെച്ചപ്പെട്ട വരുമാനവും ഉപജീവനമാർഗ്ഗവും ലഭിക്കുന്നതിന് വഴിയൊരുക്കി. പരിശീലനം നേടിയ 5250 പേരിൽ 390 പേർ വനിതകളായിരുന്നു.

കുടുംബശ്രീ യൂണിറ്റുകളെ കൂടാതെ സംസ്ഥാനത്ത് മറ്റ് ചില ഏജൻസികൾ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾക്ക് കീഴിലും നാളികേരാധിഷ്ഠിത സൂക്ഷ്മസംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 2003 മുതൽ പ്രവർത്തിക്കുന്ന സുഭിക്ഷയുടെ വിജയഗാഥ അവയിൽ മികച്ച് നിൽക്കുന്നു. സുഭിക്ഷ 700 വനിതാ



*ചകിരിച്ചാർ കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്*



*കമ്പോസ്റ്റ് യൂണിറ്റിലെ അംഗങ്ങൾ*



കമ്പോസ്റ്റ് ശേഖരിക്കുന്നു



പായ്ക്ക് ചെയ്ത കമ്പോസ്റ്റ്

സ്വാശ്രയസംഘങ്ങളുടെ ഫെഡറേഷനാണ്. നാളികേര ഉൽപന്നങ്ങളുടെ ഉത്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇതിലെ 7000 അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്നു. സുഭിക്ഷ നാൽപത്തിയൊന്നോളം മൂല്യവർദ്ധിത നാളികേരോൽപന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നുണ്ട്. സുഭിക്ഷയുടെ വാർഷിക വിറ്റുവരവ് 43.75 കോടി രൂപയും വാർഷിക അറ്റാദായം 16.68 കോടി രൂപയുമാണ്. ഒരു കുടുംബത്തിന്25140 രൂപ വാർഷിക വരുമാനം പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് വനിതാ സ്വാശ്രയസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നാളികേരാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങളിൽ ഭൂരിപക്ഷവും 2002 മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്ന് കാണാം. ഒരു നാളികേരാധിഷ്ഠിത സൂഷ്മസംരംഭ യൂണിറ്റിൽ ശരാശരി 8 അംഗങ്ങൾ പ്രവർത്തിക്കുന്നു. ഇവരിൽ ഭൂരിപക്ഷവും 35–45 വയസ്സ് പ്രായമുള്ളവരാണ്. 98 ശതമാനം പേർ സാക്ഷരരും അവരിൽതന്നെ 48 ശതമാനം പത്താം ക്ലാസ്സ് വിദ്യാഭ്യാസ മുള്ളവരുമാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന നാളികേരാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ പ്രധാനമായും സുഭിക്ഷയിൽ നിന്നും കുടുംബശ്രീയിൽ നിന്നുമാണ് ലഭ്യമായത്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, നാളികേര വികസനബോർഡ്, കുടുംബശ്രീ എന്നി ഏജൻസികളാണ് നാളികേരാധി.ഷ്ഠിത സൂക്ഷ്മ സംരംഭങ്ങളിൽ വനിതാസ്വാശ്രയസംഘങ്ങൾക്ക് പരിശീലനം നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ പദ്ധതി, നാളികേര വികസന ബോർഡ് എന്നിവ സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായവും പ്രോത്സാഹനവും നൽകി. വെർജിൻ വെളിച്ചെണ്ണ യൂണിറ്റ് തുടങ്ങുവാനാണ് എറ്റവുമധികം നിക്ഷേപം വേണ്ടിവരുന്നത്. സ്വാശ്രയ സംഘങ്ങളുടെ അഭിപ്രായത്തിൽ സാമ്പത്തിക ശാക്തീകരണം, ഉയർന്ന ആത്മാഭിമാനം, ആത്മവിശ്വാസം, കുടുംബത്തിൽ അധികാര വർദ്ധന, മെച്ചപ്പെട്ട സാമൂഹ്യ സമ്പർക്കം, മെച്ചപ്പെട്ട ആശയവിനിമയശേഷി എന്നിവയാണ് യൂണിറ്റുകളിലൂടെ ലഭിച്ച പ്രയോജനങ്ങൾ. ഉൽപന്ന വിപണനത്തിൽ നേരിടേണ്ടി വന്ന ബുദ്ധിമുട്ടാണ് നാളികേരാധിഷ്ഠിത സൂക്ഷ്മസംരംഭങ്ങൾ നടത്തുമ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം.

വനിത സ്വാശ്രയ സംഘങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന നാളികേരാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങൾ അവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വനിതകളുടെ ശാക്തീകരണത്തിൽ പ്രധാന പങ്ക് വഹിച്ചുവെന്ന് നിസ്സംശയം പറയാം. സാമ്പത്തിക അഭിവൃദ്ധിക്ക് പുറമേ വേറെയും ചില പ്രയോജനങ്ങൾ ഉണ്ടായി. പ്രചോദനത്തിലും, അഭിലാഷത്തിലുമുണ്ടായ വ്യാപ്തി, അധികാരസ്ഥാനത്തെക്കുറിച്ചുള്ള ഭയം മറികടക്കൽ, സ്വന്തം കഴിവുകളിലുള്ള വിശ്വാസം, കുടുംബത്തിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ അവകാശം, തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ പങ്കാളിത്തം എന്നിവ അവയിൽ ചിലതാണ്. പക്ഷേ; നാളികേരാധിഷ്ഠിത സൂക്ഷ്മസംരംഭങ്ങൾ സുസ്ഥിരമാക്കുന്നതിന് സ്ത്രീകൾക്ക് സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനും വായ്പ ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങളും, സംരംഭം സ്ഥാപിക്കുന്നതിനുള്ള കഴിവുകളും മെച്ചപ്പെടണം. വനിത സംഘടനകളിൽ പ്രവർത്തിക്കുന്നതും, വനിത ശാക്തീകരണവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യാപകമായ കഴിവുകളുള്ള മറ്റ് സംഘടനകളുമായി സഹവർത്തിത്വം ഉണ്ടാക്കുന്നതും പ്രാധാന്യമർഹിക്കുന്നു.

### ചകിരിച്ചോർ കമ്പോസ്റ്റ് ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന സൂക്ഷ്മസംരംഭം നടത്തുന്ന വനിതാ സ്വാശ്രയസംഘത്തിന്റെ വിജയഗാഥ

കോഴിക്കോട് ജില്ലയിലെ കാവിലുംപാറയിൽ 1999ൽ പ്രവർത്തനം ആരംഭിച്ച വനിത സ്വാശ്രയസംഘമാണ് ഗ്രാമജ്യോതി വനിത ജൈവവള നിർമ്മാണ യൂണിറ്റ്. ഏഴ് അംഗങ്ങളാണ് യൂണിറ്റിലുള്ളത്. അവർക്ക് കയർബോർഡിൽ നിന്നാണ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അവബോധം ലഭിച്ചത്. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സ്റ്റെഡും കയർബോർഡും നെല്ലിക്കുന്നിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ നിന്നാണ് അവർ പരിശീലനം നേടിയത്. അടിസ്ഥാന സൗകര്യങ്ങൾക്കും ഉപകരണങ്ങൾക്കുമായി ആദ്യം 3.1 ലക്ഷം രൂപ നിക്ഷേപിച്ചു. മൊത്തം ആവശ്യമായ തുകയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2 ലക്ഷം രൂപയും അമ്പതിനായിരം രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും സഹായധനമായി ലഭിച്ചു. കൈവേലിയിലെ ചകിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് ചകിരിച്ചോർ സംഭരിച്ചത്. കമ്പോസ്റ്റ് നിർമ്മിക്കാൻ 45 മുതൽ 50 ദിവസം വരെ വേണ്ടിവരുന്നു. ചകിരിച്ചോർ കമ്പോസ്റ്റ് കൂടുതൽ പോഷകസമൃദ്ധമാക്കുവാനായി എല്ലുപൊടി (20 ശതമാനം), വേപ്പിൻപിണ്ണാക്ക് (10 ശതമാനം), രാജ്ഫോസ് (10 ശതമാനം) എന്നിവ ചകിരിച്ചോറിൽ കലർത്തുന്നു. പതിനാല് ടണ്ണോളം കമ്പോസ്റ്റ് ഉത്പാദിപ്പിക്കുന്നുണ്ട്. 'സുരക്ഷ' എന്ന വ്യവസായ നാമത്തിൽ കിലോക്ക് 12 രൂപയ്ക്കാണ് വളം വിൽക്കുന്നത്. ഉത്പാദനച്ചെലവ് കിലോഗ്രാമിന് 9 രൂപ വരുന്നുണ്ട്. കഴിഞ്ഞവർഷം 16 ലക്ഷം രൂപയ്ക്ക് വളം വിൽക്കാൻ കഴിഞ്ഞു. ഒരംഗത്തിന് ശരാശരി ഒരു ദിവസം 200 രൂപ സമ്പാദിക്കാൻ കഴിയുന്നുണ്ട്. എസ് സി ബി ഡിപ്പോ, കൃഷിഭവൻ എന്നിവ വഴിയും നേരിട്ടും വളം വിൽപ്പന നടത്തുന്നുണ്ട്. സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യക്കുറവും വളം നിർമ്മാണത്തിനാവശ്യമായ ഫംഗസിന്റെ ലഭ്യതക്കുറവുമാണ് യൂണിറ്റ് നേരിടുന്ന പ്രധാനപ്രശ്നങ്ങൾ. പക്ഷേ വേതനത്തിനുപുറമേ വർഷത്തിലൊരിക്കൽ ലാഭവിഹിതമായി 30000 രൂപ ഓരോരുത്തർക്കും നേടാൻകഴിഞ്ഞതിൽ അംഗങ്ങളെല്ലാം വളരെയധികം സന്തുഷ്ടരാണ്.തങ്ങളുടെ ആത്മവിശ്വാസവും കുടുംബത്തിലെ സ്ഥാനവും മെച്ചപ്പെട്ടതായി ഓരോ അംഗവും വിശ്വസിക്കുന്നു.ആത്മാഭിമാനം മെച്ചപ്പെട്ടതും സാമൂഹിക സമ്പർക്കത്തിനുള്ള, അവസരങ്ങളുടെ വർദ്ധനയും ആശയവിനിമയശേഷി മെച്ചപ്പെട്ടതും ശാക്തീകരണത്തിന്റെ നേട്ടമായി അവർ കണക്കാക്കുന്നു, സ്വാശ്രയസംഘം കഴിഞ്ഞ 13 വർഷമായി സൂക്ഷ്മസംരംഭം വിജയകരമായി നടത്തിവരുന്നു. ശ്രീമതി കഷിക പ്രേമനാണ് സംഘത്തിന്റെ ഇപ്പോഴത്തെ കൺവീനർ.

*കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്ര സ്ഥാപനം, കാസർകോഡ്*

# കേര കൃഷിക്ക്

## ജനുവരി

- ഉത്തമ മാതൃവൃക്ഷത്തിൽ നിന്ന് വിത്തുതേങ്ങ ശേഖരണം ആരംഭിക്കുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20 ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക.

## ഫെബ്രുവരി

- തെങ്ങിന് ജലസേചനം തുടരുക.
- വിത്തുതേങ്ങ സംഭരണം തുടരാം.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക.
- എലികളെ നശിപ്പിക്കാൻ 10 ഗ്രാം വീതമുള്ള ബ്രോമോഡയലോൺ കട്ടകൾ 12 ദിവസത്തിലൊരിക്കൽ 5 തെങ്ങിന് ഒരെണ്ണം എന്ന കണക്കിൽ വെക്കുക

## മെയ്

- നല്ല വേനൽ മഴ ലഭിച്ചാൽ അത്യുത്പാദനശേഷിയുള്ള തൈകൾ നടുക.
- കാലവർഷാരംഭത്തോടെ തെങ്ങിന്റെ ചുവട്ടിൽ നിന്ന് 2 മീ. അകലത്തിൽ തടമെടുക്കുക.
- തെങ്ങൊന്നിന് 1 കി.ഗ്രാം കുമ്മായം എന്ന തോതിൽ തടത്തിൽ യോജിപ്പിക്കുക. കുമ്മായമിട്ട് 15 ദിവസത്തിന് ശേഷം മാത്രമേ മറ്റ് വളപ്രയോഗം നടത്താവൂ.
- തടത്തിന് ചുറ്റും ചണമ്പ്, തോട്ടപ്പയർ തുടങ്ങിയ പച്ചില വിത്തുകൾ വിതയ്ക്കുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- വിത്തുതേങ്ങകൾ നഴ്സറിയിൽ പാകാം. ഒരു വർഷമായ നഴ്സറി തൈകളിൽ മീലിമൂട്ടയുടെ ആക്രമണം നിയന്ത്രിക്കാൻ 2% വേപ്പെണ്ണ അല്ലെങ്കിൽ ഡൈമെത്തോയേറ്റ് ലിറ്ററിന് 1 മി.ലി. എന്ന കണക്കിൽ തളിക്കുക.

## ജൂൺ

- കുമ്മായമിട്ട് 15 ദിവസങ്ങൾക്കുശേഷം 50 കി.ഗ്രാം കാലിവളം/ മണ്ണിരകമ്പോസ്റ്റ് മുതലായ ജൈവവളങ്ങൾ ചേർക്കുക.
- ശുപാർശ ചെയ്തിട്ടുള്ള രാസവളപ്രയോഗം നടത്തുക
- കൂമ്പുചീയൽ കാണുന്ന പക്ഷം മൂർച്ചയേറിയ കത്തി ഉപയോഗിച്ച് കൂമ്പിലേയും മണ്ടയിലേയും ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റി 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് (100 ഗ്രാം തുരിശും 100 ഗ്രാം ചുണ്ണാമ്പും വെവ്വേറെ 500 മി.ലി. വീതം വെള്ളത്തിൽ കലക്കി ലയിപ്പിച്ച് ഒരു ലിറ്റർ കുഴമ്പാക്കിയത്) പുരട്ടിയ ശേഷം മഴ വെള്ളം കടക്കാത്ത രീതിയിലും എന്നാൽ ആവശ്യമായ വായുസഞ്ചാരം കിട്ടത്തക്കവിധത്തിലും പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് മൂടുക. മാങ്കോസെബ് (10%) എന്ന കുമിൾ നാശിനിയും ഉപയോഗിക്കാം.

## സെപ്തംബർ

- കളനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക.

## ഒക്ടോബർ

- തുലാവർഷാരംഭത്തോടെ രണ്ടാംഘട്ട രാസവളപ്രയോഗം നടത്തുക.
- കാറ്റുവീഴ്ച ബാധിതപ്രദേശങ്ങളിൽ 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് നൽകുക.
- കൊമ്പൻ ചെല്ലിയ്ക്കെതിരെ രാസനിയന്ത്രണ മാർഗ്ഗങ്ങളോടൊപ്പം ജൈവീക നിയന്ത്രണ മാർഗ്ഗങ്ങളും അനുവർത്തിക്കുക. ഇതിനായി മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

# ഒരു കലണ്ടർ

## മാർച്ച്

- തെങ്ങിന് ജലസേചനം തുടരുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണമാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടബാധ ഗുരുതരമായുള്ള ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ്, എലാസ്മസ് നിഫാന്റിഡിസ്, ബ്രാക്കിമേറിയ നൊസട്ടോയ് തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് സാധ്യമാക്കാം.
- എലികളെ നിയന്ത്രിക്കുക.

## ഏപ്രിൽ

- വേനൽമഴ തുടങ്ങുന്നതോടെ തൈകൾ നടാൻ കുഴികളെടുക്കുക.
- തെങ്ങിന് ജലസേചനം തുടരുക.
- വിത്തുതേങ്ങ സംഭരണം തുടരാം.
- ജൈവാവശിഷ്ടങ്ങൾകൊണ്ട് പുതയിടുക
- ഓലചീയൽ രോഗം രൂക്ഷമായപ്രദേശങ്ങളിൽ ഹെക്സാകോണോസോൾ (കോൺടഫ് 5 ഇ) തെങ്ങൊന്നിന് 2 മി.ലി. വീതം അല്ലെങ്കിൽ മാങ്കോസേബ് (ഡൈത്തേൻ എം. 45/ഇൻഡോഫിൽ എം.45) തെങ്ങൊന്നിന് 3 ഗ്രാം വീതം 300 മി.ലി.വെള്ളത്തിൽ കലക്കി നാമ്പോല കവിളുകളിലൊഴിക്കുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- എലികളെ നിയന്ത്രിക്കുക.

## ജൂലൈ

- തടത്തിൽ വിതച്ച പച്ചില വളച്ചെടികൾ പൂക്കുന്നതിന് മുമ്പ് തടത്തിൽ തന്നെ കിളച്ച് ചേർക്കുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് കീടബാധ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കുസോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം.

## ആഗസ്റ്റ്

- തെങ്ങിന്റെ മണ്ട വൃത്തിയാക്കുക.
- മച്ചിങ്ങ പൊഴിയാതിരിക്കാൻ കുലകൾ കെട്ടി/ താങ്ങി നിർത്തുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾക്ക് നല്ല പരിചരണം കൊടുക്കണം. കാറ്റുവീഴ്ചബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗം കാണുന്നുണ്ടെങ്കിൽ കൂമ്പോലയുടെയും അതിനുതൊട്ടടുത്ത രണ്ട് ഓലകളുടെയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചുമാറ്റുക.കുമിൾനാശിനികളായ ഹെക്സാകോണോസോൾ (കോൺടഫ് 5 ഇ) തെങ്ങൊന്നിന് 2 മി.ലി. വീതം അല്ലെങ്കിൽ മാങ്കോസേബ് (ഡൈത്തേൻ എം. 45/ഇൻഡോഫിൽ എം.45) തെങ്ങൊന്നിന് 3 ഗ്രാം വീതം 300 മി.ലി.വെള്ളത്തിൽ കലക്കി നാമ്പോല കവിളുകളിലൊഴിക്കുക.

## നവംബർ

- തെങ്ങിന് ജലസേചനം തുടരുക.
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണമാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- ഉത്തമ മാതൃവൃക്ഷം തെരഞ്ഞെടുക്കുക. ഇരുപത് വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ വേണം മാതൃ വൃക്ഷങ്ങളായി തെരഞ്ഞെടുക്കേണ്ടത്. പതിവായി കായ്ക്കുന്നതും വർഷത്തിൽ എൺപതിലധികം തേങ്ങ ലഭിക്കുന്നതും രോഗബാധയൊന്നുമില്ലാത്തതുമായ തെങ്ങുകളായിരിയ്ക്കണം. മുപ്പതിലധികം നന്നായി വിടർന്ന ഓലകളും ഓലകൾ എല്ലാ വശങ്ങളിലേക്കും വിരിഞ്ഞു നിൽക്കുന്നതും കുട പോലെയുള്ള മണ്ടയുള്ളതുമായ തെങ്ങായിരിക്കണം. നീളം കുറഞ്ഞതും കരുത്തുറ്റതുമായ ഓലമടൽ തെങ്ങിൻ തടിയുമായി നന്നായി ചേർന്നിരിക്കണം. കുലയുടെ തണ്ട് നീളം കുറഞ്ഞതും ദൃഢവും കരുത്തുറ്റതുമായിരിക്കണമെന്നു മാത്രമല്ല, കുലയിടിയുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കയുമരുത്.

## ഡിസംബർ

- ജലസേചനത്തിനായി ചാലുകൾ വൃത്തിയാക്കുക
- രോഗ-കീടബാധകൾക്കെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക.
- തെങ്ങിന് തടം എടുക്കുക. തടത്തിൽ ഉണങ്ങിയ ഓലയോ മറ്റോകൊണ്ട് പുതയിടുക. നന തുടങ്ങുക. ജലസേചനമുള്ള തെങ്ങിന് മൂന്നാംഗഡു വളം ചേർക്കാം. യൂറിയ, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 270 ഗ്രാം, 500 ഗ്രാം, 500 ഗ്രാം വീതം നൽകാവുന്നതാണ്.
- തെങ്ങിൻ മണ്ട വൃത്തിയാക്കുക.

# വനിത തൊഴിൽ സംരംഭം ഒരു വിജയഗാഥ

**ടി.എസ്. വിശ്വൻ**

നാളികേരത്തിൽ നിന്നും വിവിധ വിഭവങ്ങൾ തയ്യാറാക്കുന്നതിലും അവ ചൂടപ്പം പോലെ വിറ്റഴിക്കുന്നതിലും രാജ്യത്തിനുതന്നെ മാതൃകയാവുകയാണ് ആലപ്പുഴജില്ലയുടെ വടക്കേയറ്റത്ത് അരൂക്കുറ്റി ഫാർമേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള വനിതാകൂട്ടായ്മ. ക്ലബ്ബിലെ എട്ട് വനിതകൾ എട്ട് മാസം മുമ്പാണ് നാളികേര വിഭവങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനത്തിന് കായംകുളം കൃഷിവിജ്ഞാനകേന്ദ്രത്തിൽ പോയത്. പ്രധാന പരിശീലകയായ ജെസ്സിമാഡത്തിന്റെ നേതൃത്വത്തിൽ വിജ്ഞാനകേന്ദ്രത്തിൽ നിന്നും ലഭിച്ച പരിശീലനം തങ്ങൾക്ക് പ്രയോജനപ്പെട്ടതായി അംഗങ്ങൾ പറയുന്നു. ഒന്നല്ല ഒൻപതോളം വിഭവങ്ങളാണ് നാളികേരത്തിൽ നിന്നും ഇവർ ഉത്പാദിപ്പിക്കുന്നത്. അവ വിവിധ മേളകളിലും, ഉത്സവ പറമ്പുകളിലും, വീടുകളിലുമായി നിഷ്പ്രയാസം വിറ്റഴിക്കുന്നു. നാളികേരത്തിന് നല്ലകാലം വരാൻ ഇത്തരം തൊഴിൽ സംരഭങ്ങൾ സഹായകമാകുമന്നും ഈ സ്ത്രീ കൂട്ടായ്മ വിശ്വസിക്കുന്നു.

അരൂക്കുറ്റി ഗ്രാമത്തിന് പുത്തൻ ഉണർവ്വ് പകർന്ന് മഹിളാരത്നങ്ങൾ നിർമ്മിക്കുന്ന നാളികേരവിഭവങ്ങൾക്ക് ആവശ്യക്കാർ ഏറെയും നാട്ടുകാർതന്നെ! ഒട്ടുമിക്ക വീടുകളിലും അതിഥികൾക്കും മറ്റും നൽകാൻ ഇവർ ഉല്പാദിപ്പിക്കുന്ന കോക്കനെട്ട് ലെമൺ സ്ക്വാഷ് വാങ്ങി സൂക്ഷിക്കുന്നു. നാളികേരം വെട്ടി മധുരമുളള വെള്ളം ശേഖരിച്ച് തയ്യാറാക്കുന്നതാണ് കോക്കനെട്ട് ലെമൺസ്ക്വാഷ്. ചെറുനാരങ്ങാനീരും മധുരവും രാമച്ചവും നറുനീണ്ടിസത്തും ചേർത്ത് തയ്യാറാക്കുന്ന ഈ പാനീയത്തിൽ മറ്റ് കൃത്രിമ ഘടകങ്ങളൊന്നുമില്ല- ഒന്നര ടീസ്പൂൺ സ്ക്വാഷ് മതി വെള്ളം ചേർത്ത് ഒരു ഗ്ലാസ്സ് പാനീയമാക്കാൻ. കുട്ടികൾക്കായാലും മുതിർന്നവർക്കായാലും ഇതു ഗുണമേ ചെയ്യൂ. പ്രദർശനമേളകളിലും ഉത്സവ സ്ഥലത്തുമൊക്കെ ഏറ്റവുമധികം വിറ്റഴിക്കുന്നതും ഈ നാളികേര സ്ക്വാഷ് ആണ്.

കോക്കനെട്ട് ലഡു എന്നുകേട്ടാൽ നിസ്സാരഭാവം തോന്നാം. പക്ഷേ വൈറ്റ് ലഡു എന്നു വിശേഷിപ്പിക്കാവുന്ന നാളികേരലഡുവിനും നല്ല ഡിമാന്റാണ് കൈവന്നിരിക്കുന്നത്. പാകത്തിൽ മൂപ്പിച്ചെടുത്ത നാളികേരവും റവയും ചേർത്ത് മധുരവും മറ്റു ഘടകങ്ങളും കൂടിയാകുമ്പോൾ കാണാൻ മാത്രമല്ല രുചിക്കാനും മോഹിക്കുന്നവർ ധാരാളം! കൽക്കം ലഡു എന്ന മറ്റൊരിനത്തിനാവട്ടെ വിശ്വസിക്കാൻ പറ്റാത്ത നിലയിലാണ് ആവശ്യക്കാർ മുന്നോട്ടുവരുന്നത്. ഉരുക്കുവെളിച്ചെണ്ണ തയ്യാറാക്കുമ്പോൾ ശേഷിക്കുന്ന കൽക്കനിൽ വിവിധ നട്സും പഴങ്ങളും ചേർത്ത് തയ്യാറാക്കുന്ന കൽക്കം ലഡു വിശേഷപ്പെട്ട ഒരിനമാണെന്ന് ഉപഭോക്താക്കൾ ഒരേസ്വരത്തിൽ പറയുന്നു.

ശുദ്ധമായ ഉരുക്കുവെളിച്ചെണ്ണ ഉത്പാദിപ്പിക്കാനും വിവിധ അളവുകളിൽ ഏറ്റവും പുതിയ കുപ്പികളിൽ നിറച്ച് ആവശ്യക്കാർക്കു നൽകാനും ഫാർമേഴ്സ് ക്ലബ്ബിലെ വനിതകൾ നടത്തുന്ന പ്രവർത്തനങ്ങളെ എത്ര പ്രശംസിച്ചാലും മതിയാവില്ല. പിറന്നു വീണ പിഞ്ചുപൈതൽ മുതൽ പ്രായമായ അച്ഛനുമമ്മയ്ക്കും മുത്തശ്ശിയ്ക്കുമെല്ലാം ഉരുക്കു വെളിച്ചെണ്ണയുടെ മണവും ഗുണവുമനുഭവിക്കാൻ അവസരം കൂടിയാണ് ഫാർമേഴ്സ് ക്ലബ്ബ് ഒരുക്കിയിരിക്കുന്നത്. കറിവേപ്പിലയും നിശ്ചിത ധാന്യങ്ങളും പയറിനങ്ങളുമെല്ലാം പൊടിച്ചു ചേർത്തു തയ്യാറാക്കുന്ന തേങ്ങാചമ്മന്തിപ്പൊടിയും പ്രസിദ്ധിനേടിക്കഴിഞ്ഞു.

തേങ്ങാപ്പാലും ഇഞ്ചിയും ചേർത്തു തയ്യാർ ചെയ്യുന്ന കോക്കനെട്ട് ഇൻസ്റ്റന്റ് ഇഞ്ചി മിക്സ് അരുക്കുറ്റി ഫാർമേഴ്സ് ക്ലബ്ബിന്റെ സ്പെഷ്യൽ ഐറ്റങ്ങളിലൊന്നാണ്. വിലയല്പം കൂടിയാലും ഇവർ തയ്യാറാക്കുന്ന നാളികേര ഇഞ്ചിക്കൂട്ട് വാങ്ങാനെത്തുന്നവർ ഒട്ടും കുറവല്ലെന്നു പ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട് തന്നെ ആവശ്യപ്പെടുന്നതനുസരിച്ച് ഉത്പാദിപ്പിച്ചു നല്കുവാനുള്ള പ്രായോഗിക വൈഷമ്യങ്ങളും ഇവർ അനുഭവിക്കുന്നു.

കോക്കനെട്ട് ബിണ്ട്യ, കോക്കനെട്ട് ഫില്ലിംഗ്സ് തുടങ്ങിയ വിഭവങ്ങളും





*വനിത കൂട്ടായ്മ നാളികേര സംസ്ക്കരണ പ്രവർത്തനങ്ങളിൽ*



*നാളികേര ലഡുവിന്റെ പായ്ക്കിംഗ്*

ഫാർമേഴ്സ് ക്ലബ്ബിലെ വനിതാകൂട്ടായ്മ നിർമ്മിക്കുന്നുണ്ട്. നാളികേരത്തിനു പുറമെ മുതിര, ഉഴുന്ന്, എള്ള്, ശർക്കര എന്നിവ ചേർത്ത് ഉണങ്ങിയ വാഴയിലയിൽ പൊതിയുന്ന കോക്കനട്ട് ബിണ്ട്യയ്ക്കും ഏറെ പ്രിയം ലഭിച്ചിട്ടുണ്ട്. താമസിയാതെ നാളികേരത്തിന്റെ വെള്ളം ശേഖരിച്ച് വിനാഗിരി,നാളികേര ചിപ്സ്, പച്ചതേങ്ങയിൽ നിന്നും ചൂടാക്കാതെ തയ്യാറാക്കുന്ന "വെർജിൻ ഓയിൽ", കോക്കനട്ട് കുക്കീസ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഫാർമേഴ്സ് ക്ലബ്ബും വനിതാസംഘവും.

അരൂക്കുറ്റി ഫാർമേഴ്സ് ക്ലബ്ബിന്റെ മേൽപറഞ്ഞ തൊഴിൽ സംരംഭക പ്രവർത്തനങ്ങളെയും മൂല്യ വർദ്ധിത ഉൽപന്ന നിർമ്മാണത്തെയും സുതാര്യമായ വിപണി കണ്ടെത്തലിനെയും

ജില്ലയിലെ പീലിക്കോട് നാളികേര ഗവേഷണ കേന്ദ്രത്തിൽ വനിതകൾ പോകുന്നുണ്ടെന്ന് ഫാർമേഴ്സ് ക്ലബ്ബിന്റെ ട്രഷററും വനിതാ കൂട്ടായ്മയുടെ ലീഡറുമായ സൈനബ പറഞ്ഞു. ആബിദ, നൈലോഫർ, ഷീല, സാജിത, സോഫിയ, രാജേശ്വരി, റഹിയാനത്ത്, ഷക്കീല, സന്ധ്യ എന്നിവരാണ് തൊഴിൽ സംരംഭക കൂട്ടായ്മയിലെ മറ്റുള്ള വനിത അംഗങ്ങൾ.

നൂറംഗങ്ങളുള്ളതാണ് അരൂക്കുറ്റി ഫാർമേഴ്സ് ക്ലബ്ബ്. അംഗങ്ങളുടെ വീടുകളിൽ പച്ചക്കറി കൃഷി നടത്തുക, പച്ചക്കറികൾ കർഷകരിൽ നിന്നും ശേഖരിച്ച് സ്ഥിരം വിപണന കേന്ദ്രം നടത്തുക, അലങ്കാര മത്സ്യകൃഷിയിലേർപ്പെടുക തുടങ്ങിയ പ്രവർത്തനങ്ങളും ഫാർമേഴ്സ് ക്ലബ്ബ് ഏറ്റെടുത്തിട്ടുണ്ട്. എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിലും വിജയിപ്പിക്കുന്നതിലും പ്രസിഡന്റ് പി.ഡി.ജോഷിയും സെക്രട്ടറി കെ. ബാഹുലേയനും പ്രധാന പങ്കു വഹിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിപണനഘട്ടങ്ങളിലെ ഇടപെടൽ എന്നീകാര്യങ്ങളിൽ ക്ലബ്ബിലെ മറ്റ് പുരുഷ അംഗങ്ങളായ മുഹമ്മദ് ലുഖ്മാൻ, നാസർ, കെ. ആർ. രാജൻ തുടങ്ങിയവരുടെ സേവനവും വളരെ വിലപ്പെട്ടതാണെന്ന് സൈനബ വ്യക്തമാക്കി. അരൂക്കുറ്റി വടുതല ജെട്ടിക്കു സമീപമുള്ള വാടകകെട്ടിടത്തിലാണ് ഫാർമേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനവും നാളികേര ഉൽപന്ന നിർമ്മാണവും നടത്തുന്നത്.


ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ജലസേചന സാദ്ധ്യതകൾ കുറഞ്ഞ പ്രദേശമാണ് അരൂക്കുറ്റി. എന്നാൽ നന്നായി ജലസേചനം നടത്തി തെങ്ങു കൃഷി ചെയ്യുന്ന കർഷകർ ഇവിടെയുണ്ട്. കാമ്പുള്ള നാളികേരവും മധുരമുള്ള വെള്ളവും ലഭിക്കാൻ തെങ്ങിനെ നന്നായി പരിചരിക്കണമെന്ന പാഠം നാളികേര സംഭരണത്തിലൂടെയും ഉൽപന്ന നിർമ്മാണത്തിലൂടെയും



*കൽക്കം ലഡു*



*ഉരുക്ക് വെളിച്ചെണ്ണ*



*തേങ്ങ ചമ്മന്തിപ്പൊടി*

പ്രോത്സാഹിപ്പിക്കാൻ നബാർഡിന്റെ ആലപ്പുഴ ജില്ലാ ഓഫീസ് മുന്നോട്ട് വന്നിട്ടുണ്ട്. ഒരു സപ്പോർട്ടിംഗ് ഏജൻസിയായാണ് നബാർഡ് ക്ലബ്ബിനെ സഹായിക്കുന്നത്. സാമ്പത്തിക ഇടപാടുകൾക്കും സാങ്കേതിക സഹായത്തിനും സ്പോൺസറിംഗ് ഏജൻസിയായി ചേർത്തല താലൂക്ക് കാർഷിക സഹകരണ ബാങ്കും ഫാർമേഴ്സ് ക്ലബ്ബിനോടൊപ്പമുണ്ട്.ഫെബ്രുവരിമാസത്തിൽ നടന്ന വാരനാട് അഗ്രിഫെസ്റ്റിൽ ക്ലബ്ബിന് സ്റ്റാളുകൾ സ്പോൺസർ ചെയ്തതും ചേർത്തല കാർഡ് ബാങ്കാണ്.

നാട്ടിലെ കർഷകരിൽ നിന്നും നാളികേരം സംഭരിച്ച് വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനമാരംഭിച്ചിട്ട് ആറു മാസം പൂർത്തിയാകുന്നു. ഇതിനകം പതിനായിരം നാളികേരമാണ് ഇതിലേയ്ക്കായി ഫാർമേഴ്സ് ക്ലബ്ബ് വാങ്ങിയത്. ആറുമാസത്തെ അനുഭവങ്ങളെക്കുറിച്ചു പറയുമ്പോൾ ആറുവർഷത്തെ പരിചയസമ്പത്തു നേടിയ പ്രതീതിയാണ് വനിതാപ്രവർത്തകരിൽ കണ്ടത്. നാളികേര ഉൽപന്ന നിർമ്മാണത്തിൽ കൂടുതൽ വിദഗ്ധ പരിശീലനത്തിനായി ഈ വരുന്ന മാർച്ച് 22 ന് കാസറഗോട്

ക്ലബ്ബംഗങ്ങൾ പഠിച്ചതായി പ്രധാന പ്രവർത്തകരിലൊരാളായ നാസർ സൂചിപ്പിച്ചു. എട്ടും പത്തും വീതം കായ്ഫലമുള്ള തെങ്ങുകളുള്ളവരാണ് ഇവിടെ ഭൂരിപക്ഷം പേരും. ജലസേചനത്തിനും വളം ചെയ്യുന്നതിനും വിളവെടുക്കുന്നതിനും വിപണനം ചെയ്യുന്നതിനുമെല്ലാം സഹായകമായ നാളികേര ഉൽപാദക സംഘത്തിന് രൂപം കൊടുത്തിട്ടുണ്ടെന്ന് നാസർ പറഞ്ഞു. പൊതുവെ നാളികേര കർഷകരിൽ ഉണർവ്വും ആവേശവും പകരാൻ വൈവിധ്യമാർന്ന ഉൽപന്ന നിർമ്മാണവും അവയുടെ വിപണന രീതികളും സഹായിച്ചിട്ടുണ്ട്. നാളികേര ഉത്പാദക സംഘത്തിന്റെ പ്രവർത്തനവും കൂടിയാകുമ്പോൾ അരൂക്കുറ്റി ദേശത്തിന്റെ നാളികേരപ്പെരുമ വാനോളമുയരുമെന്ന പ്രത്യാശയിലാണ് ഫാർമേഴ്സ് ക്ലബ്ബും വനിത കുട്ടായ്മയും!

ഫോൺ: 9745203464, e-mail: afcharitha@gmail.com

*ചിന്ത, കരിക്കാട് പി.ഒ., തണ്ണീർമുക്കം, ചേർത്തല,*
*മൊബൈൽ: 9496884318*

# ഗ്രാമലക്ഷ്മി - ഗ്രാമീണ വനിതയ്ക്കൊരു കൈത്താങ്ങ്

**ബീന എസ്**



കൽപ വൃക്ഷമായ തെങ്ങ് അടിമുടി പ്രയോജനപ്രദമാണെന്നത് സുവിദിതമാണല്ലോ. തെങ്ങിൻ തടിയും ചിരട്ടയും ഉപയോഗിച്ച് കരകൗശല വസ്തുക്കളും ഗാർഹികോപയോഗ സാമഗ്രികളും നിർമ്മിക്കുന്ന ഒട്ടേറെ യൂണിറ്റുകൾ കേരളത്തിലൊട്ടാകെ പ്രവർത്തന നിരതമാണ്. കോട്ടയം ജില്ലയിൽ രാമപുരത്തിനടുത്ത് അമനകരയിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി കോക്കനട്ട് ഷെൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് സെന്റർ എന്ന യൂണിറ്റ് വനിതാസാരഥ്യത്തിൽ വനിതകൾ മാത്രം തൊഴിൽ ചെയ്യുന്ന സ്ഥാപനമെന്ന നിലയ്ക്കാണ് വ്യത്യസ്തമാകുന്നത്. ശ്രീമതി ലൈല ജോൺ നയിക്കുന്ന ഈ സ്ഥാപനത്തിൽ പതിനഞ്ചോളം വനിതകൾ ജോലി ചെയ്യുന്നു.

ഒൻപത് വർഷങ്ങൾക്ക് മുൻപ് 2003ൽ ആണ് ലൈല ഗ്രാമലക്ഷ്മി എന്ന സ്ഥാപനം ആരംഭിക്കുന്നത്. ഈ രംഗത്തേയ്ക്ക് കടക്കുന്നതിന് മുൻപ് ലൈലയും ഭർത്താവ് ജോണും കാഞ്ഞിരപ്പള്ളി അതിരൂപതയുടെ കീഴിലുള്ള മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയിലായിരുന്നു ജോലി ചെയ്തിരുന്നത്. വിവാഹാനന്തരം ലൈല ജോലി ഉപേക്ഷിച്ചുവെങ്കിലും ജോൺ അവിടെ തുടർന്നു. മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ വച്ച് ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന കണ്ണൂർ ജില്ലയിലെ ചന്ദനക്കാമ്പാറ സ്വദേശി ജോയിയെ പരിചയപ്പെട്ടത് ഇവരുടെ ജീവിതത്തിൽ വഴിത്തിരിവായി. ജോയിയുടെ നേതൃത്വത്തിൽ ലൈലയുടെ അമനകരയിലെ തറവാട് വീട്ടിൽ കരകൗശല വസ്തു നിർമ്മിക്കുന്നതിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. ലൈലയും ഭർത്താവ് ജോണും അടക്കം നാൽപതോളം പേരാണ് പ്രസ്തുത പരിപാടിയിൽ പരിശീലനം നേടിയത്. ആക്സോ ബ്ലേഡ് ഉപയോഗിച്ച് ചിരട്ട പല ആകൃതിയിൽ മുറിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിലായിരുന്നു പരിശീലനം.

പരിശീലനം നേടിയ ലൈല തറവാട് വീടിനോട് ചേർന്ന് ആദ്യ യൂണിറ്റ് സ്ഥാപിച്ചു. ആരംഭത്തിൽ ആക്സോ ബ്ലേഡ് മാത്രമായിരുന്ന പ്രവർത്തന ഉപകരണം. ആക്സോ ബ്ലേഡ് ഉപയോഗിക്കുന്നത് ആയാസകരമാണെന്ന് മാത്രമല്ല നിർമ്മിക്കുന്ന വസ്തുക്കളുടെ എണ്ണം വളരെ പരിമിതമായ തോതിലാണെന്നും മനസ്സിലാക്കിയ ലൈല യന്ത്രവത്ക്കരണത്തിലേയ്ക്ക് ചുവട് മാറി. ഇന്നിപ്പോൾ ചിരട്ട ആവശ്യമായ ആകൃതിയിലും വലിപ്പത്തിലും മുറിച്ചെടുക്കാൻ സാധിക്കുന്ന കട്ടിംഗ് മെഷീൻ, മുറിച്ചെടുത്ത ചിരട്ടയുടെ അരികുകൾ മിനുസപ്പെടുത്താൻ കാർവിംഗ് മെഷീൻ, രണ്ട് ഘട്ടങ്ങളിലായി ചിരട്ടയുടെ പുറം മിനുക്കാൻ ഷേപ്പിംഗ് മെഷീൻ, അന്തിമ മിനുക്കലിന് ബ്ലോവിംഗ് മെഷീൻ അങ്ങനെ പലതരം യന്ത്രങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തനം. ഇവ തന്നെ ആവശ്യമനുസരിച്ച് രൂപകൽപന ചെയ്യിച്ചെടുത്തവയാണ്.

പിന്നീട് തറവാട് വീടിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന യൂണിറ്റ് അമനകരയിൽ സഹകരണ ബാങ്ക് കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. കൂടാതെ, 2008ൽ സ്വന്തം വീടിനടുത്ത് ചേറ്റുകുളത്ത് വേറൊരു യൂണിറ്റും സ്ഥാപിച്ചു. ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിലാണ് ലൈല ആദ്യ കാലത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പിന്നീട്, കരകൗശല വസ്തുക്കളേക്കാൾ ഡിമാന്റ് ഗാർഹികോപയോഗ സാമഗ്രികൾക്കാണെന്ന് മനസ്സിലാക്കി. ഗാർഹികോപയോഗ സാമഗ്രികൾ (യൂട്ടിലിറ്റി ആർട്ടിക്കിൾ) നിർമ്മിക്കുന്നതിലേക്ക് തിരിയുകയായിരുന്നു. കരകൗശല വസ്തുക്കൾ കേടുപാടുകൾ സംഭവിക്കാതെ പായ്ക്ക് ചെയ്യുന്നതിലും കൈകാര്യം ചെയ്യുന്നതിലും അതീവ ശ്രദ്ധ പുലർത്തേണ്ടതുണ്ടെന്നും ലൈല പറയുന്നു. ഇപ്പോഴും കരകൗശല വസ്തുക്കൾ ചെറിയ തോതിൽ നിർമ്മിക്കുന്നുണ്ട്. പക്ഷേ, പ്രധാനമായും പല വലിപ്പത്തിലുള്ള തവികൾ, സ്പൂണുകൾ, ആഷ്ട്രേ, സൂപ്പ് ബൗൾ, ചിരട്ടപുട്ടുകുറ്റി എന്നിവയാണ് ചിരട്ടകൊണ്ട്



*തെങ്ങിൻ തടിയും ചിരട്ടയും കൊണ്ട് നിർമ്മിച്ച ഗാർഹികോപയോഗ സാമഗ്രികളും കരകൗശല വസ്തുവും*



*വനിതകൾ ഉൽപന്ന നിർമ്മാണത്തിൽ*



*1. തവിയുടെ പിടി ഡ്രില്ലിംഗ് മെഷീൻ ഉപയോഗിച്ച് ഉറപ്പിക്കുന്നു; 2. ചിരട്ട ആവശ്യമായ ആകൃതിയിൽ മുറിച്ചെടുക്കുന്നു*

നിർമ്മിക്കുന്നത്.

നിർമ്മാണത്തിനുപയോഗിക്കുന്ന ചിരട്ടയ്ക്കുമുണ്ട് പ്രത്യേകത. കൊപ്രയുണ്ടാക്കുന്ന തേങ്ങയുടെ ചിരട്ട ലൈല ഉപയോഗിക്കുന്നില്ല. ഏറെ വെയിലുകൊണ്ട് ഉണങ്ങിയതായതിനാൽ വേഗം പൊട്ടിപ്പോകുമെന്നതാണ് കാരണം. തേങ്ങ ചുരണ്ടിയെടുത്തതിനുശേഷമുള്ള ചിരട്ടയാണ് ഗ്രാമലക്ഷ്മിയിൽ ഉപയോഗിക്കുന്നത്. വിതരണക്കാരിൽ നിന്ന് ചിരട്ട മൊത്തമായി എടുക്കുകയാണ് പതിവ്. ഹോസ്റ്റലുകളിൽ നിന്നും മറ്റും നേരിട്ട് ശേഖരിക്കുകയും ചെയ്യുന്നുണ്ട്. ഒരു മാസം ഏകദേശം 1000–1200 കി.ഗ്രാമോളം ചിരട്ട യൂണിറ്റിന് ആവശ്യമായി വരുന്നുണ്ട്.

ചിരട്ടയ്ക്ക് പുറമെ തെങ്ങിൻ തടി ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഗ്രാമലക്ഷ്മിയിൽ നടക്കുന്നുണ്ട്. തവികളുടെയെല്ലാം പിടി (ഹാൻഡിൽ) തെങ്ങിൻ തടി കൊണ്ടാണ് ഉണ്ടാക്കുന്നത്. അത് കൂടാതെ, പപ്പടം കുത്തി, പല വലിപ്പത്തിലുള്ള ചട്ടുകങ്ങൾ, പുട്ടുകുറ്റിയുടെ മൂടി തുടങ്ങിയവ നിർമ്മിക്കാനും തെങ്ങിൻ തടി ഉപയോഗിക്കുന്നു. മിച്ചം വരുന്ന തടി കൊണ്ട് ഡ്രസ്സ് ഹാംഗർ ഉണ്ടാക്കുന്നു. തെങ്ങിൻ തടിയുടെ കാഠിന്യം കുറഞ്ഞ ഭാഗം ഉപയോഗിച്ച് തേനീച്ചപ്പെട്ടി നിർമ്മിച്ചും വിപണനം ചെയ്യുന്നുണ്ട്. ഒരു മാസം 10–15 തെങ്ങിന്റെ തടി യൂണിറ്റിൽ ആവശ്യമായി വരുന്നുണ്ട്. തടിയുടെ വിലയേക്കാൾ ഇവരെ അലട്ടുന്നത് തടി നിർമ്മാണ സ്ഥലത്തെത്തിക്കുന്നതിനും അറക്കുന്നതിനും മറ്റും വേണ്ടിവരുന്ന കൂലിച്ചെലവാണ്.

തങ്ങളുടെ ഉൽപന്നങ്ങൾക്ക് നല്ല വിപണിയുണ്ടെന്ന് ലൈല പറഞ്ഞു. ആവശ്യത്തിനനുസരിച്ച് നിർമ്മിച്ച് എത്തിച്ചു കൊടുക്കാൻ സാധിക്കാത്തതാണ് ലൈല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ആവശ്യത്തിന് ജോലിക്കാരെ ലഭിക്കാത്തത് കൊണ്ട് ഉൽപന്ന നിർമ്മാണത്തിൽ വേഗത കൈവരുന്നില്ല. യന്ത്ര സഹായത്തോടെയാണ് പ്രവർത്തിക്കുന്നതെങ്കിലും ഓരോ ഉൽപന്നത്തിന്റെയും പിറകിൽ കൈവേലയാണ് പ്രധാനം. തവികൾക്കും മറ്റും ഹാൻഡിൽ പശ വച്ച് ഒട്ടിക്കാനും ഡ്രില്ലിംഗ് മെഷീൻ ഉപയോഗിച്ചാണെങ്കിലും ആണിയടിച്ച് ഉറപ്പിക്കാനും മറ്റും കൈവേല കൂടിയേ തീരൂ. സമീപ പ്രദേശങ്ങളിലെ അവശ വിഭാഗങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ ലക്ഷ്യമിട്ടാണ് ലൈല ഗ്രാമലക്ഷ്മി സ്ഥാപിച്ചതു തന്നെ. തൊഴിലാളി ദൗർലഭ്യം മൂലം യൂണിറ്റിന്റെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താനാവുന്നില്ല. രണ്ട് യൂണിറ്റുകളിലായി 40 പേർക്ക് തൊഴിൽ സാധ്യതയുള്ളിടത്ത് പതിനഞ്ചോളം സ്ത്രീത്തൊഴിലാളികളാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. രാവിലെ 9.30 മുതൽ വൈകുന്നേരം നാലേ മുക്കാൽ വരെയാണ് പ്രവർത്തന സമയം. ആഴ്ചയിൽ ആറ് ദിവസം യൂണിറ്റ് പ്രവർത്തിക്കുന്നു. വീട്ടു ജോലികൾ എല്ലാം ചെയ്ത് കഴിഞ്ഞുള്ള ഒഴിവ് സമയമാണിവർ ഫലപ്രദമായി വിനിയോഗിക്കുന്നത്. അത്യാവശ്യ സമയങ്ങളിൽ ഇടയ്ക്ക് വീട്ടിലൊന്ന് പോയി വരാനുള്ള സൗകര്യവുമുണ്ട്. കുട്ടികൾ സ്കൂളിൽ നിന്നെത്തുമ്പോൾ യൂണിറ്റിൽ തന്നെ തങ്ങുവാനുള്ള സൗകര്യവും ചെയ്തു കൊടുത്തിരിക്കുന്നു. 4000 രൂപ മുതൽ 4500 രൂപ വരെ ഒരാൾക്ക് വേതനം ലഭിക്കുന്നുണ്ട്. വിൽപനയുടെ തോത് അനുസരിച്ചാണ് വേതനം നൽകുന്നത്. ഇത് കൂടാതെ, രാവിലെ 8.30 മുതൽ 9.30 വരെ അധിക ജോലി ചെയ്യുന്നവർക്ക് അതിനുള്ള അധിക വേതനം നൽകുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വന്നതിനുശേഷം സ്ത്രീത്തൊഴിലാളികളെ ലഭിക്കാൻ ബുദ്ധിമുട്ടാണെന്നാണ് ലൈലയുടെ അനുഭവം.

പതിനാല് ലക്ഷം രൂപയോളം മുതൽ മുടക്കിയാണ് ഗ്രാമലക്ഷ്മി യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്. നാളികേര വികസന ബോർഡിൽ നിന്ന് നാളികേര ടെക്നോളജി മിഷന് കീഴിൽ 3.74 ലക്ഷം രൂപയുടെ ധനസഹായം 2008ൽ ലഭിച്ചിരുന്നു.

ലൈല ജോണിനെ 2006ൽ സിറ്റി ഗ്രൂപ്പ് സൂക്ഷ്മ സംരംഭക അവാർഡ് നൽകി ആദരിച്ചു. സ്വന്തം കുടുംബം അടക്കം ഒൻപത് കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ് നൽകിയത്. ന്യൂ ഡൽഹിയിൽ അന്നത്തെ കേന്ദ്ര വാണിജ്യ സഹമന്ത്രി ശ്രീ ജയറാം രമേശിൽ നിന്നാണ് അവാർഡ് സ്വീകരിച്ചത്.

ഗ്രാമലക്ഷ്മിയുടെ ഉൽപന്നങ്ങൾക്ക് നല്ല ഡിമാന്റാണുള്ളത്. നാളികേര വികസന ബോർഡ് പങ്കെടുക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുത്താണ് പ്രധാനമായും വിപണി കണ്ടെത്തിയിരിക്കുന്നത്. ഇപ്പോൾ കൈരളി ഹാൻഡിക്രാഫ്ട്സ് എമ്പോറിയം, തിരുവനന്തപുരത്ത് എസ് എം എസ് ഇൻസ്റ്റിറ്റ്യൂട്ട്, എറണാകുളത്ത് ഖാദി ബോർഡ് എന്നിവിടങ്ങളിൽ ഉൽപന്നങ്ങൾ നൽകുന്നുണ്ട്. സമീപ പ്രദേശങ്ങളിലെ കടകളിലും ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലും വിൽപനയ്ക്കായി എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ഒന്ന്–ഒന്നര ലക്ഷം രൂപയാണ് ഗ്രാമലക്ഷ്മിയിൽ ഒരു മാസത്തെ വിറ്റുവരവ്.

ഗ്രാമലക്ഷ്മിയിൽ ചിരട്ട കൊണ്ടും തെങ്ങിൻ തടി ഉപയോഗിച്ചുമുള്ള ഉൽപന്ന നിർമ്മാണത്തിൽ വനിതകൾക്ക് പരിശീലനവും നൽകി വരുന്നു. ഏകദേശം നൂറ്റി ഇരുപതോളം വനിതകൾക്ക് ഇതിനോടകം പരിശീലനം നൽകി കഴിഞ്ഞു. ഇവരിൽ ചിലർ ഉൽപന്നങ്ങൾ നിർമ്മിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു എന്നതിൽ ലൈലയ്ക്ക് ചാരിതാർത്ഥ്യമുണ്ട്. അമനകരയിലും പരിസരപ്രദേശത്തുമുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ഒരു വരുമാന മാർഗ്ഗം കണ്ടെത്തിക്കൊടുത്ത് കുടുംബത്തിലും സമൂഹത്തിലും അർഹമായ സ്ഥാനം നേടിയെടുക്കാൻ സഹായിക്കുക വഴി ലൈല ജോൺ സ്തുത്യർഹമായ കർമ്മമാണ് ചെയ്യുന്നത്. മാത്രമല്ല, സ്വന്തം അദ്ധ്യാനത്തിലൂടെ സാമ്പത്തിക അഭിവൃദ്ധി കൈവരിക്കുകയും സമൂഹത്തിൽ മാന്യമായ സ്ഥാനം നേടിയെടുക്കുകയും ചെയ്തിരിക്കുന്നു എന്നതും പ്രശംസനീയമാണ്.

**മേൽവിലാസം:** ലൈല ജോൺ, ഗ്രാമലക്ഷ്മി കോക്കനട്ട് ഷെൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് സെന്റർ, തുമ്പോണത്ത് മലയിൽ, അമനകര പി.ഒ., രാമപുരം, കോട്ടയം., മൊബൈൽ: 9961434947.

*നാളികേര വികസന ബോർഡ്, കൊച്ചി-11*

# തെങ്ങുകൃഷിയുടെ പുനരുജ്ജീവനത്തിന് സ്ത്രീകളുടെ പങ്ക്

**പി. അനിതകുമാരി**

നമ്മുടെ രാജ്യത്തിന്റെ വളർച്ചയും കൃഷിയുടെ വികസനവും വളരേയേറെ ബന്ധപ്പെട്ടിരിക്കുന്നു. ഭക്ഷ്യസുരക്ഷ, സുരക്ഷിത ഭക്ഷണം. പോഷകസുരക്ഷ എന്നിവ ഒരു രാജ്യത്തിനും മാറ്റിവെയ്ക്കുവാനാകുന്ന രംഗങ്ങളല്ല. ചെറുകിട നാമമാത്ര കർഷകരുടെ പ്രധാനവിളകളിലൊന്നായ തെങ്ങും തെങ്ങധിഷ്ഠിത വിള സമ്പ്രദായങ്ങളും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇതിൽ സ്ത്രീകൾക്ക് കർഷകർ, കാർഷികരംഗത്തെ പങ്കാളികൾ എന്നീ നിലകളിൽ അർത്ഥവത്തായ സ്ഥാനമുണ്ട്. 2011ലെ സെൻസസ് പ്രകാരം കേരളത്തിൽ 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്നാണ് അനുപാതം. ഇത് ഗ്രാമപ്രദേശങ്ങളിൽ 1000 പുരുഷന്മാർക്ക് 1077 സ്ത്രീകളും നഗരപ്രദേശങ്ങളിൽ 1091 സ്ത്രീകളുമാണ്. ഇതിനോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ് ജനസാന്ദ്രതയുടെ കണക്കും. ഒരു സ്ക്വയർ കിലോമീറ്ററിൽ 859 ജനങ്ങൾ! തെങ്ങ് കൃഷിയുടെ വിവിധതലങ്ങളിൽ അനുയോജ്യമായ മേഖലകൾ കണ്ടെത്തി വനിത പങ്കാളിത്ത പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത് തെങ്ങുകൃഷിയുടെ പുനരുജ്ജീവനത്തിന് ആവശ്യമാണ്.

കയർ മേഖലയിലൊഴിച്ച് നാളികേര വികസനവുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ ദൃശ്യസാന്നിദ്ധ്യം കുറവാണെന്ന് കാണാം. തെങ്ങ്കൃഷിയുടെ പരിപാലനം, ഉൽപന്ന വൈവിധ്യവത്ക്കരണം, വിപണനം, യന്ത്രവത്ക്കരണം, തൊഴിൽ രംഗം, ഇടവിള/ മിശ്രവിളകൃഷി, ജൈവകൃഷി, സംഭരണരംഗം എന്നിങ്ങനെ സ്ത്രീകൾ ഒത്തുചേർന്ന തുടക്കങ്ങളും ഒറ്റപ്പെട്ട വിജയങ്ങളും വ്യാപകമായി അനുവർത്തിക്കേണ്ടതായിട്ടുണ്ട്. പ്രായോഗിക തലത്തിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ഇനി നോക്കാം.

### വിളവും വരുമാനവും ശാസ്ത്രീയ പരിപാലനത്തിലൂടെ

വീട്ടുമുറ്റത്തെ കൃഷിയാണ് തെങ്ങെന്നത് അതിന്റെ പരിപാലനത്തിൽ ഏറ്റവും ശ്രദ്ധിക്കാമെന്നതിന്റെ ഒരു ഘടകമാണ്. എന്നാൽ തെങ്ങിന്റെ പരിപാലനത്തിൽ വേണ്ടത്ര താല്പര്യം നാം കാണിക്കുന്നുണ്ടോ? വീട്ടമ്മമാർക്കും താല്പര്യമുള്ള ഏവർക്കും ചെയ്യാവുന്ന കാര്യങ്ങൾ ഒഴിവാക്കാതിരിക്കുന്നത് തെങ്ങുകൃഷിക്ക് നന്നാണ്. നഴ്സറിയിലെ പരിപാലനമുറകൾ, അതായത് മുളയ്ക്കാത്ത വിത്ത്തേങ്ങകൾ നീക്കം ചെയ്യുക, തണൽ നൽകുക, ജലസേചനം ചെയ്യുക, തൈകൾക്ക് ചിതൽ, മറ്റ് കീടങ്ങൾ, രോഗലക്ഷണങ്ങൾ എന്നിവ നിരീക്ഷിച്ച് നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുക എന്നിവ ചെയ്യാവുന്നതാണ്. ഏറെയൊന്നും കായികാദ്ധ്വാനമില്ലാത്ത ഇത്തരം കാര്യങ്ങൾ മികച്ച തെങ്ങിൻ തൈകളുടെ ഉത്പാദനത്തിന് സഹായകരമാണ്.

തെങ്ങിൻ തൈകൾ പറിച്ച് നട്ടുകഴിഞ്ഞാൽ നൽകേണ്ട കരുതലും പരിചരണവും സ്ത്രീകൾക്ക് ഒരു കുഞ്ഞിനോടെന്നവണ്ണം ചെയ്യാവുന്നതാണ്. പിന്നീടുള്ള വളർച്ച. ആരോഗ്യം, വിളവ്, രോഗകീട പ്രതിരോധശേഷി എന്നിവയിൽ തൈകളുടെ പരിചരണം പ്രതിഫലിക്കുമെന്നതിൽ സംശയമില്ല. ചിട്ടയായ നിരീക്ഷണത്തിലൂടെ രോഗകീടബാധ നേരത്തേ തിരിച്ചറിയുക, ചെല്ലികൾക്കെതിരെ മുൻകരുതൽ നടപടികൾ (നാമ്പോലക്കവിളുകളിൽ പാറ്റഗുളിക, വേപ്പിൻ പിണ്ണാക്ക്, ഉപ്പും ചാരവും മണലും മിശ്രിതം, കീടനാശിനി മണൽ മിശ്രിതം എന്നിവയേതെങ്കിലും നിറയ്ക്കുക) സ്വീകരിക്കുക, വേനൽക്കാല പരിചരണം, സമായസമയങ്ങളിലെ വളപ്രയോഗം എന്നിവ മനസ്സ് വെച്ചാൽ ഏത് സ്ത്രീകൾക്കും അനുവർത്തിക്കാം.

നമ്മുടെ സംസ്ഥാനത്തിലെ തെങ്ങിൻ പുരയിടങ്ങളുടെ ശരാശരി വിസ്തീർണ്ണം 0.2 ഹെക്ടർ മാത്രമാണ്. കുടുംബകൃഷിയെന്ന നിലയിൽ പങ്കാളികളാകാൻ പറ്റിയ വിളയാണ് നമ്മുടെ തെങ്ങ് ! വർഷം തോറും കുറച്ച് സമയവും ഒത്തിരി മനസ്സും തെങ്ങിന് നൽകണം. കായ്ക്കുന്ന തെങ്ങുകൾക്കും വേനൽമഴയോടെ തടത്തിൽ പയർ വർഗ്ഗച്ചെടികൾ വിതച്ച് പൂത്ത് തുടങ്ങുമ്പോൾ ചേർക്കുക, പച്ചിലവളം ചേർക്കുക, രാസവളം ശാസ്ത്രീയമായി നൽകുക, ചെന്നീരൊലിപ്പ് രോഗലക്ഷണങ്ങൾ കണ്ടെത്തി ജൈവിക മാർഗ്ഗങ്ങൾ അനുവർത്തിക്കുക, തടങ്ങളിൽ പുതയിടുക, ജൈവ പുന:ചംക്രമണം നടത്തുക തുടങ്ങിയ എത്രയോ കാര്യങ്ങളിൽ സ്ത്രീകൾക്ക് പങ്ക്ചേരാം.

### സ്ത്രീകൾക്ക് പ്രിയങ്കരം – ഇടവിളക്കൃഷി

കേന്ദ്രതോട്ടവിളഗവേഷണ സ്ഥാപനം നടത്തിയ ഒരു പഠനത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ അറിവും, താല്പര്യവും, സാങ്കേതികവിദ്യയുടെ ആവശ്യകതയും രേഖപ്പെടുത്തിയത് പുരയിടത്തിലെ ഇടവിളകളുടെ കാര്യത്തിലായിരുന്നു. തൊടികളിലെ രാസകീടനാശിനി കളില്ലാത്ത, തികച്ചും പുതുമയാർന്ന ഇടവിളകളുടെ ഉൽപന്നങ്ങൾ അടുക്കളയിൽ രുചിയും മണവും കുടുംബാംഗങ്ങളുടെ പോഷണവും നൽകുമെന്നത് അടുക്കളയുടെ അധികാരിയായ സ്ത്രീകളല്ലെങ്കിൽ മറ്റാരാണ് തിരിച്ചറിയുക.

നാളികേരത്തിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാളികേരത്തിന്റേയും വെളിച്ചെണ്ണയുടേയും പോഷകമൂല്യങ്ങൾ, ആരോഗ്യഭക്ഷണം എന്ന മഹിമ, കരിക്കിന്റെ അമൂല്യമായ ഗുണങ്ങൾ ഒക്കെ കുടുംബാംഗങ്ങളിലും മറ്റ് സ്ത്രീകളിലും സമൂഹത്തിലും എത്തിക്കാനുള്ള യജ്ഞവും വനിതകളുടെ ഉത്തരവാദിത്വമായി ഏറ്റെടുക്കാം!

ഓരോ പുരയിടത്തിലും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, ചെറിയ മുട്ടക്കോഴി വളർത്തൽ യൂണിറ്റ്, പശു വളർത്തൽ, ആട് വളർത്തൽ എന്നിവയിൽ സ്ത്രീകൾക്കുള്ള അനുഭവപാഠങ്ങൾ,

അറിവ്, വൈദഗ്ദ്ധ്യം എന്നിവ ഉപയോഗപ്പെടുത്തേണ്ടതാണ്. സ്ത്രീകൂട്ടായ്മകൾക്ക് ജൈവതെങ്ങുകൃഷിയുൾപ്പെടെയുള്ള രംഗങ്ങളിൽ വിജയം കൈവരിക്കുവാൻ കേരകൃഷിസമൂഹം പിന്തുണ നൽകേണ്ടതാണ്.

**തെങ്ങധിഷ്ഠിത ഉൽപന്നങ്ങൾ - മൂല്യവർദ്ധനവ്, വരുമാനം**

തെങ്ങിന്റെ വിവിധ ഘടകങ്ങൾ ഉപയോഗിച്ച് വൈവിധ്യമാർന്ന ഉൽപന്നങ്ങൾ തയ്യാറാക്കി വിപണനം ചെയ്ത് ജീവിതത്തിൽ വിജയിച്ച ഒട്ടേറെ വനിതാമാതൃകകൾ ഉണ്ട്. തെങ്ങിന്റെ വിവിധ ജൈവഭാഗങ്ങൾ ഉപയോഗിച്ച് മണ്ണിരകമ്പോസ്റ്റ്, കൂൺകൃഷി, കരകൗശല നിർമ്മാണം, നിത്യോപയോഗ സാധനങ്ങൾ (ചൂല്, തവി, ഈർക്കിൽ ഉൽപന്നങ്ങൾ, ഓലകൊണ്ടുള്ള ഉൽപന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ, കൊപ്രഡ്രയറുകൾ ഉപയോഗിച്ച് ഗുണമേന്മയുള്ള കൊപ്ര തയ്യാറാക്കൽ, ഉരുക്ക് വെളിച്ചെണ്ണ, തേങ്ങാവെള്ള ഉൽപന്നങ്ങൾ, തൊണ്ട് ശേഖരണവും സംസ്ക്കരണവും തുടങ്ങി സ്ത്രീകൾക്കും അവരുടെ കൂട്ടായ്മകൾക്കും കേരകൃഷിയിൽ കണ്ടെത്താവുന്ന സാധ്യതകൾ ഏറെയാണ്.

കരിക്കിന്റ ഉത്പാദനത്തിനായി കുറിയ ഇനങ്ങൾ വെച്ച് പിടിപ്പിക്കുവാനും കരിക്കിന്റെ വിപണനത്തിൽ സജീവമായി ഏർപ്പെടാനും സ്ത്രീകൾ മുന്നോട്ട് വരേണ്ടതായിട്ടുണ്ട്.

**തെങ്ങ് കൃഷിയിൽ ശാസ്ത്രീയ നിർദ്ദേശങ്ങളുടെ അനുവർത്തനം**

മനസ്സുണ്ടെങ്കിൽ പോലും പല ശാസ്ത്രീയ ശുപാർശകളും അനുവർത്തിക്കാനാകാതെ വരുന്നത് മിക്കപ്പോഴും ആവശ്യമായ ഉപാധികളുടെ ലഭ്യതക്കുറവ് മൂലമാണെന്ന് കാണാം. ഉദാഹരണത്തിന് ജൈവിക നിയന്ത്രണത്തിന് ആവശ്യമായ ട്രൈക്കോഡെർമ, മെറ്റാറൈസിയം കുമിൾ (കൊമ്പൻചെല്ലിക്കെതിരെ അവയുടെ പ്രജനന സ്ഥലങ്ങളിൽ പ്രയോഗിക്കാം), കമ്പോസ്റ്റ്, വെർമി വാഷ് എന്നിവയുടെ വിപണനം, തെങ്ങിൻ തൈകൾ/ ഇടവിള, മിശ്രവിളകളുടെ നടീൽ വസ്തുക്കളുടെ ഉത്പാദനം എന്നിവയും കാർഷിക വളർച്ചക്ക് ഒരു കൈസഹായം നൽകാൻ വളയിട്ട കരങ്ങൾക്കുള്ള അവസരങ്ങളാണ്.

**സമൂഹം ഒപ്പം നിൽക്കണം**

കേരസമൂഹം - കർഷകർ, കൂട്ടായ്മകൾ, ഗവേഷണ വികസന ഏജൻസികൾ, മാധ്യമങ്ങൾ, വിജ്ഞാന വ്യാപന വിഭാഗങ്ങൾ തുടങ്ങിയവരൊക്കെ കേരകൃഷിയിലേക്ക് സ്ത്രീകളുടെ പങ്കും സംഭാവനകളും വർദ്ധിപ്പിക്കാൻ ഒപ്പം നിൽക്കേണ്ടതുണ്ട്. അവയ്ക്ക് ആവശ്യമായ പരിശീലനങ്ങൾ, സാങ്കേതിക വിദ്യകൾ, സാങ്കേതിക പിന്തുണ, സ്ത്രീപക്ഷ നയങ്ങൾ രൂപീകരിക്കലും നടപ്പാക്കലും, പ്രവർത്തനമികവിന് അംഗീകാരം എന്നിവയും നടപ്പാക്കേണ്ടതാണ്. വിവിധ കാർഷികമേഖലകളുടെ സംയോജനം തെങ്ങധിഷ്ഠിത കൃഷിയുടെ മൂല്യം വർദ്ധിപ്പിക്കും.

സമൂഹത്തിനൊപ്പം മുന്നേറാനും കേരകൃഷിയുടെ തോഴികളായി സ്ഥാനം ഉറപ്പിക്കാനും; സ്ത്രീകൾക്കും അവരുടെ കൂട്ടായ്മകൾക്കും വഴിയൊരുക്കുന്ന ഭാവി പ്രവർത്തനങ്ങൾ തെങ്ങുകൃഷിയുടെ പുനരുജ്ജീവനത്തിന് ഊർജ്ജം പകരും.

*സീനിയർ സയന്റിസ്റ്റ്, സിപിസിആർഐ, പ്രാദേശിക സ്റ്റേഷൻ, കായംകുളം*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | **60 ക.** | **1600 ക.** |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | **200 ക.** | **5000 ക.** |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | **40 ക.** | **1000 ക.** |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | **40 ക.** | **1000 ക.** |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | **40 ക.** | **1000 ക.** |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | **40 ക.** | **1000 ക.** |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർക്കുന്ന ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം - വനിത ശാക്തീകരണത്തിന് ഉത്തമമാതൃക

നാളികേര വികസനബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി കാർഷിക മേഖലയിൽ വിപ്ലവാത്മകമായ മാറ്റത്തിന് വഴിയൊരുക്കിയിരിക്കുകയാണ്. തെങ്ങ് കയറ്റതൊഴിലാളികളുടെ ദൗർലഭ്യം കേരകൃഷിമേഖലയെ ഒട്ടാകെ പ്രതിസന്ധിയിലാക്കിയ ഘട്ടത്തിലാണ് ഒരു ആശാകിരണമായി ചങ്ങാതിക്കൂട്ടം അവതരിച്ചത്. ഇക്കഴിഞ്ഞ ആഗസ്റ്റ് 17-ാം (ചിങ്ങം 1) തീയതി ആരംഭിച്ച യന്ത്ര സഹായത്തോടെയുള്ള തെങ്ങ് കയറ്റ പരിശീലന പരിപാടി, 5000 ചങ്ങാതികൾ എന്ന നിർദ്ദിഷ്ട ലക്ഷ്യം പൂർത്തിയാക്കി വിജയകരമായി മുന്നേറുമ്പോൾ ചങ്ങാതികളിൽ ബഹുഭൂരിപക്ഷവും മെച്ചപ്പെട്ട വരുമാനമാർഗ്ഗം കണ്ടെത്തിയതിൽ സംതൃപ്തരാണ്, കേരകർഷകരാകട്ടെ വിളിപ്പുറത്ത് ചങ്ങാതിമാരുള്ളതിൽ സന്തുഷ്ടരും.

പുരുഷന്മാരുടെ കുത്തകയായിരുന്ന തെങ്ങുകയറ്റ രംഗത്തേക്ക് വനിതകളുടെ കടന്ന് വരവായിരുന്നു യന്ത്രസഹായത്തോടെയുള്ള പരിശീലനപരിപാടിയുടെ എടുത്ത് പറയേണ്ട മറ്റൊരു നേട്ടം. വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുന്നതിനും തെങ്ങ് കയറ്റ പരിശീലനപരിപാടി വലിയൊരളവ് വരെ സഹായകമാകുന്നു. ബോർഡ് 29 ആഴ്ചകളിലായി നടത്തിയ 240 പരിശീലനക്ലാസ്സുകളിൽ കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നായി 390 വനിതകൾ വിജയകരമായി പരിശീലനം പൂർത്തിയാക്കി, സജീവമായി തൊഴിൽമേഖലയിലേക്ക് ഇറങ്ങിക്കഴിഞ്ഞു.

കാസറഗോഡ് നടന്ന പരിശീലന പരിപാടിയിലാണ് സംസ്ഥാനത്ത് ആദ്യമായി വനിതകൾ തെങ്ങ് കയറ്റ പരിശീലനം നേടിയത്. ജില്ലയിൽ ഇതുവരെ 25 വനിതകൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. അവരിൽ റീന, ബബിത, ബിജിത തുടങ്ങിയവർ തെങ്ങ്കയറ്റം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരിൽ ചിലരാണ്. കരിക്ക് വിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന റീന തനിക്കാവശ്യമുള്ള കരിക്ക് സ്വയംതെങ്ങ് കയറി ശേഖരിക്കുകയാണ് ചെയ്യുന്നത്. സ്വന്തം പഠനാവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനോടൊപ്പം വീട്ടുകാർക്കൊരു താങ്ങാവുന്നതിനുമാണ് കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിലെ സഹോദരിമാരായ ബബിതയും ബിജിതയും തെങ്ങ്കയറ്റം സ്വായത്തമാക്കിയത്. കംപ്യൂട്ടർ അക്കൗണ്ടിംഗും ഡിടിപിയും കൈമുതലായുണ്ട് ബബിതയ്ക്ക്. ഏളേരിത്തട്ട് ഇ.കെ.നായനാർ സ്മാരക ഗവൺമെന്റ് കോളേജിൽ ബിഎ അവസാന വർഷ വിദ്യാർത്ഥിനിയാണ് അനുജത്തി ബിജിത. ഒരു തെങ്ങിൽകയറാൻ 15 രൂപയാണ് കൂലി. മണ്ട വൃത്തിയാക്കാൻ 25 രൂപ വരെ ലഭിക്കാറുണ്ട്. ദിവസവും 30 മുതൽ 50 വരെ തെങ്ങിൽ കയറും. ചേച്ചി ബബിത പഠനം പുനരാരംഭിക്കാനുള്ള ഒരുക്കത്തിലാണ്. തെങ്ങ് ചതിക്കില്ലെന്നാണ് ഇവരുടെ വിശ്വാസം.

കണ്ണൂർ ജില്ലയിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടിയിൽ പതിമൂന്ന് വനിതകളാണ് പരിശീലനം നേടിയത്. ഇവരിൽ ആലക്കോട് സ്വദേശിനി ബിന്ദു, സഹചങ്ങാതി ഷൈനിയുമൊന്നിച്ചാണ് തെങ്ങ് കയറുന്നത്. ഒരുദിവസം ഒരാൾക്ക് 25 തെങ്ങ് വരെ കയറുവാൻ സാധിക്കുന്നുണ്ടെന്നാണ് ബിന്ദു പറയുന്നത്. ഒരു തെങ്ങിന് 12 രൂപയാണ് ലഭിക്കുന്നത്. മുഴുവൻ സമയ തെങ്ങുകയറ്റക്കാർ അല്ലാത്ത ഇവർ മറ്റ് ജോലികൾക്കൊപ്പം തെങ്ങ് കയറ്റവും വരുമാനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നു.

കോഴിക്കോട് ജില്ലയിൽ 49 വനിതകളാണ് തെങ്ങ്കയറ്റ പരിശീലനം വിജയകരമായി പൂർത്തിയാക്കി തെങ്ങ് കയറ്റത്തിൽ സജീവമായിരിക്കുന്നത്. കാഞ്ഞിരപ്പാറ പഞ്ചായത്തിൽ പരിശീലനം നേടിയ പ്രസീത ദിനേശൻ, ബിന്ദു സുന്ദരൻ പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ പരിശീലനം നേടിയ റീജ കെ.ബി., സിന്ധു സി.കെ. എന്നിവർ തെങ്ങ് കയറ്റമേഖലയിൽ ചുവടുറപ്പിച്ചവരിൽ ചിലരാണ്. ഇവർ പ്രതിദിനം മുപ്പതോളം തെങ്ങുകൾ കയറുകയും മൂന്നൂറ് രൂപയോളം വരുമാനമുണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇവരിൽ പ്രസീദ ദിനേശൻ പോസ്റ്റ് വുമണായി ജോലി





വനിതകൾ - ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ




പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ

നോക്കുന്നതിനിടയിലാണ് തെങ്ങ്കയറ്റ പരിശീലന പരിപാടിയിൽ പങ്കെടുക്കാനെത്തിയത്. പരിശീലനം പൂർത്തിയാക്കികഴിഞ്ഞപ്പോൾ ജോലി ഉപേക്ഷിക്കാനായിരുന്നു തീരുമാനം. ഒരു തെങ്ങിൽ കയറുന്നതിന് 15 രൂപയാണ് കൂലി. പ്രസീദയുടെ സേവനത്തിന് നാട്ടിൽ വൻ ഡിമാന്റാണ്. പോസ്റ്റ് ഓഫീസിലെ ജോലിയിൽ നിന്ന് കിട്ടിയിരുന്നതിന്റെ ഇരട്ടിവരുമാനം ലഭിക്കുന്നുണ്ട്. ഉച്ചയോടെ ജോലി തീർക്കാനും കഴിയുന്നു.

തൃശൂർ ജില്ലയിലെ അത്താണിയിൽ നടന്ന പരിശീലനത്തിൽ 48 വനിതകളാണ് യന്ത്രസഹായത്താൽ തെങ്ങുകയറ്റം പരിശീലിച്ചത്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർ തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചുകഴിഞ്ഞു. തെങ്ങ്കയറാൻ തുടങ്ങിയതിനുശേഷം കുടുംബത്തിന്റെ വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടായതായി ചങ്ങാതിമാരായ സാഹിറ, ഉമാദേവി, റീന, ഉദയ, ജയശ്രീ എന്നിവർ സാക്ഷ്യപ്പെടുത്തുന്നു. വീട്ടുജോലികൾ കഴിഞ്ഞ് ലഭിക്കുന്ന ഒഴിവ് സമയത്ത് മുപ്പതോളം തെങ്ങുകൾ കയറുവാൻ ഇവർക്ക് സാധിക്കുന്നുണ്ട്. ഒരു തെങ്ങിന് ഇരുപത് മുതൽ ഇരുപത്തിയഞ്ച് രൂപവരെയാണ് കൂലിയായി ലഭിക്കുന്നത്. കുടുംബത്തിന്റെ വരുമാനസമ്പാദനത്തിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കുവാൻ സാധിക്കുന്നതിൽ ഇവർ കൃതാർത്ഥരാണ്.

എറണാകുളം ജില്ലയിൽ 63 വനിതകളാണ് ബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടി പൂർത്തിയാക്കിയത്. ഇവരിൽ പുത്തൻവേലിക്കരയിലെ ഡെൻസി ടോമി ദിവസേന 26 തെങ്ങോളം കയറുന്നുണ്ട്. ഒരുദിവസം പരമാവധി 700 രൂപയോളം വരുമാനമുണ്ടാക്കുന്നു. സമീപപ്രദേശങ്ങളിലെ പരിചയക്കാർ പറഞ്ഞറിഞ്ഞാണ് തെങ്ങുകയറാൻ ആളുകൾ വിളിക്കുന്നത്. തെങ്ങ് കയറാൻ ആളെക്കിട്ടാൻ ബുദ്ധിമുട്ടുള്ളതിനാൽ ഒരിക്കൽ വിളിച്ചവർ തന്നെ വീണ്ടും വിളിക്കുകയാണ് പതിവെന്ന് ഡെൻസി പറയുന്നു.

റബ്ബറിന്റെ നാടായ കോട്ടയം ജില്ലയിൽ ചങ്ങാതിക്കൂട്ടത്തിന്റെ പരിശീലനപരിപാടികൾ സംഘടിപ്പിച്ചപ്പോൾ സ്ത്രീകളുടെ പ്രാതിനിധ്യത്തെക്കുറിച്ച് പ്രതീക്ഷകൾ കുറവായിരുന്നു. എന്നാൽ കോട്ടയം സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള പരിശീലനത്തിൽ 16 പേർ ഊർജ്ജസ്വലതയോടെ പങ്കെടുക്കാനെത്തി. ചെറുപ്പക്കാരുടെ പ്രാതിനിധ്യം കൂടുതലായിരുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. കുടുംബങ്ങളിൽ നിന്ന് 6 ദിവസം മാറിനിൽക്കുക എന്നത് പലർക്കും ഒരു ബുദ്ധിമുട്ടായിരുന്നു. എങ്കിലും പരിശീലനത്തിൽ പങ്കെടുക്കാനുള്ള താൽപര്യത്തിൽ പരിശീലനാർത്ഥികൾ ആ വിഷമതകളൊക്കെ മറന്നു. പരിശീലനത്തിനെത്തിയ പുരുഷന്മാരിൽ ചിലർ ഭീതി മാറാതെ വിഷമിച്ചപ്പോഴും സ്ത്രീകൾക്ക് ആവേശം കൂടുതലായിക്കണ്ടു. ഏതുവിധേനയും ഈ തൊഴിൽ പഠിച്ചെടുത്ത് ഉപജീവനമാർഗ്ഗം കണ്ടെത്തണമെന്ന ദൃഢനിശ്ചയത്തോടെയാണ് പല വനിതകളും പരിശീലനത്തിനെത്തിയത്.

പരിശീലനത്തിൽ സജീവമായി പങ്കെടുത്തവരെ നാളികേര വികസനബോർഡ് തുടർന്ന് സമീപിച്ചപ്പോൾ ലഭിച്ച പ്രതികരണം സ്വാഗതാർഹമായിരുന്നു. പരിശീലനത്തിനുശേഷം തങ്ങളുടെ മേഖലകളിൽ ശരാശരി 30-40 തെങ്ങുകളിൽ പ്രതിദിനം അവർക്ക് കയറാനാവുന്നു എന്നാണറിഞ്ഞത്. നാട്ടുകാരിൽ നിന്ന് നല്ല പ്രോത്സാഹനവും സഹകരണവും ഈ വനിതകൾക്ക് ലഭിക്കുന്നുണ്ടെന്നത് കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് സഹായകമാകുന്നു. തങ്ങളുടെ ഭർത്താക്കന്മാരേക്കാൾ കുടുതൽ വരുമാനം നേടാനാകുന്നു എന്ന് പറഞ്ഞ ചിലർ, കുടുംബത്തിനും മക്കൾക്കുമായി പണം സ്വരൂപിക്കാനും ഭാവിയിലേക്ക് പദ്ധതികൾ ആവിഷ്ക്കരിക്കാനുമുള്ള മനോധൈര്യം നേടുവാനും ഈ പരിശീലന പരിപാടിയും തുടർന്നുള്ള തൊഴിലവസരങ്ങളും കാരണമായി എന്ന അവകാശപ്പെട്ടു.

ഇടുക്കി ജില്ലയിലെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ ജനുവരി അവസാനവാരം തൊടുപുഴയിൽ വെച്ച് നടന്ന ബാച്ച് വനിതകൾക്ക് വേണ്ടി മാത്രമുള്ളതായിരുന്നു. ഇരുപത്തിമൂന്നുപേരാണ് വിജയകരമായി പരിശീലനം പൂർത്തിയാക്കിയത്. വഴിത്തല സ്വദേശിനിയും സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച നഴ്സുമായ സതീദേവി, കോടിക്കുളം പഞ്ചായത്ത് മെമ്പർ ജെർളി റോബി എന്നിവർ പരിശീലനം നേടിയവരിൽ ഉൾപ്പെടുന്നു. ഇടുക്കി ജില്ലയിൽ നിന്നും വിജയകരമായി 'ചങ്ങാതിക്കൂട്ടം' പരിശീലനം പൂർത്തായാക്കിയ സ്ത്രീകളിൽ പലരും ഇന്ന് തിരക്കേറിയ തെങ്ങ് കയറ്റക്കാരാണ്. ഇവരുടെ സേവനം ലഭ്യമായതോടെ ജനങ്ങളും സന്തുഷ്ടരാണ്. ഓരോ ദിവസവും മുപ്പതിലധികം തെങ്ങുകൾ കയറാൻ ഇവർക്ക് കഴിയുന്നു. ഒരു തെങ്ങിന് 25 രൂപ മുതൽ 30 രൂപ വരെ ലഭിക്കാറുണ്ട്. പറപ്പുഴയിലെ ലിസ്സി മാത്യുവും കരുണാപുരത്തെ മഞ്ജു ജോണും ഗിരിജാ ഗോപിയുമെല്ലാം തെങ്ങ് കയറ്റത്തിലൂടെ അധികവരുമാനം ലഭിക്കുന്ന ചിലർ മാത്രമാണ്.



തിരുവനന്തപുരം ജില്ലയിലെ ചങ്ങാതി ക്കൂട്ടത്തിന്റെ പരിശീലനം ഒന്നാംഘട്ടം പരിസമാപ്തി യിലേക്ക് കടക്കുമ്പോൾ 618 പേരാണ് 27 ബാച്ചുകളിലായി പരി ശീലനം പൂർത്തി യാക്കിയത്. ഇതിൽ 39 സ്ത്രീകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനം നേടിയ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ഇതേ മേഖലയിൽതന്നെ തുടരാൻ താൽപര്യം കാണിക്കുന്നു എന്ന വസ്തുത സ്വാഗതാർഹമാണ്. കോലിയക്കോട് നിന്നുള്ള രഞ്ജിനി ഇതിന് ഉത്തമോദാഹരണമാണ്. ദിവസവും 20-30 വരെ തെങ്ങുകളിൽ രഞ്ജിനിക്ക് കയറാൻ സാധിക്കുന്നു. പക്ഷേ; ദൂരെയുള്ള സ്ഥലങ്ങളിൽ മെഷീൻ കൊണ്ടു പോകുന്നതിനുള്ള ബുദ്ധിമുട്ടും ഉയർന്ന ഓട്ടോറിക്ഷ ചാർജ്ജുമാണ് പ്രതികൂലമായി രഞ്ജിനി എടുത്ത് പറയുന്ന കാര്യം. ദിവസവും 300 രൂപയിൽ കുറയാത്ത വരുമാനം രഞ്ജിനിക്ക് ഈ മേഖലയിൽ നിന്നും ലഭിക്കുന്നു. ടൂവീലർ വാങ്ങാനുള്ള സബ്സിഡിയാണ് പല ചങ്ങാതികളേയും പോലെ രഞ്ജിനിയുടേയും ആവശ്യം. വർക്കല, ഇലകമണ്ണിൽ നിന്നും വന്ന സുനി ഭർത്താവ് ലീയോടൊപ്പമാണ് പരിശീലനത്തിയത്. ദീർഘകാലം ബോംബെ നിവാസികളായിരുന്ന ഈ ദമ്പതികൾ ഇവിടുത്തെ പരിശീലനത്തിനൊടുവിൽ മഹാരാഷ്ട്രയിൽ നാളികേര വികസനബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിശീലനത്തിൽ മാസ്റ്റർ പരിശീലകരായി പങ്കെടുത്തു. ആര്യനാട് നിന്നുള്ള സിന്ധു വളരെനാളുകളായി പ്രതീക്ഷിച്ചിരുന്നാണ് ഒടുവിൽ ഇങ്ങനെയൊരു പരിശീലന പരിപാടിയിൽ പങ്കെടുത്തത്. സജീവമായിത്തന്നെ ഈ മേഖലയിൽ തുടർന്നെങ്കിലും ഒരു തെങ്ങിന്റെ വണ്ണം കുറഞ്ഞ ഭാഗത്ത് മെഷീൻ എത്തിയപ്പോൾ ഉണ്ടായ അനുഭവം അവലോകനത്തിനായി വിളിച്ച യോഗത്തിൽ സിന്ധു വിവരിക്കുകയുണ്ടായി. പെട്ടെന്ന് വണ്ണം കുറയുന്ന തെങ്ങിൽ ബാലൻസ് നിലനിർത്തുക പ്രയാസമാണ്. ഇതിനുശേഷം കുടുംബാഗങ്ങളിൽ നിന്നുള്ള പ്രോത്സാഹനത്തിന് ഇടിവ് സംഭവിച്ചെങ്കിലും സിന്ധുവിന് ഇപ്പോഴും താല്പര്യം ഈ മേഖല തന്നെ. തെങ്ങിൻ തടിയുടെ വണ്ണം കുറവുള്ള ഭാഗങ്ങളിൽ സുരക്ഷിതമായി കയറുവാൻ മെഷീനിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചാണ് സിന്ധു സംസാരത്തിൽ ഊന്നൽ നൽകിയത്.

കൊല്ലത്ത് 87 വനിതകളാണ് ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്തത്. ഇക്കഴിഞ്ഞ മാർച്ച് 17-ാംതീയതി പരിശീലനം പൂർത്തിയാക്കിയ 21-ാമത്തെ ബാച്ച് പൂർണ്ണമായും വനിതകൾക്ക് മാത്രമുള്ളതായിരുന്നു. കൊട്ടാരക്കരയിലെ പരിശീലനകേന്ദ്രത്തിൽ നിന്ന് പരിശീലനം പൂർത്തീകരിച്ച മാർട്ടിന ഒരു ദിവസം 10 മുതൽ 40 വരെ തെങ്ങ് കയറുന്നുണ്ട്. ഒരു തെങ്ങിൽ കയറി മണ്ടവൃത്തിയാക്കി തേങ്ങയിടുന്നതിന് 25 രൂപയാണ് ലഭിക്കുന്നത്. ഇക്കഴിഞ്ഞ ജനുവരി അവസാനത്തോടെ തെങ്ങുകയറ്റം ആരംഭിച്ച മാർട്ടിനയ്ക്ക് പറയാനുള്ളത് നേട്ടങ്ങളുടെ കഥമാത്രം. 7000 രൂപ ബാങ്കിൽ നിക്ഷേപിക്കാനും 4000 രൂപയോളം കടം വീട്ടാനും ഉപകരിച്ചതിൽ സന്തുഷ്ടയാണ് മാർട്ടിന. ഗൾഫിൽ ഉദ്യോഗസ്ഥനായ ഭർത്താവിന്റെ സർവ്വ പിന്തുണയും ഇക്കാര്യത്തിൽ മാർട്ടിനയ്ക്കുണ്ട്. കുട്ടികളെ സ്കൂളിൽ അയച്ചതിനുശേഷമുള്ള ഒഴിവുസമയം സാർത്ഥകമായി വിനിയോഗിക്കുന്നു ഈ വീട്ടമ്മ. കൊട്ടിയത്ത് പരിശീലനം നേടിയ ഗ്രേസി, സുജ, പ്രസാദ,ചന്ദ്രമതി എന്നിവർ കൂട്ടായ്മ രൂപീകരിച്ച് തെങ്ങുകയറ്റം ഏറ്റെടുത്ത് നടത്തുന്നു. തലവൂർ ഓർത്തഡോക്സ് പള്ളിയുടെ ആറേക്കർ പുരയിടം തെങ്ങ് കയറാൻ ഇവർ കരാറായിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ 26 വനിതകളാണ് ചങ്ങാതിക്കൂട്ടം പരിശീലനം വിജയകരമായി പൂർത്തീകരിച്ചത്. കലവൂർ സ്വദേശിനി അനശ്വര ഓപ്പൺ സ്കൂളിൽ പ്ലസ് വണ്ണിന് പഠിക്കുന്നതിനോടൊപ്പമാണ് പരിശീലന ക്ലാസ്സിലും പങ്കെടുത്തത്. അനശ്വരയുടെ പിതാവ് ശ്രീനിവാസൻ കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലുള്ള സെന്റ് മേരീസ് ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ നിന്ന് യന്ത്രസഹായത്തോടെ തെങ്ങ് കയറ്റം പരിശീലനം സിദ്ധിച്ച വ്യക്തിയാണ്. ഗാന്ധിജി സ്മാരക ഗ്രാമസേവാകേന്ദ്രത്തിന് കീഴിൽ സമീപപ്രദേശങ്ങളിൽ പലർക്കും പരിശീലനം നൽകിയിട്ടുണ്ട്. പിതാവിനോടൊപ്പമാണ് അനശ്വര തെങ്ങ് കയറാൻ പോകുന്നത്. ദിവസവും മുപ്പതോളം തെങ്ങ് കയറുന്നുണ്ട്. സമീപപ്രദേശങ്ങളിൽ മണ്ടവൃത്തിയാക്കി തേങ്ങയിടുന്നതിന് തെങ്ങൊന്നിന് 20 രൂപ വരെ ലഭിക്കുന്നുണ്ട്. ആലപ്പുഴ നഗരത്തിൽ ഒന്നോ രണ്ടോ തെങ്ങ് മാത്രമുള്ള വീടുകളിൽ നിന്ന് 50 രൂപ വരെ ലഭിക്കാറുണ്ടെന്ന് അനശ്വര പറയുന്നു. കായംകുളം കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്ന് പരീശീലനം നേടിയ സന്ധ്യ കായംകുളം നെല്ല് ഗവേഷണകേന്ദ്രത്തിൽ നിന്ന് തെങ്ങിൽ കൃത്രിമപരാഗണം നടത്തുന്നതിന് വിളിച്ചിരിക്കുന്നതിന്റെ സന്തോഷത്തിലാണ്. ഏപ്രിൽ മാസം മുതൽ പുതിയ ജോലിയിൽ പ്രവേശിക്കാനുള്ള ഒരുക്കത്തിലാണ് സന്ധ്യ. ഇപ്പോൾ രാവിലെ 8 മണിമുതൽ തെങ്ങുകയറാൻ തുടങ്ങിയാൽ 12 മണിവരെ തുടരുമെന്ന് സന്ധ്യ പറയുന്നു. ഒരുദിവസം പരമാവധി 30 തെങ്ങ് കയറും. 20 രൂപയാണ് തെങ്ങൊന്നിന് കൂലി വാങ്ങുന്നത്. നെല്ല് ഗവേഷണ കേന്ദ്രത്തിൽ ജോലിക്ക് ചേർന്നാലും ഉച്ചയ്ക്ക് ശേഷം തെങ്ങ് കയറ്റം തുടരാനാണ് തീരുമാനം. ബോർഡിന്റെ പരിശീലന പരിപാടിയിൽ കൃത്രിമ പരാഗണത്തിൽ ലഭിച്ച പരിശീലനമാണ് പുതിയ ജോലിക്ക് വഴിയൊരുക്കിയതെന്ന് സന്ധ്യ കൃതാർത്ഥതയോടെ സ്മരിക്കുന്നു.

ബോർഡിന്റെ തെങ്ങ്കയറ്റ പരിശീലനപരിപാടി വനിതകൾക്ക് പുതിയൊരു തൊഴിൽ മേഖല കണ്ടെത്താൻ അരങ്ങൊരുക്കി. വരുമാനസമ്പാദനത്തിന് അവസര മേകിയതിനാൽ പരിശീലന പരിപാടി വനിതകളിൽ ആത്മവിശ്വാസം വളർത്താൻ സഹായകരമായി. തെങ്ങ്കയറ്റം തൊഴിലായി സ്വീകരിച്ചവരെല്ലാംതന്നെ പാഴാക്കി കളഞ്ഞിരുന്ന ഒഴിവ് സമയം ഫലപ്രദമായി വിനിയോഗിക്കുവാനും ലഭിക്കുന്ന വരുമാനം ജീവിതനിലവാരം മെച്ചപ്പെടുത്താൻ പ്രയോജനപ്പെടുത്തുവാനും കഴിയുന്നതിൽ സംതൃപ്തരും, സന്തുഷ്ടരുമാണ്.

*കടപ്പാട്: ചങ്ങാതിക്കൂട്ടം ചാർജ്ജ് ഓഫീസർമാർ*

## നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ 25000 ഹെക്ടറിലധികം തെങ്ങു കൃഷിയുള്ള ജില്ലകൾ (2009-10)

| ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉത്പാദനം (ലക്ഷത്തിൽ) | ഉത്പാദന ക്ഷമത (ഹെക്ടറൊന്നിന് നാളികേരം) |
|---|---|---|---|
| **കേരളം** | | | |
| കോഴിക്കോട് | 119166 | 8680 | 7284 |
| മലപ്പുറം | 108380 | 10630 | 9808 |
| കണ്ണൂർ | 78024 | 4790 | 6139 |
| തൃശ്ശൂർ | 77509 | 5380 | 6941 |
| തിരുവനന്തപുരം | 71376 | 5910 | 8280 |
| പാലക്കാട് | 57186 | 4170 | 7292 |
| കൊല്ലം | 56675 | 4120 | 7270 |
| കാസർഗോഡ് | 54224 | 4160 | 7672 |
| എറണാകുളം | 44475 | 2350 | 5284 |
| ആലപ്പുഴ | 39816 | 2570 | 6455 |
| കോട്ടയം | 28185 | 1410 | 5003 |
| **തമിഴ്നാട്** | | | |
| കോയമ്പത്തൂർ | 79532 | 11508 | 14470 |
| തിരുപ്പൂർ | 47826 | 1848 | 3864 |
| തഞ്ചാവൂർ | 32077 | 4951 | 15435 |
| ഡിണ്ടിഗൽ | 27113 | 5474 | 20190 |
| **കർണ്ണാടക (2008-09)** | | | |
| തുംകൂർ | 132587 | 9945.66 | 7501 |
| ഹസ്സൻ | 61880 | 3471.67 | 5610 |
| ചിത്രദുർഗ്ഗ | 42563 | 2915.91 | 6851 |
| ചിക്മഗ്ലൂർ | 37990 | 1844.78 | 4856 |
| **ആന്ധ്രപ്രദേശ്** | | | |
| പൂർവ്വ ഗോദാവരി | 50247 | 5273.82 | 10496 |

# കല്പവൃക്ഷത്തിന്റെ കരുത്തിൽ

ആർ. ജ്ഞാനദേവൻ





തെങ്ങിനിടയിൽ കൊക്കോ



മിനി പവ്വർ വീഡർ ഉപയോഗിച്ച് തെങ്ങിൻചുവട് ഇളക്കുന്നു

തമിഴ്നാട്ടിലെ സേലം ജില്ലയിലെ യെർക്കാട് മലകളുടെ താഴ്വരയിൽ പ്രകൃതി ഭംഗിയാൽ അനുഗൃഹിതമായ ഒരു കൊച്ചു ഗ്രാമമാണ് ചുങ്കംപട്ടി. ഇവിടെയാണ് സിവിൽ എഞ്ചിനീയറായ ശ്രീ. രമേഷിന്റെ തെങ്ങിൻ തോട്ടം. നല്ല കരുത്തോടെ രോഗകീട ബാധയൊന്നുമില്ലാതെ കുലകുത്തിപ്പിടിച്ചു നിൽക്കുന്ന രമേഷിന്റെ തെങ്ങിൻ തോട്ടം കണ്ടാൽ ആരും ഒന്ന് നോക്കി നിന്നുപോകും. ഇവിടെ ഈ കർഷകൻ ഒരു തെങ്ങിൽ നിന്ന് 200 മുതൽ 250 തേങ്ങവരെ ഉത്പാദിപ്പിക്കുന്നു. പാരമ്പരാഗതമായി കൃഷിക്കാരനായിരുന്ന പിതാവ് ദ്വരൈ സ്വാമി വെച്ച് പിടിപ്പിച്ചതാണ് 10 ഏക്കർ വരുന്ന ഈ തെങ്ങിൻ തോട്ടം. അച്ഛന് പ്രായമായതുകാരണവും കൃഷിയോടുള്ള പാരമ്പര്യമായി കിട്ടിയ താല്പര്യവും മൂലം സിവിൽ എഞ്ചിനീയറിംഗ് ജോലിയോടൊപ്പം, തെങ്ങ് കൃഷിയും പത്ത് വർഷം മുമ്പ് രമേഷ് ഏറ്റെടുത്തു. സേലം കൃഷി വിജ്ഞാനകേന്ദ്രത്തിലെ അസി. പ്രൊഫസറാണ് രമേഷിന്റെ ഭാര്യ ഡോ. കവിത. കൃഷിയോടുള്ള അമിതമായ ഇഷ്ടം കാരണം കല്യാണം കഴിക്കുന്നെങ്കിൽ ഒരു കർഷക കുടുംബത്തിൽ നിന്നാവണമെന്ന അതിയായ ആഗ്രഹം മൂലമാണ് രമേഷിനെ വിവാഹം ചെയ്തതെന്ന് കവിത പറയുന്നു. അതിനാൽ കൃഷി നടത്തിക്കൊണ്ടുപോകാൻ കൂട്ടിന് ഭാര്യ എപ്പോഴുമുണ്ട്. തെങ്ങ് കൃഷി നഷ്ടമാണ്. ചെലവിനനുസരിച്ച് വരുമാനം കിട്ടുന്നില്ല, തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് ഈ കൃഷിയിൽ നിന്ന് അകന്ന് പോകുന്ന നമ്മുടെ നാട്ടിലെ യുവതലമുറയ്ക്ക് ഒരു മാതൃകയാണ് സർക്കാർ സർവ്വീസിലെ ഉന്നതപദവി വഹിക്കുന്ന ഈ കർഷക ദമ്പതികൾ.

ചുങ്കംപട്ടിയിൽ കുടുംബവിഹിതമായി കിട്ടിയ 10 ഏക്കർ സ്ഥലത്ത് 25 വർഷം മുമ്പാണ് അച്ഛൻ തെങ്ങ് വെച്ച് പിടിപ്പിച്ചത്. ഈ പ്രദേശത്തേക്ക് യോജിച്ച നല്ല വിളവ് തരുന്ന പൂർവ്വതീര നെടിയ ഇനങ്ങളാണ് നല്ല പങ്കും. മൊത്തം 620 കായ്ക്കുന്ന തെങ്ങുകൾ 8 മീ. X 8 മീ. അകലത്തിൽ നട്ടിരിക്കുന്നു. ഇടവിളകൾ കൃഷി ചെയ്യാൻ പാകത്തിലാണ് തെങ്ങ് നട്ടിരിക്കുന്നത്. തേങ്ങയ്ക്ക് വില വളരെ കുറഞ്ഞപ്പോഴാണ് വരുമാനം വർദ്ധിപ്പിക്കാനുള്ള ഇടവിളകളെക്കുറിച്ച് രമേഷ് ചിന്തിച്ച് തുടങ്ങിയത്. അപ്പോഴാണ് നല്ല വില ലഭിക്കുന്ന വിപണന സാദ്ധ്യതയുള്ള കൊക്കോ കൃഷിയെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. കോയമ്പത്തൂരിലുള്ള കാഡ്ബറി കൊക്കോ ഓഫീസുമായി ബന്ധപ്പെട്ടു. അങ്ങനെ 6.5 ഏക്കർ തെങ്ങിൻ തോട്ടത്തിൽ 2008 ൽ 1440 സങ്കരയിനം കൊക്കോ തൈകൾ നട്ടു. രണ്ടുവരി തെങ്ങിന്റെയിടയിൽ 11 അടി അകലത്തിലും, കൂടാതെ ഓരോവരി തെങ്ങിന്റെ ഇടയിൽ മദ്ധ്യേയുമാണ് ഓരോ കൊക്കോതൈ നട്ടിട്ടുള്ളത്. ബാക്കിയുള്ള 3.5 ഏക്കർ സ്ഥലം താഴ്ന്ന പ്രദേശമാണ്. ഇത് കൊക്കൊയ്ക്ക് അനുയോജ്യമല്ലാത്തതിനാൽ ഇവിടെ മഞ്ഞൾ ഇടവിളയായി കൃഷി ചെയ്ത് വരുന്നു. ഒരു തെങ്ങിൽ നിന്ന് ശരാശരി 140 തേങ്ങകിട്ടുന്നു. 200 മുതൽ 250 വരെ വിളവ് തരുന്നവയുമുണ്ട് ഇക്കൂട്ടത്തിൽ.

### ശാസ്ത്രീയ വളപ്രയോഗത്തിലും ജലസേചനത്തിനും ഊന്നൽ

തികഞ്ഞ ആത്മാർത്ഥതയോടുള്ള രമേഷിന്റെ തെങ്ങ്കൃഷി തികച്ചും ശാസ്ത്രീയ അടിസ്ഥാനത്തിലുള്ളതാണ്. തെങ്ങിൽ നിന്നും കൊക്കോയിൽ നിന്നും തെങ്ങിൻ തോട്ടത്തിൽ നിന്നുമുള്ള ജൈവാവശിഷ്ടങ്ങൾ, ചാണകം തുടങ്ങിയ ജൈവവളങ്ങളും രാസവളവും ഏകോപിപ്പിച്ചുള്ള വളപ്രയോഗ രീതിയായാണ് അവലംബിക്കുന്നത്. തെങ്ങോന്നിന് 750 ഗ്രാം യൂറിയ, 1.5 കിഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 1.5 കിഗ്രാം സൂപ്പർ ഫോസ്ഫേറ്റ് എന്നീ രാസവളങ്ങളാണ് നൽകുന്നത്. തെങ്ങോന്നിന് വർഷം തോറും 5 കി.ഗ്രാം മണ്ണിര കമ്പോസ്റ്റും നൽകുന്നുണ്ട്. കൂടാതെ ഒന്നിടവിട്ട വർഷങ്ങളിൽ 5 കി.ഗ്രാം വീതം കോഴിവളവും



*കള നിയന്ത്രണത്തിന് ബുഷ് കട്ടർ*

നൽകിവരുന്നു. രാസവളത്തിനും ജൈവവളത്തിനുമായി തെങ്ങൊന്നിന് 40 രൂപയോളം ഒരു വർഷം ചെലവഴിക്കുന്നു. വർഷം മുഴുവൻ നനയ്ക്കുന്ന തോട്ടമായതിനാൽ രാസവളങ്ങൾ നാല് തുല്യഗഡുക്കളായി 4 മാസത്തിലൊരിക്കൽ എന്ന തോതിലാണ് നൽകുന്നത്. കൂടാതെ രണ്ട് വർഷത്തിലൊരിക്കൽ സൂക്ഷ്മ മൂലകങ്ങളായ സിങ്ക്, ഇരുമ്പ്, ബോറാക്സ്, കോപ്പർ, മഗ്നീഷ്യം, മാംഗനീസ് തുടങ്ങിയവ അടങ്ങിയ മിശ്രിതവളവും തെങ്ങൊന്നിന് 100 ഗ്രാം എന്ന തോതിൽ നൽകുന്നുണ്ട്.

രമേഷിന്റെ തെങ്ങിൻ തോട്ടം തേങ്ങയാൽ സമൃദ്ധമായതിന്റെ മറ്റൊരു രഹസ്യം വർഷം മുഴുവൻ തെങ്ങിൻ ചുവട്ടിൽ ഈർപ്പം നിലനിർത്തുന്നു എന്നതാണ്.ഇതിനായി എല്ലാ തെങ്ങുകൾക്കും കണിക ജലസേചന രീതി ഏർപ്പെടുത്തിയിട്ടുണ്ട്. ചില പ്രത്യേക പൈപ്പുകൾ വഴി വെള്ളം തുള്ളിതുള്ളിയായി ഓരോ ദിവസവും തെങ്ങിനും കൊക്കോയ്ക്കും ആവശ്യമായ അളവിൽ മണ്ണിന് ഉൾക്കൊള്ളാവുന്ന തോതിൽ തുടർച്ചയായി വേരുപടലത്തിൽ എത്തിച്ച് കൊടുക്കുന്നു. ഇതുമൂലം വെള്ളത്തിന്റെ അളവ് 75ശതമാനം വരെ ചുരുക്കാനാവുന്നു. അതായത് പരമ്പരാഗത ജലസേചന മാർഗ്ഗത്തിലൂടെ നനയ്ക്കാൻ വേണ്ടിവരുന്ന ജലത്തിന്റെ 30 ശതമാനം മതി കണിക ജലസേചനം വഴി നനയ്ക്കുന്നതിന്. കൂടാതെ വളങ്ങൾ കൂടുതൽ കാര്യക്ഷമമായി വലിച്ചെടുക്കുന്നതിനും ഇത് സഹായിക്കുന്നു.

**ചെലവ് കുറയ്ക്കുന്നതിന് ഊന്നൽ**

രമേഷ് ഊന്നൽ കൊടുക്കുന്ന മറ്റൊരുകാര്യം പരമാവധി ഉത്പാദനച്ചെലവ് കുറയ്ക്കുക എന്നതിനാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തെങ്ങിന് വളം ചെയ്യാനും നനയ്ക്കാനുമായി വർഷംതോറും തടം എടുക്കേണ്ട ആവശ്യമില്ല. കഴിഞ്ഞ പത്ത് വർഷമായി രമേഷ് തെങ്ങിന് തടം തുറക്കാറില്ല. ഒരാൾക്ക് തള്ളിക്കൊണ്ട് നടക്കാവുന്ന മിനി പവ്വർവീഡർ എന്ന യന്ത്രം ഉപയോഗിച്ചാണ് വളപ്രയോഗം നടത്തുന്നത്. തെങ്ങിന്റെ ചുവട് ഈ യന്ത്രമുപയോഗിച്ച് ഇളക്കിയതിനുശേഷം വളങ്ങൾ മേൽമണ്ണുമായി ഈ യന്ത്രമുപയോഗിച്ച് തന്നെ കൂട്ടി കലർത്തുന്നു. ഈ യന്ത്രത്തിന്റെ വില 48000 രൂപയാണ്. എന്നാൽ ഇതിനായി ജോലിക്കാരെ നിറുത്തുകയാണെങ്കിൽ ഒരു തെങ്ങിന് ഏകദേശം 20 രൂപ കൂലിച്ചെലവ് വേണ്ടിവരും. കൂടാതെ തെങ്ങിൻ തോട്ടത്തിലെ കള നിയന്ത്രണവും യന്ത്രം വഴിയാണ്. ഇതിനായി ബുഷ്കട്ടർ എന്ന മെഷീൻ ഉപയോഗിക്കുന്നു. കുറ്റിച്ചെടുകളും മറ്റ് കളകളും തറനിരപ്പിൽ വെട്ടിനിറുത്താൻ ഇത് സഹായിക്കുന്നു. ഒരാൾക്ക് തള്ളിക്കൊണ്ട് നടന്ന് കളവെട്ടാവുന്ന വളരെ ലളിതമായ ഒരു ഉപകരണമാണിത്. ഇതിന്റെ വില 25,000 രൂപയാണ്. ഇതിനുപുറമേ, കണിക ജലസേചനരീതി ഏർപ്പെടുത്തിയതുകൊണ്ട് ജലസേചനത്തിന് വേണ്ടിവരുന്ന കൂലികുറയ്ക്കാൻ കഴിയുന്നു. തെങ്ങിൻ തോട്ടം നനയ്ക്കുന്നതിന് പ്രത്യേകം ആളിനെ വെയ്ക്കേണ്ടി വരുന്നില്ല. ഇപ്രകാരം ചെലവ്ചുരുക്കൽ നടപടികൾ സ്വീകരിക്കുന്നത് വഴി രമേഷിന് ഒരു തെങ്ങിന് ഒരു വർഷം ശാസ്ത്രീയ പരിപാലനത്തിനായി ഏകദേശം 120 രൂപയോളമേ ചെലവ് വരുന്നുള്ളൂ. ചുങ്കംപട്ടിയിലെ ഫാംഗേറ്റ് വിലപ്രകാരം, ഏകദേശം 630 രൂപ ഒരു തെങ്ങിൽ നിന്നും വരുമാനം ലഭിക്കുന്നു. അതായത് പരിപാലനത്തിനായി മുടക്കുന്ന തുകയുടെ അഞ്ചിരട്ടി വരുമാനം ലഭിക്കുന്നു എന്നാണ് രമേഷിന്റെ കണക്കുകൾ കാണിക്കുന്നത്. തേങ്ങ ചുങ്കംപട്ടിയിലുള്ള കച്ചവടക്കാർ മുഖേനയാണ് വിപണനം നടത്തുന്നത്.

**അധികവരുമാനത്തിന് കൊക്കൊ**

തെങ്ങിൻതോപ്പിലെ ഭാഗിക തണലിൽ കൃഷി ചെയ്യാൻ ഏറ്റവും യോജിച്ച ഇടവിളയാണ് കൊക്കോ. കാഡ്ബറി ഇന്ത്യ ലിമിറ്റഡ് കമ്പനിയുമായി സഹകരിച്ച് 6.50 ഏക്കർ തെങ്ങിൻ തോട്ടത്തിൽ തൈകൾ വെച്ച് പിടിപ്പിച്ചിട്ടുണ്ട്. 4 വർഷം പ്രായമായ കൊക്കോ തൈകളിൽ 70 ശതമാനത്തോളം കായ്ക്കാൻ തുടങ്ങി. ഇപ്പോൾ തന്നെ ഒരു മരത്തിൽ നിന്ന് ശരാശരി അര കി.ഗ്രാം മുതൽ ഒരു കി.ഗ്രാം വരെ ഉണങ്ങിയ കൊക്കോ കുരു ലഭിക്കുന്നുണ്ട്. ഇത് പൂർണ്ണവളർച്ച എത്തുന്നതോടുകൂടി 2 കി. ഗ്രാം. കൊക്കോ കുരു ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വളത്തിനും മറ്റ് പരിചരണമുറകൾ അവലംബിക്കുന്നതി നുമായി കൊക്കോമരമൊന്നിന് 45 രൂപ രമേഷിന് ചെലവ് വരുന്നു. ഇന്നത്തെ കൊക്കോയുടെ വിലവച്ച് ഒരു മരത്തിൽ നിന്ന് 2 കി.ഗ്രാം കൊക്കോ കുരു കിട്ടിയാൽ 300 രൂപയോളം വരുമാനം കിട്ടും. അതായത് പരിചരണമുറകൾ അവലംബിക്കുന്നതിനുമായി വേണ്ടിവരുന്ന ചെലവിന്റെ ആറ് ഇരട്ടിയോളം വരുമാനം കൊക്കോയിൽ നിന്നും പ്രതീക്ഷിക്കുന്നു. രമേഷിന്റെ സമൃദ്ധമായ തെങ്ങിൻ തോട്ടവും കൃഷിരീതികളും കണ്ട് പഠിക്കാൻ നിരവധി കർഷകരും, കൃഷി ഉദ്യോഗസ്ഥരും പതിവായി തോട്ടം സന്ദർശിക്കാറുണ്ട്. കൂടാതെ തമിഴ്നാട്ടിലെ ഒട്ടുമിക്ക റേഡിയോ, ടിവി ചാനലുകളും ഈ മാതൃക തെങ്ങിൻ തോട്ടത്തിലെ വിശേഷങ്ങൾ പ്രക്ഷേപണം ചെയ്യാറുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പരിപാടി മുഖേന കൊക്കോ തൈ വെയ്ക്കുന്നതിന് ഹെക്ടറിന് 20,000 രൂപ നിരക്കിൽ ധനസഹായം ലഭിക്കുകയുണ്ടായി. കൂടാതെ ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ടിവന്ന തുകയുടെ 50 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ മൈക്രോ ഇറിഗേഷൻ പദ്ധതി മുഖേന ലഭിക്കുകയുണ്ടയി. പവ്വർ വീഡർ വാങ്ങുന്നതിനും തമിഴ്നാട് സംസ്ഥാന സർക്കാരിന്റെ 50 ശതമാനം സബ്സിഡി ലഭിക്കുകയുണ്ടായി. ഈ പദ്ധതികൾ വഴിയുള്ള ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കുകയാണെങ്കിൽ ഉത്പാദനച്ചെലവ് പരമാവധി കുറച്ച് നാളികേരോത്പാദനവും, അതുപോലെ തന്നെ തെങ്ങിൻ തോട്ടത്തിൽ നിന്നുള്ള വരുമാനവും പരമാവധി കൂട്ടാൻ സാധിക്കും. സർക്കാർ സർവ്വീസിൽ ഉന്നത ഉദ്യോഗം ലഭിച്ചിട്ടും കൃഷിയെ സ്നേഹിക്കുന്ന രമേഷ് യുവതലമുറയ്ക്ക് ഒരു മാതൃകയാവുകയാണ്.

**മേൽവിലാസം:** ഡി. രമേഷ്, സുക്കംവട്ടി, അയോദ്ധ്യാപട്ടിണം, സേലം. മൊബൈൽ : 0904706535

*അസിസ്റ്റന്റ് ഡയറക്ടർ (ഓൺ ഡെപ്യൂട്ടേഷൻ), നാളികേര വികസന ബോർഡ്*

# കേരകർഷകന് ഉയർത്തെഴുന്നേൽക്കാം

**ജോസഫ് ആലപ്പാട്ട്**



ജയിക്കാൻ ജനിച്ച ജാതി ഗ്രീൻ ഗാർഡൻസിൽ

ഏതൊരു കാർമേഘ പടലങ്ങൾക്കിടയിലും ഒരു വെള്ളിരേഖയുണ്ട്. ഞാനതുകണ്ടു. 50 വർഷത്തെ കേരശുശ്രൂഷ, കാൽനൂറ്റാണ്ടോളം അഭേദ്യബന്ധമുള്ള എന്റെ കേരബോർഡ്, ആ ധൈര്യം, കരുത്ത് – ഞാൻ കാലത്തിനൊത്ത് കോലം കെട്ടി. തൃശൂർ ജില്ലയിലെ കാരാഞ്ചിറയിൽ എനിക്ക് പതിനഞ്ച് ഏക്കർ കൃഷിയിടമുണ്ട്. ആയിരത്തോളം തെങ്ങുകളാണ് പ്രധാനവിള. അതിൽ 80 ശതമാനവും നമ്മുടെ നാടൻ പശ്ചിമതീര നെടിയൻ തെങ്ങുകൾ തന്നെ. യാതൊരു രോഗമോ കീടമോ ബാധിച്ചിട്ടില്ല. കുറച്ച് ഗൗരീഗാത്രവും കൂടെയുണ്ട്. തലമുറകളായി കൈമാറി കിട്ടിയതാണ് എനിക്ക് തെങ്ങുകൃഷി. വാഴയും ജാതിയും കൊക്കോയുമാണ് ഇടവിളകൾ.

പറമ്പിലെ ചവറും ഉണങ്ങിയ വാഴക്കണയും കത്തിച്ച് കിട്ടുന്ന ചാരമാണ് തെങ്ങിന് പ്രധാന വളം. ചാരം ഇടയ്ക്കിടെ ഇട്ട് കൊടുക്കും. ഇതിനുപുറമേ വേപ്പിൻ പിണ്ണാക്കും ഇടയ്ക്കിടെ പൊട്ടാഷും നൽകുന്നുണ്ട്. പരമ്പരാഗതമായി സ്ഥിരം പണിക്കാർ ഉള്ളതിനാൽ വലിയ കൂലിച്ചെലവുമില്ല.

മിതമായ തോതിൽ ജലസേചനം നൽകുന്നുണ്ട്. കൊണ്ടോളി കനാലിൽ നിന്ന് വെള്ളം ചാലുകളിലൂടെ എത്തിച്ച് തടത്തിൽ തുറന്ന് വിടുകയാണ് ചെയ്യുന്നത്. ആഴ്ചയിൽ രണ്ട് ദിവസം നനയ്ക്കുന്നത് കൂടാതെ, ഈർപ്പ സംരക്ഷണത്തിനായി കുല വെട്ടിയെടുത്ത വാഴയുടെ പിണ്ടി തെങ്ങിൻ തടത്തിൽ വെട്ടിമുറിച്ച് ഇട്ടുകൊടുക്കും. ഇടവിളയായ കൊക്കോയിൽ നിന്ന് ധാരാളം ഇലകൾ കൊഴിഞ്ഞ് വീഴും; ഇത് നല്ലൊരു പച്ചിലവളമാണ്. തെങ്ങ് കയറിക്കിട്ടുന്ന വിറകിന് പകരം ചാണകം നൽകുന്നൊരു പതിവ് ഇവിടെയുണ്ട്. വർഷകാലത്ത് തെങ്ങിൻ തടത്തിൽ ചാണകം ഇട്ടുകൊടുക്കും.



തൊഴിലുറപ്പിന്റെ കരുത്ത് കർഷകനു അനുഗ്രഹം

ഒരു തെങ്ങിൽ നിന്ന് 70–80 തേങ്ങയാണ് ശരാശരി കിട്ടുന്നത്. കൂടുതൽ തേങ്ങ വീഴുന്ന തെങ്ങുകളുമുണ്ട്. തേങ്ങ പൊതിച്ചാണ് ഞാൻ വിൽക്കുന്നത്. ഒരു തേങ്ങയ്ക്ക് 5 രൂപയേ എനിയ്ക്കിപ്പോൾ കിട്ടുന്നുള്ളൂ. സഹകരണസംഘങ്ങൾ പച്ചത്തേങ്ങ സംഭരിച്ച് വിൽക്കണമെന്നാണ് എന്റെ അഭിപ്രായം. പണ്ട് ചീറ്റിപ്പോയ കൊക്കോ ഇന്ന് അന്നം നൽകും വിളയാണെനിക്ക്. മനംനൊന്ത് മുമ്പ് 3000 കൊക്കോ തൈകൾ വെട്ടി തെങ്ങിന് വളമിട്ടവനാണ് ഞാൻ. അന്ന് ചതിച്ചത് കാഡ്ബറി; ഇന്ന് രക്ഷകനായി ധവളവിപ്ളവശില്പിയായ ശ്രീ. കുര്യന്റെ അമൂലും, നമ്മുടെ കാംകോയും. എങ്ങും കൊക്കോയ്ക്കാണ് ഡിമാന്റ്. അവശേഷിച്ച കൊക്കോവിലേക്ക് ഞാൻ തിരിഞ്ഞു. അവ മാത്രം പോര, ജയിക്കാൻ ജനിച്ച ജാതി, വലയ്ക്കാത്ത വാഴ, നെറിയുള്ള നേന്ത്രൻ, എന്റെ ആയിരം തെങ്ങുള്ള ഗ്രീൻ ഗാർഡൻസിൽ വേണ്ടത്ര ജലസമൃദ്ധി. മതി, ശക്തിപകരാൻ തൊഴിലുറപ്പ്, കരുത്തിന് ബോർഡിന്റെ ക്ലസ്റ്റർ എന്ന ഷെൽട്ടർ, ഭാഗ്യം, എല്ലാം സൗജന്യം, പോരാ തെങ്ങ് കയറാനും ബോർഡിന്റെ ചങ്ങാതികൾ. ഇതു തുടരൂ, ഒരു ഭംഗവും കൂടാതെ. തീർച്ച തെങ്ങ് ചതിക്കില്ല, കർഷകർ തോൽക്കില്ല.

*ഗ്രീൻ ഗാർഡൻസ്, കാരാഞ്ചിറ,*
*കാട്ടൂർ പി.ഒ, തൃശ്ശൂർ*

# ഏപ്രിൽ : കേരകർഷകർ എന്തു ചെയ്യണം ?

## കേരളം / ലക്ഷദ്വീപ്

വേനൽമഴ തുടങ്ങുന്നതോടെ തൈകൾ നടാനുള്ള കുഴികൾ എടുക്കുക. നനയ്ക്ക് സൗകര്യമുള്ള പക്ഷം തെങ്ങിൻതൈകൾ നടാം. കാലവർഷത്തിലെ ശക്തിയായ മഴ തുടങ്ങുന്നതിനു മുമ്പ് അവ വേരോടി പിടിക്കുമെന്നു മാത്രമല്ല, ഇതുമൂലം മഴയുടെ പൂർണ്ണ ഗുണം തൈകൾക്കു ലഭിക്കുകയും ചെയ്യും. വേരോടി പിടിച്ചു കഴിഞ്ഞ തൈകൾക്ക് വെള്ളക്കെട്ടിനെ അതിജീവിക്കാനുള്ള കഴിവും ഇതുകൊണ്ട് ലഭിക്കുന്നതാണ്.

ജലസേചനം തുടരുക. തെങ്ങിൻതടത്തിലെ ജലാംശം നിലനിർത്താൻ പുതയിടേണ്ടതാവശ്യമാണ്. പച്ചിലകളും ചപ്പുചവറുകളും ഉപയോഗശൂന്യമായ തെങ്ങോലകളും ചകിരിച്ചോറും മറ്റ് അവശിഷ്ടങ്ങളും തെങ്ങിൻ തടത്തിൽ നിരത്തി മേൽമണ്ണ് കൊണ്ട് മറയ്ക്കുകയാണ് ചെയ്യുന്നത്. തൊണ്ട് കുഴിച്ചിടുന്നതും നല്ലതാണ്. നാല് തെങ്ങുകൾക്കിടയിൽ ഒന്ന് എന്ന നിരക്കിൽ 4 മീ. നീളവും 50 സെ. മീ. ആഴവും ഉള്ള ചാലുകൾ എടുക്കുക. ഇതിൽ തൊണ്ട് നിറക്കുക. തൊണ്ട് നിറക്കുമ്പോൾ താഴത്തെ നിരകളിൽ തൊണ്ട് മലർത്തിയും ഏറ്റവും മുകളിലത്തെ രണ്ടു നിര കമിഴ്ത്തിയും വേണം അടുക്കേണ്ടത്. ജലസേചന സൗകര്യം ഉണ്ടെങ്കിൽ ആകെ ശുപാർശ ചെയ്തിരിക്കുന്ന രാസവളത്തിന്റെ നാലിലൊരു ഭാഗം ഇട്ടുകൊടുക്കുക.

ഈ മാസത്തിലും വിത്തുതേങ്ങ സംഭരണം തുടരാവുന്നതാണ്. മണൽ മണ്ണുള്ള തോട്ടങ്ങളിൽ തെങ്ങൊന്നിന് അര ടൺ എന്ന തോതിൽ പുഴച്ചെള്ളയോ, കുളച്ചേറോ ചേർക്കുക.

ചാറ്റൽ മഴ ആരംഭിക്കുന്നതോടെ തെങ്ങൊന്നിന് 2 കി.ഗ്രാം വീതം കുമ്മായം ചേർത്തുകൊടുക്കുക. മണ്ഡരിയുടെ ആക്രമണത്തിനെതിരെ അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവകീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കുലകളിൽ തളിക്കുക.

ചെമ്പൻചെല്ലിയുടെ ഉപദ്രവമുള്ള തെങ്ങുകളിൽ തടിയിൽ നിന്നും ചുവന്ന ദ്രാവകം ഒലിയ്ക്കുന്നതായും തടിയിലുള്ള സുഷിരങ്ങളിലൂടെ ചണ്ടി പുറത്തേയ്ക്ക് വരുന്നതായും കാണാം, ഏറ്റവും മുകളിൽ കാണപ്പെടുന്ന സുഷിരമൊഴികെ മറ്റെല്ലാം കളിമണ്ണോ സിമന്റോ കൊണ്ടടച്ചതിനുശേഷം അതിലൂടെ ഒരു ശതമാനം വീര്യമുള്ള കാർബാറിൽ (20 ഗ്രാം കാർബാറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) ഒഴിച്ചുകൊടുക്കുക. അതിനുശേഷം ആ സുഷിരവും അടയ്ക്കുക. ചെമ്പൻചെല്ലിയെ നിയന്ത്രിക്കുവാൻ ഫിറമോൺ കെണികളും ഫലപ്രദമാണ്. പക്ഷേ, ഒരു പ്രദേശത്തെ കർഷകർ ഒരുമിച്ച് ചേർന്ന് കെണികൾ വയ്ക്കണമെന്നു മാത്രം.

പൂങ്കുലച്ചാഴിയുടെ ആക്രമണമുണ്ടെങ്കിൽ ഇളംകുലയിൽ (ഒന്നു മുതൽ അഞ്ചു മാസം വരെ പ്രായമുള്ളത്) കാർബാറിൽ എന്ന കീടനാശിനി 0.1% വീര്യത്തിൽ (20 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി) തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. വിരിഞ്ഞ് പരാഗണം നടക്കാത്ത പൂക്കുലകളിൽ (ഒരു മാസം വരെ പ്രായമായത്) മരുന്നു തളിക്കരുത്. കുമിൾരോഗങ്ങൾക്കെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കാം.

നീരൂറ്റിക്കുടിക്കുന്ന മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവ വേനൽക്കാലങ്ങളിൽ നാമ്പോലകളേയും കൊതുമ്പുകളേയും തേങ്ങാക്കുലകളേയും ആക്രമിയ്ക്കുന്നു. ശൽക്കകീടങ്ങൾ ഓലകളിലും കാണാറുണ്ട്. ഇവയുടെ ആക്രമണഫലമായി ഓലകൾ മഞ്ഞനിറമായി ഉണങ്ങുന്നു. മീലിമുട്ടകളെ നിയന്ത്രിയ്ക്കുവാൻ 2 ശതമാനം വേപ്പെണ്ണ 20 ദിവസത്തെ ഇടവേളകളിൽ രണ്ടുതവണ തളിച്ചാൽ മതിയാകും. ശൽക്കകീടങ്ങൾക്കെതിരെ ഡൈമെത്തോയേറ്റ് ഫലപ്രദമായി ഉപയോഗിയ്ക്കാം.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോ മൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബാറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോ വൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10–15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള അടിഭാഗത്തെ ഓലകൾ വെട്ടിനീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (*Goniozus nephantidis*), എലാസ്മസ് നിഫാന്റിഡിസ് (*Elasmus nephantidis*), ബ്രാക്കിമേറിയ നൊസട്ടോയ് (*Brachymeria nosatoi*) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോല

പ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദ പ്രാണികളെ വിടാവുന്നതാണ്.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 മൂന്നുഗ്രാം എന്നിവയിലൊന്ന് 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. അല്ലെങ്കിൽ 20 ഗ്രാം ഫോറേറ്റ് എന്ന കീടനാശിനിയും 200 ഗ്രാം മണലും ചേർന്ന മിശ്രിതം കൂമ്പിന്റെ ചുവട്ടിലെ ഓലക്കവിളുകളിൽ നിറയ്ക്കുക. വർഷത്തിൽ രണ്ടുപ്രാവശ്യം അതായത് ഏപ്രിൽ-മേയ് മാസങ്ങളിലും ഒക്ടോബർ-നവംബർ മാസങ്ങളിലും ഇപ്രകാരം ചെയ്യുക.

തെങ്ങിന്റെ പ്രായം, ഓലകളുടെ വലിപ്പം, തോട്ടത്തിൽ ലഭിക്കുന്ന സൂര്യപ്രകാശത്തിന്റെ അളവ് എന്നിവ കണക്കിലെടുത്ത് തെങ്ങിൻതോട്ടത്തിൽ ഇടവിളകൾ ആദായകരമായി കൃഷിചെയ്യാം. ഏഴുവർഷം വരെ പ്രായമായ തോട്ടങ്ങളിൽ ഇടവിളയായി ഹ്രസ്വകാല വിളകൾ കൃഷി ചെയ്യാം. ഏഴു മുതൽ ഇരുപത്തിയഞ്ചു വർഷം വരെയുള്ള തെങ്ങിൻ തോട്ടങ്ങളിൽ തണലിൽ വളരുന്ന വിളകളാണ് നല്ലത്. 25 വർഷങ്ങൾക്ക് ശേഷം ഏതു വിളയും കൃഷി ചെയ്യാം.

**ആൻഡമാൻ/നിക്കോബാർ ദ്വീപുകൾ**

നഴ്സറികളിൽ നന തുടരുക. വരൾച്ച തുടരുന്ന പക്ഷം തെങ്ങുകൾക്ക് നനയ്ക്കുക. നീർവാർച്ചയ്ക്ക് സൗകര്യമുണ്ടാക്കാൻ ചിറകളുടേയും തോടുകളുടേയും കേടുപാടുകൾ പോക്കുക. വിത്തുതേങ്ങ ശേഖരിക്കുക. തെങ്ങിൻ തൈകൾ നടുന്നതിന് കുഴികൾ തയ്യാറാക്കുക. മണൽ പ്രദേശങ്ങളിലും ചൊരിമണൽ പ്രദേശങ്ങളിലും 90 ഘന സെ.മീറ്റർ വലുപ്പത്തിൽ കുഴികളെടുക്കുക. കളിമൺ പ്രദേശങ്ങളിൽ 60 ഘന സെ. മീറ്ററിൽ കുഴികളെടുക്കുക.

പുതിയതായി തൈ വെയ്ക്കുമ്പോഴും അടിത്തൈ വെയ്ക്കുമ്പോഴും മണൽ മണ്ണിലും മണൽ കലർന്ന എക്കൽ മണ്ണിലും 7.5 മീറ്റർ അകലത്തിലാണ് കുഴികൾ എടുക്കേണ്ടത്. ഒറ്റവരി സമ്പ്രദായത്തിൽ 6 മീ. X 9 മീ. അകലത്തിലും ഇരട്ട വരി സമ്പ്രദായത്തിൽ 6 മീ. X 6മീ. X 9 മീ. അകലത്തിലുമാണ് കുഴികൾ തൈ നടാനായി എടുക്കേണ്ടത്. കുമിൾ രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടിയെന്ന നിലയിൽ എല്ലാ തെങ്ങുകൾക്കും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.

ജലസംരക്ഷണത്തിനായി നാല് തെങ്ങുകൾക്കിടയിൽ ഒന്ന് എന്ന നിരക്കിൽ 4 മീ. നീളവും 50 സെ.മീ. ആഴവും ഉള്ള ചാലുകൾ എടുക്കുക. ഇതിൽ തൊണ്ട് നിറക്കുക. തൊണ്ട് നിറക്കുമ്പോൾ താഴത്തെ നിരകളിൽ തൊണ്ട് മലർത്തിയും ഏറ്റവും മുകളിലത്തെ രണ്ടു നിര കമിഴ്ത്തിയും വേണം അടുക്കേണ്ടത്. തെങ്ങിൻ തോട്ടത്തിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്യുക.

**കർണ്ണാടകം**

നന തുടരുക. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരിക്കുക. വിത്തുതേങ്ങ പാകുന്നതിന് നഴ്സറി തയ്യാറാക്കുക. നനയ്ക്കു സൗകര്യമുള്ളതും സൂര്യപ്രകാശം ലഭിക്കുന്നതും നീർവാർച്ചയുള്ളതുമായ സ്ഥലങ്ങളാണ് നഴ്സറിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള അടിഭാഗത്തെ ഓലകൾ വെട്ടിനീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (*Goniozus nephantidis*), എലാസ്മസ് നിഫാന്റിഡിസ് (*Elasmus nephantidis*), ബ്രാക്കിമേറിയ നൊസട്ടോയ് (*Brachymeria nosatoi*) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദ പ്രാണികളെ വിടാവുന്നതാണ്.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ (0.004 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കുക.

**തമിഴ്നാട് / പോണ്ടിച്ചേരി**

വേനൽക്കാലത്തെ ചാറ്റൽമഴ ലഭിക്കാത്ത സ്ഥലങ്ങളിൽ നന തുടരുക. മണ്ണിൽ വേണ്ടത്ര ഈർപ്പമുണ്ടെങ്കിൽ മരച്ചീനിയോ, മറ്റേതെങ്കിലും വാർഷികവിളകളോ, ഇടവിളകളോ നടുക. തോട്ടത്തിൽ ഇവ നട്ടു വളർത്തുന്നതുകൊണ്ട് മണ്ണിന്റെ ഘടന മെച്ചപ്പെടുകയും വളക്കൂറ് വർദ്ധിക്കുകയും ചെയ്യും. വിത്തുതേങ്ങ ശേഖരണം തുടരുക.

മൂന്നാം ഗഡു മരുന്നുതളി നടത്തുക. മണ്ഡരിയുടെ ആക്രമണം കാണുന്ന പക്ഷം മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ അസാഡിറാക്ടിൻ അടങ്ങിയ ജൈവ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ 4 മി.ലിറ്റർ വീതം ചേർത്ത് തെങ്ങുകൾക്ക് തളിച്ചുകൊടുക്കാവുന്നതാണ്.




## മുഖക്കുറി

വർഷാന്ത പരീക്ഷയുടെ ബദ്ധപ്പാടുകൾക്കിടയിലും കുരുത്തോല പന്തലിനോട് സർഗ്ഗാത്മകമായി സഹകരിക്കുവാൻ, കേര സൗഹൃദം നിലനിർത്തുവാൻ നമ്മുടെ വിദ്യാർത്ഥികൾ കാണിക്കുന്ന ഉത്സാഹം മറ്റുള്ളവർക്കും ഒരു പാഠമാകേണ്ടതാണ്.

*പായിപ്ര രാധാകൃഷ്ണൻ*



# എങ്ങുപോയ് എന്നുടെ കേരനാട്

**ചെമ്മനം ചാക്കോ**



ഏതു നാടിന്റെ തീറാധാരമോ, പൂട്ടി
മേശയിൽ വച്ചിരിക്കുന്നു ദൈവം
ആ നാട്ടി, ലീശന്റെ സ്വന്ത നാട്ടിൽ, തിരി-
ച്ചാഗമിക്കുന്നു ഞാൻ, കേരളത്തിൽ.
എന്തൊരു നാശമേ നാട്ടിൽ! കൃഷിസ്ഥലം
പന്തുകളിക്കളം പോലെ തോന്നും.
നെല്ലു വിളഞ്ഞതാം പാടങ്ങൾ ഫ്ളാറ്റിന്റെ-
യില്ലങ്ങളായ്ത്തീർന്നു മിക്കവാറും.
മണ്ട പഴുത്തതാം തെങ്ങുകൾ ചൊല്ലുന്നു
പണ്ടിതു 'കേരളം' ആയിരുന്നു.
ഭൂതിപ്പിശാചായ് വികസന കാര്യങ്ങൾ
പാതി വഴിയിൽ കിടന്നിടുന്നു.
പേരിന്നുമധ്വാന ശീലം വളരാത്ത
കേരളം കേവലം 'ശബ്ദരാജ്യം!'

എന്തൊരു ദാഹമേ ദാഹം! തിരിച്ചെന്റെ
സ്വന്തമാം ദേശത്തു വന്ന നേരം.
റോട്ടിൻ വശത്തായ് തലപൊക്കി നില്പൊരു
ഹോട്ടലിൽ കേറി നട്ടുച്ചനേരം.
"വല്ലാത്ത ദാഹം; ഇളനീർ കിടയ്ക്കുകിൽ-
ക്കൊള്ളാം" മയത്തിൽ പറഞ്ഞു ഞാനും.
തേട്ടും പരിഹാസപൂരം തിളയ്ക്കുന്ന
ഹോട്ടൽത്തൊഴിലാളി തന്റെ വാക്യം:-
അമ്മാവനേതു മലമൂട്ടിൽ നിന്നുമാ-
ണിമ്മലയാളത്തിൽ വന്നുചേർന്നു?
ആർക്കാണു വേണ്ട തിളനീർ? കൊടുക്കുകിൽ
കാർക്കിച്ചു തുപ്പും കിടാങ്ങൾ പോലും!


ചായയോ കാപ്പിയോ ചോദിച്ചിടുന്നവൻ
പോയകാലത്തിന്റെ പ്രേതരൂപം.
അപ്പോളിളനീരു കേൾക്കുന്ന കാർന്നോരു
ശപ്പനോ. ശപ്പന്റെ മുത്തപ്പനോ?
വിസ്ക്കിയോ ബ്രാണ്ടിയോ റമ്മോ– തനിക്കെത്ര-
പെഗ്ഗുവേണം? തരാം; ചൊല്ലിയാട്ടെ!
നാടിന്റെ മാറ്റമുൾക്കൊള്ളണം മൂപ്പിലേ,
നാടോടിടുമ്പോൾ നടുവെ വേണം!
അന്തസ്സിൽ ടൂറിസം നാട്ടിയ 'ദൈവത്തിൻ-
സ്വന്തനാട്' എന്നുള്ള ബോർഡു കാൺകെ
അന്തം വിട്ടാർത്താർത്തു കൂവി ഞാൻ-
"എങ്ങുപോയ്, എങ്ങുപോയ് എന്നുടെ കേരനാട്?"

കേരപ്പഴമ

# ഫലമറിയാൻ നാളികേരം

*പായിപ്ര രാധാകൃഷ്ണൻ*

ലോകത്തെവിടെയുമുള്ളതുപോലെ കാർഷികമായ അനുഷ്ഠാന കർമ്മങ്ങൾ കേരളത്തിലുമുണ്ടായിരുന്നു. പ്രാർത്ഥനാപൂർവ്വമായിട്ടാണ് കർഷകർ വിളവിറക്കാൻ ആരംഭിക്കുന്നത് തന്നെ. ഈ അനുഷ്ഠാന കർമ്മങ്ങളിൽ നാളികേരത്തിന് പ്രാധാന്യം ഉണ്ടായിരുന്നതായി കാണാം. കൃഷി ആരംഭത്തിനുള്ള മുഹൂർത്തം നിശ്ചയിച്ച് അതിൻപ്രകാരം കൃഷിഭൂമിയിൽ ഗണപതിപൂജ നടത്തും. നല്ല കാലാവസ്ഥയ്ക്കും സമൃദ്ധമായ വിളവിനും വേണ്ടിയുള്ള പ്രാർത്ഥ നകൾക്ക് ശേഷം കൊഴുവിൻമേൽ നാളികേരമുടച്ച് നാളികേരമുറികളുടെ വലിപ്പച്ചെറുപ്പം നോക്കി ഫലം പറയുന്ന രീതിയുണ്ട്. രണ്ടു പകുതിയും സമമാണെങ്കിൽ ശരാശരി വിളവെന്നും, പിൻഭാഗം വലുപ്പം കൂടിയതാണെങ്കിൽ വിളവ് അധികരിക്കുമെന്നും ഫലം. വെള്ളം തൂവി പോകുകയോ, കണ്ണിന് പൊട്ടുവരികയോ ചെയ്താൽ ഫലം കഷ്ടകാലമെന്ന് കണക്കാക്കണം. രണ്ടു മുറിയിലേയും നാളികേരവെള്ളത്തിൽ ഓരോ തുളസിയിലയിട്ട് നോക്കും. തുളസിയില വലത്തോട്ട് ചലിച്ചാൽ ശ്രേഷ്ഠമായ ഭാവിയും മറിച്ചാണെങ്കിൽ വിപരീത ഫലവുമാകും.



പന്ത്രണ്ട് വർഷമെങ്കിലും മൂപ്പുള്ള തെങ്ങിന്മേലുള്ള മൂപ്പെത്തിയ കുല മെല്ലെ താഴെയിറക്കി വിത്ത് പാകണം. പച്ചമഞ്ഞൾ മുളപ്പിച്ചതിന്നരികെ കുഴികുത്തി മണലിട്ട് ഉപ്പിട്ട് തിരുവാതിര ഞാറ്റുവേലയിൽ തെങ്ങ് വെയ്ക്കണെമെന്നാണ് പഴമക്കാർ പറയുന്നത്.

“ഓരുതട്ടുന്ന ഭൂമിയിലേറ്റവും
പാരിക്കുന്നിതു കേരങ്ങളെത്രയും
പാരമില്ല ചിതലങ്ങു ഭൂമിയി-
ലോരു തട്ടുന്ന ദേശത്തു നിർണ്ണയം”

(കൃഷിഗീത)

തെങ്ങ് വയ്ക്കുന്നത് പുണ്യകർമ്മമായിട്ടും കൃഷിഗീത ഉദ്ഘോഷിക്കുന്നുണ്ട്.

“തെങ്ങ് വെയ്ക്കുന്ന മാനുഷരെല്ലാരും
പൊങ്ങിടാതെയിരിക്കുന്നു സ്വർഗ്ഗത്തിൽ”


ഓരോ ഭവനവും ഒരുല്പാദന കേന്ദ്രവും ജീവിതത്തിന്റെ സ്വതന്ത്രശില്പവും എന്ന സങ്കൽപമായിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്. ഓരോ വീട്ടിലെ വിഭവങ്ങൾക്കും ഓരോ രുചി. ഓരോ വീട്ടിലെ അച്ചാറിനും, ചമ്മന്തിക്കും, ഉപ്പേരിക്കും ഓരോ രുചി (ഇന്നിപ്പോൾ എല്ലായിടത്തേയും രുചി മൾട്ടി നാഷണൽ കോർപ്പറേറ്റ് രുചിയാണ്!). ക്ഷാമ കാലത്തേയ്ക്ക് കരുതിവെയ്ക്കേണ്ടതിൽ വെളിച്ചെണ്ണയ്ക്കും സ്ഥാനമുണ്ടാ യിരുന്നു.

“നല്ലെണ്ണ, വെളിച്ചെണ്ണ, പൂവത്തെണ്ണ
നല്ല കൊട്ടയെണ്ണായിവയൊക്കവേ
സംഭരിച്ച് ഭരണിയിലാക്കണം
ശുഭവത്തായി സൂക്ഷിച്ച് വെയ്ക്കണം...
പുരയൊക്കെ കെട്ടിമേഞ്ഞിട്ടുട-
നിരിക്കേണം സുഖിച്ചുടനേ വരും
സംഗ്രഹിക്കേണം സൂക്ഷിച്ചവയെല്ലാം
സംഗ്രഹചിത്തന്മാരെന്നറിഞ്ഞാലും.”

(കൃഷിഗീത)

പരശുരാമൻ കേരള ബ്രാഹ്മണർക്ക് കൃഷിയെക്കുറിച്ച് ഉപദേശിച്ചു കൊടുത്തതെന്ന് കരുതപ്പെടുന്ന കൃഷിഗീത എന്ന മലയാളത്തിലെ ഏറ്റവും പുരാതനമായ കൃഷി ശാസ്ത്ര ഗ്രന്ഥത്തിലാണ് കേരസംബന്ധിയായ ഇത്തരം പരാമർശങ്ങളുള്ളത്.

കാർട്ടൂൺ



# രാമുവിന്റെ തേങ്ങാസൂത്രം


**പോളി ജോർജ്ജ്**
*എട്ടാംതരം, ജെ.എച്ച്.എസ്.എസ്, വാഴക്കുളം*

"തീരാൻ പോണു, തീരാൻ പോണു വാങ്ങാനുള്ളവർ വേഗം വരൂ". ഉച്ചസൂര്യന്റെ കഠിനചൂടിലും രാമുവിന്റെ തേങ്ങ വാങ്ങുവാൻ ധാരാളമാളുകൾ ഉണ്ടായിരുന്നു. നല്ല തേങ്ങകളായിരുന്നു രാമുവിന്റേത്. തന്റെ തേങ്ങ എല്ലാവരും വാങ്ങുന്നത് കണ്ട് രാമുവിന് വളരെ സന്തോഷമായി. ഉച്ചകഴിഞ്ഞപ്പോൾ അവന്റെ തേങ്ങകളെല്ലാം വിറ്റ് തീർന്നു. രാമു വേഗം ചന്തയിൽ നിന്ന് വീട്ടിലേക്ക് തിരിച്ചു. വീട്ടിൽ രാമുവിനെ കാത്ത് അവന്റെ ഭാര്യയും മക്കളും നോക്കിയിരിക്കുന്നുണ്ടായിരുന്നു. നന്നായി അദ്ധ്വാനിക്കുന്നവനാണ് രാമു. അവന് രണ്ട് മക്കളും ഭാര്യയുമുണ്ട്. ദരിദ്ര കുടുംബമാണ് രാമുവിന്റേത്. തെങ്ങ്കൃഷി നടത്തിയാണ് അവർ ജീവിക്കുന്നത്. രാമു എല്ലാദിവസവും ചന്തയിൽ പോയി തേങ്ങ വിൽക്കും.

പിറ്റേ ദിവസം രാവിലെ രാമു തേങ്ങ വിൽക്കാൻ ചന്തയിലേക്ക് പോകുവാൻ തയ്യാറായി. ഭാര്യയോടും മക്കളോടും യാത്ര പറഞ്ഞ് രാമു തേങ്ങകുട്ടയുമെടുത്ത് ചന്തയിലേക്ക് നടന്നു. ചന്തയിലേക്ക് പോകുന്നത് ഒരു കാട്ടിലൂടെയാണ്. രാമു നടന്ന് കാട്ടിലെത്തിയതും പെട്ടെന്ന് അവന്റെ മുന്നിലേക്ക് കാട്ടുകള്ളൻ പരമു എടുത്ത് ചാടി. രാമു പേടിച്ചു പോയി. പരമു രാമുവിനോട് ചോദിച്ചു "കുട്ടയിൽ എന്താണ്?" "തേങ്ങയാണ്" എന്ന് രാമു മറുപടി പറഞ്ഞു. "എന്താണ് തേങ്ങ?" പരമു രാമുവിനോട് ചോദിച്ചു. തേങ്ങ കണ്ടിട്ടില്ലാത്ത പരമുവിനെ ഓടിക്കാൻ രാമുവിന് ഒരു ബുദ്ധി തോന്നി. രാമു പറഞ്ഞു "തേങ്ങയെന്നാൽ ഒരു കുട്ടി ഭൂതമാണ്. അവൻ കരഞ്ഞാൽ എന്നെ ഒഴികെ ബാക്കി എല്ലാവരേയും പിടിച്ച് വിഴുങ്ങും." ഇതും പറഞ്ഞ് രാമു വേഗം ഒരു തേങ്ങയെടുത്ത് തുളച്ച് വെള്ളം ചാടിച്ചിട്ട് പറഞ്ഞു. "അയ്യോ തേങ്ങ കരയുന്നേ", തേങ്ങ കരയുന്നു എന്നു കേട്ടപ്പോൾ പരമു പേടിച്ചുപൊയി. അവൻ ജീവനും കൊണ്ടോടി പരമുവിനെ ഓടിച്ച കഥയും അയവിറക്കി രാമു തന്റെ കുട്ടയും എടുത്ത് ചന്തയിലേക്ക് നടന്നു.

## കാർട്ടൂൺ

**ബലറാം**



## എന്റെ തെങ്ങ്


**അഞ്ജലി രാജൻ**

*എട്ടാംതരം ബി., സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹൈസ്കൂൾ, കോതമംഗലം*

ഒരു ഞായറാഴ്ച പുലരി. തീയതി 2011 ജൂൺ 5. ലോക പരിസ്ഥിതി ദിനം. അന്ന് തിങ്കളോ മറ്റേതെങ്കിലും ദിവസമോ ആയിരുന്നെങ്കിൽ ഞാനും സ്കൂളിലെ ഒരു ചെറുമരത്തിന് ഉടമയായേനെ. സ്കൂളിലായാലും വീട്ടിലായാലും ആ ദിവസം ഒരു മരം സ്വന്തമാക്കുക എന്നത് എന്റെ കടമയാണ്. ദിവസവും ചെടികൾ കൊണ്ടുവരുന്ന ഗോപാലേട്ടന്റെ സൈക്കിൾ മണിയടി ഞാനന്നും കേട്ടു. വിഷു കൈനീട്ടമായി കിട്ടിയ നൂറ് രൂപയും എടുത്ത് ഞാനോടി. വർണ്ണപ്പകിട്ടാർന്ന ഡാലിയ പൂക്കൾ എന്റെ കണ്ണഞ്ചിപ്പിച്ചു. ഉണർവ്വേകുന്ന റോസാപൂക്കൾ എനിക്ക് കൂടുതൽ ഉന്മേഷം നൽകി. എങ്കിലും ചെറിയ ഓലയുമായി പുത്തൻ പ്രഭാതത്തിൽ പുഞ്ചിരിച്ച് നിൽക്കുന്ന തെങ്ങിൻ തൈ എന്നെ കൂടുതൽ ആകർഷിച്ചു. അടി മുതൽ തല വരെ ഉപയോഗപ്രദമായ തെങ്ങിന്റെ ഭാഗങ്ങളായിരിക്കാം ഒരുപക്ഷേ; എന്നെ ഒരു തെങ്ങിൻ തൈ തന്നെ തെരഞ്ഞെടുക്കുവാൻ പ്രേരിപ്പിച്ചത്. അച്ഛന്റെ സഹായത്തോടുകൂടി തന്നെ തെങ്ങിൻ തൈ എന്റെ കൃഷി തോട്ടത്തിനരികിൽ നട്ടു. അങ്ങനെ ആ പരിസ്ഥിതി ദിനത്തിന്റെ പുലർവേളയിൽ ഞാനും ഒരു തെങ്ങിൻ തൈ നട്ടു. പിന്നീടത് എന്റെ സ്നേഹവും, പരിചരണവും ഏറ്റ് എന്നോടൊപ്പം ഓരോ നിമിഷവും വളർന്നുകൊണ്ടിരുന്നു.

## എന്റെ നാളികേരം

**അർജ്ജുൻ കെ. വിക്രം**
*എട്ടാംതരം, എം.ഇ.എച്ച്.എസ്.എസ്, കോട്ടപ്പടി*



കേരവൃക്ഷങ്ങൾ നിറഞ്ഞനാടേ,
കേരളമെന്നു നീ പേര് കേട്ടു
കേരകേരാദികൾ നിറഞ്ഞ് നിൽപ്പൂ
നിന്റെ പൂങ്കാവനങ്ങളെല്ലാം
പലതും തരുന്ന കേരമേ നീ തരും
സമ്മാനക്കനിയല്ലോ നാളികേരം
എല്ലായിടത്തും നിറഞ്ഞ് നിൽപ്പൂ
നിൻ സമ്മാനക്കനിയുടെ മാധുര്യങ്ങൾ
ആകാശത്തെ തേങ്ങാപ്പൂളായ
അമ്പിളിയമ്മാവൻ നിൻ രൂപത്തിൽ
നാളികേരമേ തിളങ്ങി നിൽക്കും
നിനക്കെന്റെ പ്രണാമമർപ്പിക്കുന്നു.



# കേരവ്യവസായ മേഖല സംസ്ഥാന ബഡ്ജറ്റിൽ



നാളികേരത്തിന്റെ ഉത്പാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളികേരകൃഷി ലാഭകരമാക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പ് വരുത്തുന്നതിനുമായി ഒരു സമഗ്രനാളികേര വികസന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നു.

### കോക്കനട്ട് ബയോപാർക്ക്

കേരളത്തിൽ നാളികേരകൃഷി നശിച്ചുകൊണ്ടിരിക്കുകയും അതിനോടുള്ള ആഭിമുഖ്യം നാൾക്കുനാൾ കുറഞ്ഞ് വരികയുമാണ്. കേരളത്തിന്റെ നട്ടെല്ലായ കേരകൃഷിയെ സമുദ്ധരിക്കേണ്ടത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. സുസ്ഥിരമായ ഉത്പാദനക്ഷമതാ വർദ്ധനവ് കൈവരിച്ചും എല്ലാ അനുബന്ധ ഉൽപന്നങ്ങൾക്കും മൂല്യവർദ്ധനവ് നേടിയെടുത്തും വിപണി മൂല്യം പരമാവധി ഉയർത്തിയും കർഷക കൂട്ടായ്മ വളർത്തിയും കർഷക രക്ഷയ്ക്കായി നാളികേരബയോ പാർക്കുകൾ സ്ഥാപിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അനുയോജ്യമായ സാങ്കേതികവിദ്യ വിന്യസിച്ചുകൊണ്ട് നാളികേരോത്പാദനം രണ്ടിരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

വെർജിൻ വെളിച്ചെണ്ണ, നാളികേര പൗഡർ, നാളികേര ചിപ്സ്, തേങ്ങാപ്പാൽ, മിൽക്ക് പൗഡർ, വിവിധ കയർ ഉത്പന്നങ്ങൾ, കയർ കൊണ്ടുള്ള ഭൂതല ആവരണം തുടങ്ങി കൂടുതൽ ആദായം നേടിത്തരുന്ന നിരവധി മൂല്യവർദ്ധിത ഉൽപന്നങ്ങളാണ് ഈ ബയോപാർക്കിൽ ഉത്പാദിപ്പിക്കപ്പെടുക.

തെക്കൻ കേരളത്തിലും മധ്യകേരളത്തിലും വടക്കൻകേരളത്തിലുമായി മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതാണ്. ഈ പാർക്കിന്റെ നടത്തിപ്പും റൈസ് പാർക്കിന്റെ മാതൃകയിൽ സജ്ജീകരിക്കുന്നതാണ്. ഇതിനായി 15 കോടി രൂപ ബഡ്ജറ്റിൽ നീക്കിവെക്കുന്നു.

- നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ പരിശീലനം നേടി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 5000 പേരിൽ ബാങ്ക് വായ്പ എടുത്ത് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നവർക്ക് 25 ശതമാനം സബ്സിഡി (പരമാവധി 12500 രൂപ) നൽകുന്നതാണ്.
- കരിക്കിൻവെള്ള സംസ്ക്കരണം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ചിപ്സ് എന്നീ നൂതന നാളികേര വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന കേരളത്തിലെ പുതിയ യൂണിറ്റുകൾക്ക് നാളികേര ബോർഡിന്റെ സഹായത്തിനു പുറമേ മൂലധനച്ചെലവിന്റെ 25 ശതമാനം തുക (പരമാവധി 25 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നതാണ്.
- കരിക്കിൻവെള്ളം ആരോഗ്യദായകമായ പാനീയം ആയതിനാൽ അതിന്റെ വിപണനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനായി പായ്ക്ക് ചെയ്ത കരിക്കിൻവെള്ളത്തിന്മേൽ നിലവിലുള്ള നികുതി 12.5 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറയ്ക്കുന്നു.
- വെട്ടിക്കളയുന്ന തെങ്ങിൻതടി നിലവിൽ കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല. തെങ്ങുകൃഷി പുനരുജ്ജീവന പദ്ധതിയിൽ മാത്രം കേരളത്തിൽ ഏകദേശം 10 ലക്ഷത്തോളം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. തെങ്ങിൻ തടിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉൽപന്ന വൈവിദ്ധ്യവത്ക്കരണത്തിനുമായി പ്രൈമറി പ്രോസസിംഗിനുവേണ്ടി കേരഫെഡ് - എഫ്.ഐ.ടി. സംരംഭത്തിന് 5 കോടി രൂപ അനുവദിക്കുന്നതാണ്.

# 109-ാമത് ബോർഡ് യോഗം

നാളികേര വികസന ബോർഡിന്റെ 109-ാമത് ബോർഡ് യോഗം ഇക്കഴിഞ്ഞ ഫെബ്രുവരി 23-ാം തീയതി എറണാകുളത്ത് നടന്നു. ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ബോർഡ് വൈസ് ചെയർമാൻ ശ്രീ. മാണി സി കാപ്പൻ, ബോർഡ് അംഗങ്ങളായ ശ്രീ. ജി.എസ്. ബാസവരാജ് എം.പി., ഡോ. ചാൾസ് ഡയസ് എം.പി., തമിഴ് നാട് കാർഷികോത്പാദന കമ്മീഷണറും സെക്രട്ടറിയുമായ ശ്രീ. സന്ദീപ് സക്സേന ഐഎഎസ്, കേന്ദ്ര ഉപഭോക്തൃവിഷയ, ഭക്ഷ്യ, പൊതു വിതരണ മന്ത്രാലയത്തിലെ ഡയറക്ടർ (സഹകരണം) ഡോ. എ.കെ. മിശ്ര, അഡ്വ. വർക്കല ബി. രവികുമാർ, ശ്രീ. കെ. ധർമ്മരാജൻ, ശ്രീമതി. കെ.ആർ. നേത്രാവതി, ശ്രീ. ആർ. കലൈശെൽവൻ, ശ്രീവസന്ത വിഷ്ണു ലിമായ് എന്നിവരും കേന്ദ്ര ഹോർട്ടിക്കൾച്ചർ കമ്മീഷണറെ പ്രതിനിധീകരിച്ച് സ്പെഷ്യൽ ആഫീസർ ശ്രീ. എൽ. ശിവരാമ റെഡ്ഡിയും യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ 12-ാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ ചർച്ച ചെയ്തു.



*ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ് ബോർഡ് അംഗങ്ങളായ ശ്രീ. ജി.എസ്. ബാസവരാജ് എം.പി., ഡോ. ചാൾസ് ഡയസ് എം.പി., അഡ്വ. വർക്കല ബി. രവികുമാർ എന്നിവർ ബോർഡ് യോഗത്തിൽ*



*ബോർഡ് വൈസ് ചെയർമാൻ ശ്രീ. മാണി സി കാപ്പൻ, ബോർഡ് അംഗങ്ങളായ തമിഴ് നാട് കാർഷികോത്പാദന കമ്മീഷണറും സെക്രട്ടറിയുമായ ശ്രീ. സന്ദീപ് സക്സേന ഐഎഎസ്, ശ്രീ. കെ. ധർമ്മരാജൻ, ശ്രീമതി. കെ.ആർ. നേത്രാവതി, ശ്രീ. ആർ. കലൈശെൽവൻ, കേന്ദ്ര ഉപഭോക്തൃവിഷയ, ഭക്ഷ്യ, പൊതു വിതരണ മന്ത്രാലയത്തിലെ ഡയറക്ടർ (സഹകരണം) ഡോ. എ.കെ. മിശ്ര, സ്പെഷ്യൽ ആഫീസർ ശ്രീ. എൽ. ശിവരാമ റെഡ്ഡി എന്നിവർ യോഗത്തിൽ*

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം വിജയകരമായി ലക്ഷ്യം പൂർത്തിയാക്കി മുന്നേറുന്നു


തെങ്ങിന്റെ ചങ്ങാതിമാരായ യുവാക്കൾക്ക് സ്ഥിരം തൊഴിലും വരുമാനമാർഗ്ഗവും ഉറപ്പാക്കിക്കൊണ്ട് കേന്ദ്ര നാളികേര ബോർഡ് ഇക്കഴിഞ്ഞ ചിങ്ങം ഒന്നിന് ആരംഭിച്ച തെങ്ങുകയറ്റ പരിശീലനപരിപാടി വിജയകരമായി ലക്ഷ്യം പൂർത്തിയാക്കി മുന്നേറുന്നു. ഈ സാമ്പത്തിക വർഷം 5000 പേർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ബോർഡ് ആരംഭിച്ച പരിശീലന പരിപാടിക്ക് കേരകർഷകരിൽ നിന്നും യുവജനങ്ങളിൽ നിന്നും ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്. പരീശിലനപരിപാടി 30-ാം ആഴ്ച പിന്നിടുമ്പോൾ, കോഴിക്കോട് ജില്ലയിൽ 19 പേർ പരിശീലനം നേടുന്നുണ്ട്. ഇതുവരെ വിവിധ കേന്ദ്രങ്ങളിലായി സംഘടിപ്പിച്ച 240 ബാച്ചുകളിലായി 5250 പേർ പരിശീലനം നേടി. ഇതിൽ 390 സ്ത്രീകളും ഉൾപ്പെടും. തെങ്ങിനെ സംബന്ധിച്ച് സമഗ്രമായ അറിവും പരിശീലനവും നൽകുന്നതിന് 10 ജില്ലകളിൽ ആരംഭിച്ച ആറ് ദിവസത്തെ സൗജന്യ പരിശീലനം 20 പേർവീതമുള്ള 25 ബാച്ചുകൾക്ക് നൽകി ഓരോ കേന്ദ്രങ്ങളിലും 500 തികയ്ക്കുക എന്നതായിരുന്നു പ്രാരംഭലക്ഷ്യം. ഇപ്പോൾ 13 ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്.

ജില്ലകളിലെ പരിശീലനം പൂർത്തീകരിച്ച തെങ്ങിന്റെ ചങ്ങാതിമാരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്. എറണാകുളം 569, കോഴിക്കോട് 591, കാസർഗോഡ് 200, കണ്ണൂർ 507, മലപ്പുറം 528, പാലക്കാട് 427, തൃശ്ശൂർ 486, ആലപ്പുഴ 327, ഇടുക്കി 164, കോട്ടയം 197, പത്തനംതിട്ട 122, കൊല്ലം 514, തിരുവനന്തപുരം 618. കൂടാതെ ലക്ഷദ്വീപിൽ 101 പേർക്കും മഹാരാഷ്ട്രയിൽ 20 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. കർണ്ണാടകയിലെ മാണ്ഡ്യയിൽ പരിശീലന പരിപാടി ആരംഭിച്ചു കഴിഞ്ഞു. 18 പേർ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്. തമിഴ് നാട്ടിൽ പരിശീലന പരിപാടി ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ബോർഡ്.

തെങ്ങിന്റെ വിളവെടുപ്പുൾപ്പെടെ എല്ലാവിധ സസ്യസംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്ന തെങ്ങിന്റെ ചങ്ങാതിമാരെക്കുറിച്ച് അറിയാൻ ബോർഡിന്റെ ഓൺലൈൻ ഡയറക്ടറി സെർച്ച് ചെയ്താൽ മതി. ബോർഡിന്റെ വെബ്സൈറ്റായ coconutboard.nic.in ന്റെ ഹോം പേജിലുള്ള Friends of coconut tree എന്ന ബോക്സിൽ മൗസ് ക്ലിക്ക് ചെയ്താൽ അതാത് ജില്ലകളിലെ ചങ്ങാതിമാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭിക്കും.

ഇനിയും വിവിധ ജില്ലകളിലെ പരീശിലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

# ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയം



ഈ വർഷത്തെ കേരള ബഡ്ജറ്റിൽ സംസ്ഥാന ധനമന്ത്രി ശ്രീ. കെ.എം. മാണി പ്രകൃതിയുടെ അമൂല്യവരദാനമായ ഇളനീരിനെ സംസ്ഥാന ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചു. ദൈവത്തിന്റെ സ്വന്തം നാടിന്റെ സ്വർഗ്ഗീയ പാനീയമാണ് ഇളനീർ. നിർമ്മലവും സംശുദ്ധവും വിഷരഹിതവുമായ ഇളനീർ വേനൽക്കാലത്ത് കുളിർമയേകുന്നു. സോഡിയം, പൊട്ടാസ്യം, മഗ്നീഷ്യം, കാത്സ്യം, ഫോസ്ഫറസ് എന്നീ ഇലക്ട്രോ ലൈറ്റുകളാൽ സമൃദ്ധമാണ്. പുരാതനകാലം മുതൽക്ക് തന്നെ ശരീരത്തിൽ നിന്ന് ജലം നഷ്ടപ്പെടുന്ന രോഗാവസ്ഥയിൽ പുനർജ്ജലീകരണ പാനീയമെന്ന നിലയിൽ ഇളനീർ ഉപയോഗിച്ചുവരുന്നു.

പ്രസിദ്ധമായ വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയിൽ കേരളത്തിനുള്ള പ്രാധാന്യം കണക്കിലെടുത്തും, പോഷകമൂല്യമേറിയ ഇളനീർ ജനപ്രിയമാർജ്ജിക്കുന്നതിനും വേണ്ടി നാളികേര വികസന ബോർഡ് ഇളനീർ സംസ്ഥാന ഔദ്യോഗിക പാനീയമാക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നാളികേരോത്പാദക സംഘങ്ങളിലൂടെ തടസ്സം കൂടാതെ ഇളനീരിന്റെ വിതരണം ഉറപ്പാക്കാൻ ബോർഡിന് സാധിക്കും.

# കെനിയൻ പ്രതിനിധി സംഘം നാളികേര വികസന ബോർഡ് സന്ദർശിച്ചു



*കെനിയൻ പ്രതിനിധി സംഘം ബോർഡ് ചെയർമാൻ ശ്രീ.ടികെ.ജോസ് ഐഎഎസ്, ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. എം, തോമസ് മാത്യു എന്നിവരുമായി ചർച്ചയിൽ*

കെനിയ നാളികേര വികസന അതോറിറ്റിയിൽ നിന്നുള്ള പ്രതിനിധി സംഘം ഇക്കഴിഞ്ഞ ഫെബ്രുവരി 22-ാം തീയതി നാളികേര വികസന ബോർഡ് സന്ദർശിച്ചു. കെനിയ നാളികേര വികസന അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഡോ. ഫ്രാൻസിസ് കെ. ഫോങ്ങോ; മാനൈഷ ചിഡ്ഡുഗ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പ്രൊ. വി.കെ. ദാമോദരൻ, എനർജി കൺസൾട്ടൻറ് ഓൺ ഇൻ്റർനാഷണൽ മിഷൻസ്; ശ്രീ. കൃഷ്ണ പി. ലാൽ, ഡയറക്ടർ, യുഎൻഐഡിഒ സെൻ്റർ ഫോർ സൗത്ത്-സൗത്ത് ഇൻഡസ്ട്രിയൽ കോ-ഓപ്പറേഷൻ എന്നിവരും സംഘത്തോടൊപ്പമുണ്ടായിരുന്നു. പ്രതിനിധി സംഘം ബോർഡ് ചെയർമാൻ ശ്രീ. ടി.കെ.ജോസ് ഐഎഎസ്, ബോർഡിലെ മുതിർന്ന ഉദ്യാഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി.

# ബോർഡ് വനിതകൾക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ

നാളികേരത്തിൽ നിന്ന് ഭക്ഷ്യോൽ പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാളികേര വികസന ബോർഡ് ആലുവയിൽ വാഴക്കുളത്തുള്ള ബോർഡിന്റെ സാങ്കേതിക വിദ്യ വികസനകേന്ദ്രത്തിൽ വനിതാ സംരംഭകർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സംരംഭകത്വവികസനം, നേതൃത്വഗുണങ്ങൾ, വിപണന തന്ത്രങ്ങൾ എന്നിവ സംബന്ധിച്ച ക്ലാസ്സുകളും പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പരിശീലനാർത്ഥികളെ ഭക്ഷ്യ- സംസ്ക്കരണ വ്യവസായങ്ങളിൽ അവലംബിക്കുന്ന ഗുണമേന്മ നിയന്ത്രണ പ്രക്രീയകളും ഗുണമേന്മ പരിപാലന പദ്ധതികളും പരിചയപ്പെടുത്തുന്നു. നാളികേര അധിഷ്ഠിത ഭക്ഷ്യോൽപന്നങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് അനുയോജ്യമായ വിവിധതരം പാക്കേജിംഗ് രീതികളെ സംബന്ധിച്ച് അറിവ് നൽകുകയും ചെയ്യുന്നുണ്ട്.

### പരിശീലന പരിപാടികൾ മൂന്ന് വിഭാഗത്തിൽപ്പെടുന്നു

(1) നാല് ദിവസം കാലയളവുള്ള പ്രദർശന - പരിശീലന പരിപാടി

*ഉൽപന്നങ്ങൾ:* നാളികേര ചിപ്സ്, നാളികേര കുക്കീസ്, ലെമണേഡ്, തീയൽ മിക്സ്, തേങ്ങാപ്പാൽ ടോഫി, കോക്കനട്ട് കാൻഡി, കോക്കനട്ട് ചോക്ലേറ്റ്, കോക്കനട്ട് പിക്കിൾ, സ്നോബോൾ ഇളനീർ

(2) ഏകദിന പരിശീലന പരിപാടി (പ്രദർശനം മാത്രം)

*ഉൽപന്നങ്ങൾ:* നാളികേര ചിപ്സ്, നാളികേര കുക്കീസ്, ലെമണേഡ്, കോക്കനട്ട് കാൻഡി.

(3) ദ്വിദിന പരിശീലന പരിപാടി (സാങ്കേതിക കൈമാറ്റവും പരിശീലനവും)

*ഉൽപന്നം:* നാളികേര വിനാഗിരി

നാല് ദിവസത്തെ പരിശീലന പരിപാടിക്ക് ഒരാൾക്ക് 450 രൂപയും ഏകദിനപരിപാടിക്ക് 125 രൂപയും ദ്വിദിന പരിപാടിക്ക് ഒരാൾക്കോ ഒരു യൂണിറ്റിനോ (പരമാവധി 3 വ്യക്തികൾ) 1000 രൂപയുമാണ് ഫീസ്.

# കമ്പോളാവലോകനം

## 2012 ഫെബ്രുവരി

- നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിപണി നിലയിൽ കഴിഞ്ഞമാസത്തേതിൽ നിന്ന് വ്യത്യാസമൊന്നുമുണ്ടായില്ല.
- മാസാവസാനം ഉണ്ടായ നേരിയ വർദ്ധന ഒഴിച്ച് വിലയിൽ തുടരെ ഇടിവുണ്ടായി. കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വില താങ്ങുവിലയേക്കാൾ കുറഞ്ഞതിനാൽ സർക്കാർ ഏജൻസികൾ സംഭരണ നടപടികൾ ആരംഭിച്ചു.

### വെളിച്ചെണ്ണ

രാജ്യത്തെ പ്രമുഖ വിപണനകേന്ദ്രങ്ങളിൽ വെളിച്ചെണ്ണയുടെ വില ഇടിഞ്ഞു. കോഴിക്കോട് വിപണിയിൽ വെളിച്ചെണ്ണയുടെ ഓരോ ആഴ്ചയിലേയും ശരാശരി വിലകൾ തുടരെ ഇടിഞ്ഞപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ആദ്യ മൂന്നു ആഴ്ചകളിൽ വില കുറയുകയും അവസാന ആഴ്ച നേരിയ തോതിൽ വർദ്ധിക്കുകയും ചെയ്തു.

വെളിച്ചെണ്ണയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 6594 രൂപയായിരുന്നു. ആലപ്പുഴയിലും കോഴിക്കോടും വെളിച്ചെണ്ണയുടെ ശരാശരി മാസ വിലകൾ യഥാക്രമം ക്വിന്റലിന് 6609 രൂപയും 6778 രൂപയുമായിരുന്നു. കോഴിക്കോട് വിപണിയിലാണ് ഫെബ്രുവരിയിലെ ഏറ്റവും ഉയർന്ന വില രേഖപ്പെടുത്തിയത്. മൂന്ന് വിപണികളിലേയും വിലകളിൽ കഴിഞ്ഞ മാസത്തെ വിലകളെ അപേക്ഷിച്ച് 10-12 ശതമാനം ഇടിവ് രേഖപ്പെടുത്തി.

റിഫൈൻ ചെയ്ത പാമോയിലിന്റെ ഇറക്കുമതിയിൽ ഈ മാസം കുതിച്ചുചാട്ടമുണ്ടായി. വെളിച്ചെണ്ണ വിലകളെ ഇത് സ്വാധീനിക്കുമെന്ന് കരുതുന്നു.

കേരളത്തിൽ വിളവെടുപ്പ് ഏറ്റവും വർദ്ധിച്ചിരിക്കുന്ന സമയമാണ്. തമിഴ് നാട്ടിലും വിളവെടുപ്പ് ആരംഭിച്ചിരിക്കുന്നു. പ്രമുഖ ആഘോഷങ്ങളെല്ലാം കഴിഞ്ഞതിനാൽ കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും ഡിമാന്റും കുറവായിരുന്നു. വേനൽക്കാല മാസങ്ങളിലെ വെയിലുള്ള കാലാവസ്ഥയിൽ കൊപ്ര നിർമ്മാണവും വെളിച്ചെണ്ണ ഉത്പാദനവും വർദ്ധിക്കാം. ഉൽപന്നങ്ങളുടെ വിർദ്ധിച്ച വരവ് വിലകളെ സ്വാധീനിക്കാവുന്നതാണ്.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 4442 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 4469 രൂപയായിരുന്നു. ആലപ്പുഴയിലേയും കൊച്ചിയിലേയും വിലകളിൽ കഴിഞ്ഞ മാസത്തെ ശരാശരി മാസ വിലകളെ അപേക്ഷിച്ച് 12 ശതമാനം കുറവുണ്ടായി. ആഫീസ് പാസ് കൊപ്രയുടെ ശരാശരി മാസവില കോഴിക്കോട് വിപണിയിൽ 5065 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം അധികമായിരുന്നു.

തമിഴ് നാട്ടിൽ ടാൻഫെഡ് കൊപ്ര സംഭരണം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ ഏജൻസികൾ സംഭരണം ഉടൻ തുടങ്ങുന്നതാണ്. താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കുന്നതോടെ കൊപ്ര വിലയിൽ പുരോഗതി ഉണ്ടാകുമെന്നും കേരകർഷകർക്ക് ഇത് ആശ്വാസ മേകുമെന്നും പ്രതീക്ഷിക്കുന്നു. ആട്ടുകൊപ്രയുടെ താങ്ങ് വില ക്വിന്റലിന് 5100 രൂപയാണ്.

ആട്ടുകൊപ്രയുടെ ശരാശരി വില ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിൽ ക്വിന്റലിന് കഴിഞ്ഞ മാസത്തെ വിലയായ 4308 രൂപയിൽ നിന്ന് 4000 രൂപയായി കുറഞ്ഞു.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 6848 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ 2.5 ശതമാനം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി മാസവില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 6072 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി മാസ വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 5848 രൂപയും ബാംഗ്ലൂരിൽ 5850 രൂപയും അരസിക്കരയിൽ 5761 രൂപയുമായിരുന്നു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് ഈ വിലകളിൽ 9 ശതമാനം കുറവുണ്ടായി.

ഭക്ഷ്യയോഗ്യമായ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5350 രൂപയാണ്.

### കൊട്ടത്തേങ്ങ

കോഴിക്കോട് വിപണിയിൽ കൊട്ടത്തേങ്ങയുടെ ശരാശരി മാസവില ആയിരത്തിന് 5688 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 11.42 ശതമാനം കുറവായിരുന്നു.

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി മാസവില ആയിരത്തിന് 7000 രൂപയായിരുന്നു; അത് കഴിഞ്ഞമാസത്തേക്കാൾ 5 ശതമാനം കുറവായിരുന്നു.

അരസിക്കര നിയന്ത്രിതവിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി മാസവില 6197 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 7.34 ശതമാനം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി മാസ വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 6913 രൂപയായിരുന്നത് കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് 1.66 ശതമാനം അധികമായിരുന്നു.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി മാസവില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 10313 രൂപയയായിരുന്നു; അത് കഴിഞ്ഞ മാസത്തെക്കാൾ 2.63 ശതമാനം കുറവായിരുന്നു.

കേന്ദ്ര സർക്കാർ പൊതിച്ച നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില കിലോഗ്രാമിന് 14 രൂപയായിരുന്നു

### ഇളനീർ

ഇളനീരിന്റെ വില കൊച്ചി വിപണിയിൽ ഒന്നിന് 20 രൂപയ്ക്കും 25 രൂപയ്ക്കും ഇടയ്ക്കായിരുന്നു.

### അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി മാസവില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1418 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ ഇത് നാമമാത്രവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 36 ശതമാനവും കുറവായിരുന്നു. കൊപ്രയുടെ ശരാശരി മാസവില മെട്രിക് ടണ്ണിന് 935 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 31 ശതമാനവും കുറവായിരുന്നു. വെളിച്ചെണ്ണയുടെ ആഭ്യന്തരവില കൊച്ചി വിപണിയിൽ മെട്രിക് ടണ്ണിന് 1440 അമേരിക്കൻ ഡോളറായിരുന്നു; ഇത് അന്താരാഷ്ട്ര വിലയേക്കാൾ നാമമാത്രം അധികമായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1400 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1380 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്രവിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 1055 അമേരിക്കൻ ഡോളറും 1340 അമേരിക്കൻ ഡോളറും 915 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2012 ഫെബ്രുവരി 1 മുതൽ 29വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| | വെളിച്ചെണ്ണ (രൂ./കി.) | | | ആട്ടു കൊപ്ര (രൂ./കി.) | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./കി.) | ഉണ്ടക്കൊപ്ര (രൂ./കി.) | | | | കൊട്ട ത്തേങ്ങ (രൂ./1000) | നാളി കേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തീയതി | കൊച്ചി | ആല പ്പുഴ | കോഴി ക്കോട് | കൊച്ചി (എഫ്എക്യു) | ആല പ്പുഴ (രാശി കൊപ്ര) | കോഴി ക്കോട് | അംബാ ജിപ്പേട്ട | കോഴി ക്കോട് (രാജ്പൂർ) | കോഴി ക്കോട് | തിപ് ത്തൂർ | ബാംഗ്ലൂർ | അരസി ക്കര | കോഴി ക്കോട് | നെടു മങ്ങാട് | അര സിക്കര | ബാംഗ്ലൂർ | മംഗലാ പുരം (ഗ്രേഡ് 1) |
| 4/2/12 | 6838 | 6900 | 7063 | 4625 | 4675 | 4644 | 4000 | 6306 | 5988 | 5710 | 5900 | 5650 | 5425 | 7000 | 6250 | 7000 | 10500 |
| 11/2/12 | 6688 | 6700 | 6850 | 4494 | 4525 | 4531 | 4000 | 6638 | 5950 | 6075 | 5900 | 5903 | 6050 | 7000 | 6663 | 7000 | 10600 |
| 18/2/12 | 6375 | 6413 | 6613 | 4275 | 4325 | 4275 | 4000 | 6775 | 6100 | 5817 | 5900 | 5750 | 5800 | 7000 | 6000 | 7000 | 10650 |
| 25/2/12 | 6475 | 6425 | 6588 | 4375 | 4350 | 4390 | 4000 | 6875 | 6250 | 5789 | 5700 | 5700 | 5475 | 7000 | 5875 | 6650 | 9500 |
| **ശരാശരി** | **6594** | **6609** | **6778** | **4442** | **4469** | **4460** | **4000** | **6648** | **6072** | **5848** | **5850** | **5751** | **5688** | **7000** | **6197** | **6913** | **10313** |

*അവലംബം:*

*കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2*

*കോഴിക്കോട് : മാതൃഭൂമി*

*ആലപ്പുഴ : മലയാള മനോരമ*

*അരസിക്കര : എ പി എം സി, അരസിക്കര*

** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.